# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി*

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 9 ലക്കം - 9 ചിങ്ങം - 1192 സെപ്റ്റംബർ 2016





എറണാകുളം കരയോഗത്തിൻെറ 2016 ലെ ചാരിറ്റി ഡെ കൊച്ചി കപ്പൽശാല ചെയർമാൻ, മാനേജിങ്ങ് ഡയറക്ടർ മധു എസ് നായർ ഉദ്ഘാടനം നിർവ്വഹിക്കുന്നു. കരയോഗം പ്രസിഡൻറ് കെ.പി.കെ മേനോൻ, കുഫോസ് കൊച്ചി വൈസ് ചാൻസലർ ഡോ.എ.രാമചന്ദ്രൻ, പി ടി. തോമസ് എം എൽ എ, കെഎംഐ മേത്തർ, പി.രാമചന്ദ്രൻ (വേണു) സിഎ.കെ.ടി.മോഹനൻ എന്നിവർ സമീപം.



കുഫോസ് കൊച്ചി വൈസ് ചാൻസലറായി അധികാരമേറ്റ ഡോ.എ.രാമചന്ദ്രനെ കരയോഗം പ്രസിഡൻറ് കെ.പി.കെ. മേനോൻ പൊന്നാട അണിയിക്കുന്നു.



കെൽസ, എ.സി.പി.എം. എന്നിവയുടെ സഹകരണത്തോടെ എറണാകുളം കരയോഗത്തിൻെറ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'ജനകീയ പരാതി പരിഹാര അദാലത്ത്' ജസ്റ്റിസ് തോട്ടത്തിൽ ബി.രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.




കൊച്ചി കാൻസർ സെൻറർ ആരംഭിക്കുന്നതിനുള്ള കാലതാമവസവും എറണാകുളം ഗവ.മെഡിക്കൽ കോളേജിൻെറ വികസനവും എന്ന വിഷയത്തിൽ എറണാകുളം കരയോഗവും, ജസ്റ്റിസ് കൃഷ്ണയ്യർ മൂവ്മെൻറും സംയുക്തമായി ടിഡിഎം ഹാളിൽ സംഘടിപ്പിച്ച പൊതുചർച്ചയിൽ നിന്ന്...

എഡിറ്റോറിയൽ

# ദേവസ്വം ബോർഡുകൾ ആർക്കുവേണ്ടി?

കേരളത്തിലെ ക്ഷേത്രങ്ങളുടെ ഭരണം ഏല്പിച്ചിരിക്കുന്നത് സർക്കാർ നിയന്ത്രണത്തിലുള്ള ദേവസ്വം ബോർഡുകളെയാണല്ലോ? പ്രാദേശികമായി വിഭജിച്ച്, ഭരണം കയ്യാളുന്ന ഈ സ്ഥാപനങ്ങൾ എന്തിനുവേണ്ടി നിലക്കൊള്ളുന്നു., എന്താണതിന്റെയൊക്കെ ഉദ്ദേശലക്ഷ്യങ്ങൾ എന്നത് വ്യക്തമാക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. കാരണം ക്ഷേത്രാരാധനയെന്നുള്ളത് ഹിന്ദുവിന്റെ ജന്മസിദ്ധവും ഭരണഘടനാദത്തവുമായ അവകാശമാണ്. ക്ഷേത്രത്തിൽ എന്തെല്ലാം പൂജകൾ നടത്തണമെന്നും, അതിന് വേണ്ടുന്ന ചിലവ് ദ്രവ്യമായി വേണോ, പണമായി വേണമോ നൽകേണ്ടത് എന്നുള്ളത് ഭക്തൻ അവന്റെ വിശ്വാസവും, ആഗ്രഹവും, ആവശ്യവും, കഴിവും അനുസരിച്ച് ചെയ്യേണ്ടതാണ്. അത് അവൽപൊതി ആയാലും, ചീരയിലത്തുണ്ടായാലും, താമരപ്പൂവായാലും, സ്വർണ്ണകുംഭമായാലും നിറഞ്ഞ ഭക്തിയോടെ ഭഗവാന് സമർപ്പിക്കുമ്പോൾ ഭക്തന് ലഭിക്കുന്ന ഉൾപുളകം, സന്തോഷം അതെത്രയെന്ന് ദേവസ്വം ബോർഡിന് അളക്കാൻ കഴിയുമോ? വിശ്വാസികൾ ഭക്തിപുരസ്സരം നടത്തുന്ന വഴിപാടുകളുടെ നിരക്കുകൾ അകാരണമായി, യാതൊരു തത്വദീക്ഷയുമില്ലാതെ വർദ്ധിപ്പിച്ചതിന്റെ പിന്നിലെ ഗൂഢോദ്ദേശം ഹൈന്ദവീയതയേയും, ക്ഷേത്രസംസ്കാരത്തേയും ഉന്മൂലനം ചെയ്ത് പകരം പലതും സ്ഥാപിക്കാനും പ്രചരിപ്പിക്കാനുമുള്ള ഗൂഢതന്ത്രാവിഷ്കൃതമായ ധൃതരാഷ്ട്രാലിംഗനമല്ലേയെന്ന് സംശയിച്ചാൽ തെറ്റ് പറയാൻ കഴിയില്ലല്ലോ? ക്ഷേത്രങ്ങളിൽ ഭക്തർക്കുവേണ്ട സഹായങ്ങളും സൗകര്യങ്ങളും ഒരുക്കേണ്ട ദേവസ്വം ബോർഡ് അക്കാര്യത്തിൽ തികഞ്ഞ പരാജയമാണെന്നുള്ള വസ്തുത അവർപോലും നിഷേധിക്കുമെന്ന് തോന്നുന്നില്ല. നിരക്കുകൾ വർദ്ധിപ്പിച്ചതുകൊണ്ട്, എന്ത് അധിക സൗകര്യങ്ങളും

# ഉള്ളടക്കം

വാല്യം 9 | ലക്കം 9 | സെപ്റ്റംബർ 2016


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| ജനറൽ സെക്രട്ടറിയുടെ പംക്തി | 5 |
| കവിത (സമ്മാനം) | 6 |
| വാസ്തു | 7 |
| ബാലലോകം | 8 |
| രാഗപരിചയം | 10 |
| സംസ്കൃതദിനം ചില ഓർമ്മപ്പെടുത്തലുകൾ | 11 |
| കവിത (ദേവികാരുണ്യം) | 13 |
| ഇവിടെ കാറ്റിനു സുഗന്ധം | 14 |
| സെപ്റ്റംബർമാസ പരിപാടികൾ | 19 |
| ഭാരതത്തിലെ ഋഷികവികൾ | 20 |
| അന്നദാനപ്രഭുവായ വൈക്കത്തപ്പൻ | 23 |
| ദൗത്യം | 26 |
| നവരാത്രി പൂജ | 29 |
| നവരാത്രി പരിപാടികൾ | 32 |
| ഇടിമന്നൽ | 42 |
| കവിത (സ്ത്രീത്വത്തിന്റെ രോദനം) | 44 |
| വൈദ്യശാസ്ത്രത്തിലെ ശാസ്ത്രീയത) | 45 |
| യൂറിക് ആസിഡ് | 48 |
| ഉത്തമവിദ്യാഭ്യാസം | 51 |
| ക്ഷേത്രങ്ങളും ക്ഷേത്രാചാരങ്ങളും | 55 |
| ചൈത്രം | 57 |
| കവിത (ആൽത്തറവട്ടം) | 58 |
| മാസഫലം | 59 |
| മാട്രിമോണിയൽ | (60-66) |


## പത്രാധിപസമിതി


**കെ.പി. കൃഷ്ണമേനോൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

**എ. മുരളീധരൻ**

**കെ. പ്രസന്നകുമാർ**

സേവനങ്ങളുമാണ് ദേവസ്വം ബോർഡ് ഭക്തർക്ക് നല്കാൻ പോകുന്നത്? താല്കാലിക വരുമാനവർദ്ധന വിനുവേണ്ടി നടപ്പാക്കുന്ന ദീർഘവീക്ഷണമില്ലാത്ത, നിരക്കു വർദ്ധനയുൾപ്പടെയുള്ള ഇമ്മാതിരി ഉത്തര വുകൾ ആളുകളെ ക്ഷേത്രങ്ങളിൽ നിന്നും അകറ്റു വാനല്ലേ ഉപയുക്തമാവുകയുള്ളു. അതാണോ ദേവസ്വം ബോർഡ് ചെയ്യേണ്ടത്? വിശ്വാസത്തെ ചൂഷണം ചെയ്ത് കച്ചവടവല്ക്കരിക്കുന്നത് എങ്ങനെ നീതികരിക്കാനാകും? ചില ക്ഷേത്രങ്ങളിൽ വരുമാ നത്തിന് ടാർഗറ്റ് വെച്ചിട്ടുണ്ടെന്നാണ് അറിവ്. പിരിവു കുറഞ്ഞാൽ സ്ഥലം മാറ്റപ്പെടും എന്ന ഭയത്താൽ പാവം ജീവനക്കാർ മനസ്സില്ലാ മനസ്സോടെയാണെങ്കിലും ഭക്തരെ എത്രത്തോളം പിഴിയാമോ അത്രയ്ക്ക് പിഴിഞ്ഞുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ സർക്കാ രിന്റെ അവസാനകാലത്ത്, ആ മതേ തരവാദികൾ, അനന്തിരവൻമാരെ നശിപ്പിക്കാൻ ആപ്പ് അടിപ്പിച്ച അമ്മാവനെപോലെ, ചെയ്തു വെച്ച ഈ അനീതി പുതിയ സർക്കാർ മാറ്റി പഴയ നിരക്കുകൾ പുനസ്ഥാപിക്കും എന്ന് ജനം കരുതിയിരുന്നു. എന്നാൽ അതുണ്ടായില്ല. ബഹു. മുഖ്യമന്ത്രി ഇക്കാ ര്യത്തിൽ ഇടപെടണമെന്നും , ദേവസ്വം ബോർഡിനെ ക്കൊണ്ട് അവർ നടപ്പാക്കിയ അന്യായമായ വഴിപാട് നിരക്കു വർദ്ധന പിൻവലിപ്പിച്ച് പഴയനിരക്കുകൾ പുനസ്ഥാപിപ്പിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ഒപ്പം ക്ഷേത്ര വരുമാനം ക്ഷേത്രാവശ്യങ്ങൾക്ക് മാത്രമായി നിജപ്പെടുത്തുകയും വേണം. മിക്ക ക്ഷേത്രങ്ങളിലും ഭകതർക്കുവേണ്ട സൗകര്യങ്ങൾ ഒരുക്കുന്നതും, ഉത്സവം നടത്തുന്നതും എല്ലാം ക്ഷേത്രക്ഷേമ സമിതികളാണ്. പഴയകാലത്തെ ജന്മിത്വഭരണം പോലെ അധികാരം നടപ്പാക്കാനായി എന്തിനൊരു ദേവസ്വം ബോർഡ്? രാജ്യഭരണം ജനായത്ത രിതിയിലൂടെ ആവാമെങ്കിൽ പിന്നെ ക്ഷേത്രഭരണം എന്തുകൊണ്ട് അങ്ങനെ ആയിക്കൂടാ? ക്ഷേത്രാരാധകർ അതത് ക്ഷേത്രങ്ങളിൽ അവരുടെ പ്രതിനിധികളെ തിരഞ്ഞെടുക്കുകയും അങ്ങനെ തിരഞ്ഞെടുക്കപ്പെടുന്നവർ നിശ്ചിത കാലയളവി ലേയ്ക്ക് ക്ഷേത്രഭരണം നടത്തുകയും ചെയ്യട്ടെ. അതല്ലെ ഉത്തമം. അതോ ഹിന്ദുവിന്റെ മാത്രം ആരാധനാ സ്വാതന്ത്ര്യം സർക്കാർ നിയന്ത്രണത്തിലാ യിരിക്കണമെന്ന് നിർബന്ധമുണ്ടോ. ഒന്നുകിൽ ആരാധനാ നിയന്ത്രണം ക്ഷേത്രങ്ങളിലേതുപോലെ എല്ലാ മതസ്ഥർക്കും ഏർപ്പെടുത്തുക. അല്ലെങ്കിൽ ഹിന്ദു ആരാധനാലയങ്ങളിലെ സർക്കാർ നിയന്ത്രണം (ദേവസ്വം ബോർഡ് ഭരണം) എടുത്തു മാറ്റി ഭക്തരെ ഭരണം ഏല്പിക്കുക.

വായനക്കാർക്ക് കരയോഗസൗഹൃദത്തിന്റെ
ഓണാശംസകൾ.

## എറണാകുളം കരയോഗം
## ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2016 ഓഗസ്റ്റ് മാസത്തിൽ സംഭാവന നൽകിയവർ

| | |
|---|---|
| 1. ശ്രീമതി. ടി. ശാന്തകുമാരി അമ്മ, മാടയ്ക്കാപ്പിള്ളീൽ ഹൗസ്, കൊച്ചി 682016 | 10,000 |
| 2. ശ്രീമതി. പി. ശ്യാമള ഗോപിനാഥ്, പി. മുരളി, ഉഷ.ഇ, രാധാകൃഷ്ണൻ. ഇ, വിജയൻ, മുല്ലോത്ത് ഹൗസ് കൊച്ചി 682016 | 10,000 |
| 3. ഡോ.കെ. ഗംഗാദേവി, ലക്ഷ്മി ഭവൻ, മുട്ടത്തിൽ ലെയ്ൻ, കൊച്ചി 682020 | 5,000 |
| 4. ശ്രീ. ശശിധരൻ പിള്ള, 32 /900 എ, കാർത്തിക, കലവത്ത് റോഡ്, പാലാരിവട്ടം, കൊച്ചി 682025 | 5,000 |
| 5, ശ്രീ. രാജൻ മേനോൻ, നെടുംപിള്ളിൽ ഗൗരി വിലാസ്, കോടനാട് പി.ഒ, പെരുമ്പാവൂർ, എറണാകുളം 683544 | 5,000 |
| 6. ശ്രീ. എസ്. രാമചന്ദ്രൻ, ഫ്ളാറ്റ് നമ്പർ 3 സി, എൻ. ജെ. കെ രത്നാലയം, ഛു. എസ്. ആർ. വി. ചിറ്റൂർ റോഡ്, എറണാകുളം 682011 | 5000 |

**എറണാകുളം ജനറൽ ഹോസ്പിറ്റലിലെ ക്യാൻസർ വാർഡിലെ രോഗികൾക്ക് അന്നദാനത്തിനായി സംഭാവന നല്കിയവർ**

| | |
|---|---|
| 1. ശ്രീ. സുരേഷ് രാമചന്ദ്രൻ, ഉത്തര ബിൽഡിംഗ്സ്, 39 /644, കാരയ്ക്കാട് റോഡ്, എറണാകുളം 682016 | 18946 |

# ജനറൽ സെക്രട്ടറിയുടെ പംക്തി

**എല്ലാവർക്കും ഓണാശംസകൾ.** മലയാളി ലോകത്തിൻെറ മുൻപിൽ അഭിമാനത്തോടെ തങ്ങളുടെ തനിമയും സംസ്ക്കാരവും പാരമ്പര്യവും കാഴ്ചവയ്ക്കുന്ന ദേശീയ ഉത്സവമാണ് തിരുവോണം. മഹാബലിയുടെയും അദ്ദേഹം നാടുവാണ സമ്പൽ സമൃദ്ധവും സമത്വസുന്ദരവുമായ ദേശത്തെ സംബന്ധിച്ച് ഐതിഹ്യങ്ങൾ എത്ര? ദേശവ്യത്യാസമനുസരിച്ച് ആകുകയാൽ വ്യത്യസ്ത വീക്ഷണങ്ങൾ കണ്ടേക്കാം. എങ്കിലും ഒരു കാലത്തിൻെറ മധുര സ്മരണകളും മാതൃകാപരമായ മഹാബലി ചക്രവർത്തിയുടെ ഭരണനൈപുണ്യവും പ്രജകളോടുള്ള സമീപനവും എന്നും തലമുറകൾക്ക് ഊർജ്ജം നൽകുന്നു.

'മാവേലി നാടു വാണിടും കാലം

മാനുഷരെല്ലാരുമൊന്നു പോലെ' എന്ന പാട്ടു തന്നെ മാനവരെ ഒന്നായി കണ്ടുകൊണ്ട് തുല്യനീതി ഉറപ്പാക്കുന്ന ഭരണം ഭാരതത്തിൽ ഉണ്ടായിരുന്നു എന്നതിൻെറ സൂചനയാണ്. ഇന്നത്തെ ഭരണകർത്താക്കൾ പ്രജകൾക്ക് സമരം ചെയ്യാൻ നൽകുന്ന സ്വാതന്ത്ര്യവും സാംസ്ക്കാരിക പൈതൃകങ്ങളോടും ഭാരതീയ ഹൈന്ദവ സംസ്ക്കാരത്തോടുള്ള അവജ്ഞയും ശ്രദ്ധിയ്ക്കപ്പെടേണ്ടതാണ്. അതോടൊപ്പം വേദികളിൽ വിളക്കു കത്തിക്കുന്നതും പൂക്കളമിടുന്നതും ഓണാഘോഷവുമെല്ലാം ഒരു മതത്തിൻെറയാക്കി മാറ്റിയെന്നാണ് അവരുടെ പ്രഭാഷണങ്ങളും ശരീരഭാഷയും വ്യക്തമാക്കുന്നത്. മതേതരത്തെ മുറുകെപിടിച്ച്, ജനങ്ങളെ മതത്തിൻെറയും ജാതിയുടെയും ഭക്ഷണത്തിൻെറയും തീവ്രവാദത്തിൻെറയും പേരിൽ വേർതിരിച്ച് നിർത്തുകയും ചെയ്യുന്ന പൊറാട്ട നാടകം, തെരഞ്ഞെടുപ്പുകാലം ഇവരെ വോട്ടുബാങ്കാക്കി വിപ്ലവ പാർട്ടികളും ഗാന്ധിപാർട്ടികളും ഒരേപോലെ നടത്തുന്ന നാടകങ്ങളാണിതെന്ന് ജനം ഇപ്പോൾ തിരിച്ചറിഞ്ഞു തുടങ്ങി.

മതസൗഹാർദ്ദം സ്വന്തം മതത്തിലും ജാതിയിലും നിന്നു കൊണ്ടു തന്നെ ഇതര മത ജാതി വിഭാഗങ്ങളുടെ ആരാധനയും ജീവിത വിശ്വാസങ്ങളും മുറിവേല്പിക്കാതെ സമഭാവനയോടെയും വീക്ഷണത്തോടെയും സഹോദരഭാവത്തോടെയും കാണുക എന്നതാണ്. മറ്റുള്ളവരുടെ വിശ്വാസങ്ങളിലും ആരാധനാരീതികളിലും കൈകടത്തുന്നത് ബാലിശമെന്നെ വിശേഷിപ്പിക്കാനാവൂ. പുരോഗമന പ്രസ്ഥാനങ്ങളുടെ ലേബലിൽ ബുദ്ധിജീവിയായി സ്വയം വിശേഷിപ്പിക്കുന്നവർ നടത്തുന്ന ഇത്തരം ജല്പനങ്ങൾ വരും തലമുറയ്ക്കും കൂടി അപകടം ഉണ്ടാക്കി വയ്ക്കുകയേ ഉള്ളൂ. ഇത് അവരെ കൂടുതലായി തീവ്രമായ ജാതി മത ചിന്തകളിലേക്ക് എത്തിക്കും. അത് നമ്മുടെ സംസ്ക്കാരവും പാരമ്പര്യവും തകർക്കാനേ ഉപകരിക്കൂ.

'ആമോദത്തോടെ വസിക്കും കാലം
ആപത്തെങ്ങാർക്കുമൊട്ടില്ല താനും
കള്ളവുമില്ല ചതിയുമില്ല.
എള്ളോളമില്ല പൊളിവചനം'

എന്ന മഹാബലി നാടുവാണ കാലഘട്ടത്തെ കുറിച്ചുള്ള നാടൻപാട്ട് ഭാരതത്തിനും നമ്മുടെ സംസ്ക്കാരത്തിനും പാരമ്പര്യത്തിനും പോറലേൽക്കാത്ത കള്ളവും ചതിയും അഴിമതിയുമില്ലാത്ത സമത്വസുന്ദരമായ ലോകം ഉണ്ടാകാൻ പ്രചോദനമുണ്ടാകട്ടെ എന്ന പ്രാർത്ഥനയോടെ എല്ലാവർക്കും ഒരിക്കൽകൂടി ഓണാശംസകൾ.

**<u>നവരാത്രി ആഘോഷ മത്സരങ്ങൾ മൂന്നേറുന്നു.</u>**

എറണാകുളം കരയോഗത്തിൻെറ നവരാത്രി ആഘോഷങ്ങളുടെ ഭാഗമായി വിവിധ വിഭാഗങ്ങളിലെ മത്സരങ്ങൾ നടന്നു വരുന്നു. 76 ഇനങ്ങളിലായി 1300 പ്രതിഭകൾ മാറ്റുരയ്ക്കുന്നു. ഒക്ടോബർ 2ന് വൈകുന്നേരം 6.00 ന് ആരംഭിക്കുന്ന നവരാത്രി ആഘോഷ പരിപാടികൾ 11 ന് സമാപിക്കും. കാര്യപരിപാടിയുടെ വിശദമായ റിപ്പോർട്ട് ഈ ലക്കത്തിൽ ഉണ്ട്.

കെൽസയുടെയും, എസിപിഎമ്മിൻെറയും സഹകരണത്തോടെ എറണാകുളം കരയോഗത്തിൻെറ ആഭിമുഖ്യത്തിൽ തദ്ദേശ സ്വയം ഭരണ പഞ്ചായത്ത് തലങ്ങളിലെ പരാതി പരിഹരിക്കുന്നതിനുള്ള അദാലത്ത് ബഹു. ജഡ്ജി തോട്ടത്തിൽ ബി.രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. അന്നേ ദിവസം 65 പരാതികൾ പരിഹരിച്ചു. അതുപോലെ 30 ന് വനിതാകമ്മീഷൻെറ സഹകരണത്തോടെ ടിഡിഎം ഹാളിൽ നടന്ന അദാലത്ത് കരയോഗം പ്രസിഡൻറ് കെ.പി.കെ.മേനോൻ ഉദ്ഘാടനം ചെയ്തു. ലഭിച്ച 130 പരാതികളിൽ 61 എണ്ണത്തിന്

തീർപ്പുണ്ടായി.

**കരയോഗാംഗങ്ങളുടെ പ്രത്യേക ശ്രദ്ധയ്ക്ക്**

ആഗസ്റ്റ് 16 മുതൽ എറണാകുളം കരയോഗത്തിൽ ആജീവനാംഗത്വമെടുക്കുന്നതിനുള്ള ഭൂപരിധി കൊച്ചിൻ കോർപ്പറേഷൻ അതിർത്തിക്കുള്ളിലായി വികസിപ്പിച്ചിട്ടുണ്ട്. കരയോഗം നിയമാവലിക്ക് വിധേയമായി അസോസ്സിയേറ്റ് അംഗത്വത്തിനുള്ള ഭൂപരിധി കൊച്ചിൻ കോർപ്പറേഷനു പുറത്തും എറണാകുളം ജില്ലയ്ക്ക് അകത്തുമായി നിശ്ചയിച്ചിട്ടുണ്ട്. അംഗത്വ ഫീസും, മറ്റു വിവരങ്ങൾക്കായി കരയോഗം ഓഫീസിൽ നേരിട്ടു ബന്ധപ്പെടണം.

എറണാകുളം കരയോഗത്തിൽ കാലാകാലങ്ങളായി വിവിധ എൻഡോവ്മെൻറുകൾ നൽകിയിട്ടുള്ളവരും അവരുടെ കുടുംബാംഗങ്ങളും വളരെ വർഷങ്ങൾക്ക് മുൻപ് കരയോഗത്തെ ഏൽപ്പിച്ചിട്ടുള്ള തുകയുടെ പലിശകൊണ്ട് സമ്മാനമോ, പാരിതോഷികമോ നൽകുവാൻ കഴിയുകയില്ലെന്നറിയാമല്ലോ. അതിനാൽ നിങ്ങളുടെയോ കുടുംബാംഗങ്ങളുടെയോ പേരിലുള്ള എൻഡോവ്മെൻറ് തുകകൾ കാലാനുസൃതമായി വർദ്ധിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എറണാകുളം കരയോഗം കഥകളി ക്ലബ്ബിൻെറ പ്രതിമാസ പരിപാടി സെപ്റ്റംബർ 27 ന് വ്യാഴാഴ്ച വൈകുന്നേരം 6.15 ന് 'സീതാസ്വയംവരം' കഥകളി ടിഡിഎം ഹാൾ ഗംഗയിൽ അവതരിപ്പിക്കും.

എറണാകുളം കരയോഗവും ബീമും സംയുക്തമായി സെപ്റ്റംബർ 29 ന് വൈകുന്നേരം 6.30 ന് 'ചരിത്രപുസ്തകത്തിലേക്കൊരേട്' എന്ന നാടകം ടിഡിഎം ഹാൾ ഗംഗയിൽ നടത്തും.

കരയോഗത്തിൻെറ പ്രവർത്തനങ്ങളിൽ തുടർന്നും അംഗങ്ങളുടെ സഹകരണം പ്രതീക്ഷിക്കുന്നു.

ജനറൽ സെക്രട്ടറി

കവിത

# സമ്മാനം

**നന്ദിനി മനോഹരൻ**

ശ്രാവണമാസമിങ്ങാഗതമായ്
ആവണിപ്പൂക്കളൊരുങ്ങുകയായ്
തൊടിയും വയലും കുളവും കരകളും
തിറമോടെ വർണ്ണപ്രഭ വിടർത്തി
മുക്കുറ്റി, തുമ്പപ്പൂ ചെന്താമരയും
മന്ദാരം, ചെമ്പകം, ചെമ്പരത്തി
ചെത്തിയും ചേമന്തി ബന്തിപ്പൂവും
ചിറ്റാട ചാർത്തി ഒരുങ്ങിനിന്നു
മന്നിതിൽ വന്നിടും മാവേലി മന്നനിൽ
നിന്നൊരു സമ്മാനം വാങ്ങീടുവാൻ
മുന്നിൽ നിരക്കുവാൻ തിക്കും തിരക്കുമായ്
മന്നിതിൽ താലം പിടിച്ചു നിന്നു
പൂവിളി പൊങ്ങി, വരുന്നൂ മഹാബലി
പൂവായപൂവെല്ലാം നോക്കി നിന്നു
ചിങ്ങമണിത്തേരിൽ വന്നിറങ്ങി
ചിത്തിരപ്പൂക്കളേ നോക്കി ഭൂപൻ
അഞ്ചുന്നവർണ്ണ പ്രഭവിതറി
ചന്തത്തിൽ നിന്നൂ പൂക്കളെല്ലാം
ഓരത്തു നിന്നെത്തി നോക്കുന്നൊരു
ഓമനപ്പൂവിനെ കണ്ടു മന്നൻ
വിശ്വവും വിണ്ണും അടിയളന്ന
വിശ്വനായകൻ തൻതൃക്കാലടി
ചിത്തത്തിൽ മോദാൽ തെളിഞ്ഞു വന്നൂ
ചിത്രമണിത്തേരിൽ നിന്നിറങ്ങി
തൃക്കരം നീട്ടി പറിച്ചെടുത്തു
തൃക്കാൽ വടിവാർന്ന കൊച്ചു തുമ്പ
ആദരവോടെ തൻ ശിരസ്സിൽ
ആമോദത്തോടെ ചാർത്തി രാജൻ
വിശ്വവിമോഹന വാമനമൂർത്തിതൻ
വിശ്രുതപാദം ചാർത്തി നിൽക്കും
തുമ്പപ്പൂ തന്നെ പൂക്കളിൽ ശ്രേഷ്ഠൻ
തമ്പുരാൻ തൻ വിധി പ്രഖ്യാപിച്ചു. •

വാസ്തു

**പി. ആർ.**

# കന്നിമൂലയെ കുറിച്ചാണ് പ്രതിപാദിക്കുന്നത്

എട്ട് ദിക്കുകളിലും ഏറ്റവും ശക്തിയേറിയ ദിക്കായാണ് കന്നിമൂലയെ വാസ്തു ശാസ്ത്രത്തിൽ കണക്കാക്കുന്നത്. മറ്റ് ഏഴ് ദിക്കുകൾക്കും ദേവൻമാരെ നിശ്ചയിച്ച വാസ്തു ശാസ്ത്രം എന്തുകൊണ്ടാകും കന്നിമൂലയ്ക്ക് മാത്രം ഒരസുരനെ അധിപനായി നിശ്ചയിച്ചത്.? അതുകൊണ്ടു തന്നെ മറ്റ് ദിക്കുകളിൽ നിന്ന് കന്നിമൂലയ്ക്ക് പ്രാധാന്യം വർദ്ധിക്കുന്നു. കന്നിമൂല ഉയർന്നാലും, താഴ്ന്നാലും ഗുണമായാലും ദോഷമായാലും ഫലം വളരെ പെട്ടെന്ന് അനുഭവയോഗ്യമാകും.

അതുകൊണ്ട് തന്നെ ഈ ദിക്ക് താഴ്ന്നു കിടക്കുന്നതും,മലിനമായിരിക്കുന്നതും നല്ലതല്ല എന്ന് അറിഞ്ഞിരിക്കുക. കുളമോ, കിണറോ, അഴുക്കുചാലുകളോ, കക്കൂസ് ടാങ്കുകളോ, മറ്റ് കുഴികളോ ഒന്നും തന്നെ ഈ ദിക്കിൽ വരാൻ പാടില്ല. പ്രത്യേകിച്ച് കന്നിമൂലയിൽ ശൗചാലയം പണിയരുത് എന്നു തന്നെയാണ് ശാസ്ത്രം പറയുന്നത്. ഇതിന് കാരണം ഭൂമിയുടെ പ്രദക്ഷിണ വീഥി അനുസരിച്ചു തെക്കു പടിഞ്ഞാറേ മൂലയിൽ നിന്നു വടക്കു കിഴക്കേ മൂലയിലേക്കാണ് (ഈശാനുകോൺ) ഊർജ്ജത്തിന്റെ പ്രവാഹം ഉണ്ടാകുന്നത്. കന്നിമൂലയിലെ ശൗചാലയം ഈ ഊർജ്ജത്തെ മലിനമാക്കും എന്നുള്ളതുകൊണ്ട് തന്നെയാണ് വാസ്തു ശാസ്ത്രം ഈ ദിക്കിന് ഇത്രയേറെ പ്രാധാന്യം കൽപ്പിച്ചിട്ടുള്ളത് എന്ന കാര്യത്തിൽ രണ്ടഭിപ്രായമുണ്ടാകേണ്ടതില്ല.

കന്നിമൂലയ്ക്ക് നേരത്തെ പറഞ്ഞ പോലെ മലീമസമായാൽ ഉണ്ടാകുന്ന കുഴപ്പങ്ങൾ എന്തൊക്കെയാണ് എന്ന് പരിശോധിക്കാം. ഗൃഹത്തിൽ വസിക്കുന്നവരുടെ മാന്യത, ധനം, ഉയർച്ച എന്നിവയ്ക്കു ദോഷമുണ്ടാക്കുകയും, മദ്യം, മയക്കു മരുന്ന്, ലഹരി പദാർത്ഥങ്ങൾക്ക് അടിമപ്പെടുകയും, ഭാര്യാഭർത്താക്കൻമാർ തമ്മിൽ കലഹം മൂത്ത് കുടുംബത്തകർച്ചയുണ്ടാകുകയും, കർമ്മ മേഖല ക്രമേണ നശിക്കുകയും ചെയ്യും എന്ന കാര്യത്തിൽ സംശയമില്ല. വളരെ പ്രധാനപ്പെട്ട ദോഷം ആ വീട്ടിലെ സന്താനങ്ങൾക്ക് ഗതിയില്ലാതെ വരിക എന്നതാണ്. കുട്ടികൾ എത്ര വിദ്യാഭ്യാസം ഉണ്ടായാലും, തൊഴിൽ ലഭിക്കാതിരിക്കുക, വഴിതെറ്റുക എന്നിവയാണ്.

ഈ പ്രപഞ്ചത്തിലെ ഗുണപരമായ രണ്ട് ഊർജ്ജങ്ങളിൽ ഒന്ന് കിഴക്കു നിന്നും തുടങ്ങി പടിഞ്ഞാറ് ദിക്കിൽ അവസാനിക്കുന്നു. മറ്റൊന്ന് വടക്കു നിന്നും തുടങ്ങി തെക്ക് ദിക്കിൽ അവസാനിക്കുന്നു. അങ്ങിനെ വരുമ്പോൾ രണ്ടു ഊർജ്ജങ്ങളുടേയും സന്ധി പടിഞ്ഞാറും തെക്കും ആകുന്നു. ഈ രണ്ടു ദിക്കിന്റെയും മൂലയാണ് കന്നിമൂല. ഇതിൽ നിന്നും കന്നിമൂലയുടെ പ്രാധാന്യവും പ്രത്യേകതയും ദോഷവശങ്ങളും മനസ്സിലായിക്കാണുമല്ലോ? ഇനി നമുക്ക് വിരാട് പുരുഷനായ വാസ്തുപുരുഷന്റെ ശയനസ്ഥിതി എങ്ങിനെ എന്ന് മനസ്സിലാക്കാൻ ശ്രമിക്കാം.

വാസ്തു പുരുഷൻ വടക്കു കിഴക്ക് തലയും (മീനം) തെക്ക് പടിഞ്ഞാറ് കാലുമായാണ് (കന്നി) ശയിക്കുന്നത്. അതുകൊണ്ടു തന്നെ കന്നിമൂലയ്ക്കുണ്ടാകുന്ന ദോഷങ്ങൾ വീട്ടിലുള്ളവർക്ക് കാലുവേദന വാതസംബന്ധമായ അസുഖങ്ങളും മറ്റ് ദുരിതങ്ങളും സമ്മാനിക്കുന്നു.

ഗൃഹനിർമ്മാണം ആരംഭിക്കുന്നത് തന്നെ കന്നിമൂലയിൽ നിന്നും ആണ്. വിധിപ്രകാരം ആദ്യം കുറ്റി അടിക്കേണ്ടതും, ശില പാകേണ്ടതും കന്നിരാശിയിൽ ആവണം എന്നും പറയപ്പെടുന്നു. ഇക്കാര്യത്തിൽ ചില അഭിപ്രായഭിന്നതകൾ ഉണ്ട്. ബ്രഹ്മപദത്തിന്റെ കന്നിയിൽ കുറ്റിവയ്ക്കാം എന്ന് വാസ്തു ശാസ്ത്രഗ്രന്ഥത്തിൽ കാണുന്നുണ്ട്. അതായിരിക്കാം കന്നിയിലെ കുറ്റിയടി പ്രാധാന്യമർഹിക്കുന്നത്. എന്തു തന്നെയായാലും യാതൊരു കാരണവശാലും വീടുകളിൽ കന്നിരാശിയിൽ കിണർ കുഴിക്കാൻ പാടില്ല. കന്നിമൂല തുറന്നു കിടക്കരുത്. അതിർത്തിയിൽ മതിൽ കെട്ടി സംരക്ഷിക്കണം. സന്താനങ്ങളുടെ രക്ഷയോർത്തെങ്കിലും കന്നി രാശി സംരക്ഷിച്ച് ജീവിതയാത്ര പ്രപഞ്ചതാളത്തിലാക്കി ആയുരാരോഗ്യ സൗഖ്യത്തോടെ സ്വസ്ഥമായ ഒരു കുടുംബജീവിതത്തിന് അടിത്തറ പാകുന്നതാകട്ടെ നമ്മുടെ ഗൃഹാരംഭ പ്രവർത്തനങ്ങൾ. ഇനി അഥവാ ഇരിക്കുന്ന ഭൂമി ധാന്യവിധി(ഭാഗ്യവിധി) അല്ല എങ്കിൽപോലും അറിവുള്ള ഒരു വാസ്തു വിദഗ്ദ്ധന്റെ സഹായത്താൽ ഭൂമിയിൽ ധാന്യവിഥി ലക്ഷണങ്ങൾ സൃഷ്ടിച്ച് ധാന്യവീഥിയിൽ ഗൃഹം നിർമ്മിച്ച് വസിക്കുന്നതിന്റെ ഗുണഫലങ്ങൾ നേടി എടുക്കാവുന്നതാണ് എന്നും അറിയുക. ●

# ബാല ലോകം



ലക്ഷ്മിദേവി നായർ

പ്രിയപ്പെട്ട കൂട്ടുകാരെ,

ചിങ്ങമാസം പുലരുകയായി. കൂട്ടുകാരുടെ മനസ്സിലും ആഹ്ലാദം തിരതല്ലുന്നുണ്ടാവും അല്ലെ ?

ഓണക്കാലത്തെ അവധി ദിവസങ്ങൾ എങ്ങിനെ ചെലവഴിക്കാം എന്നു കൂട്ടുകാർ ചിന്തിച്ചു തുടങ്ങിയോ? വിപുലമായ ഒരുക്കങ്ങൾ അച്ഛനമ്മമാരും തുടങ്ങിയിരിക്കുമല്ലോ ?

പഴയകാലത്തെ ഓണമോർമ്മകളിലേക്ക് പോകുമ്പോൾ കൂട്ടുകാർക്കതെല്ലാം നഷ്ടപ്പെടുമല്ലോ എന്ന വിഷമമുണ്ട്. എങ്കിലും പുതിയകാലത്തെ നൂതനമായ അനുഭവങ്ങൾ കൂട്ടുകാർക്ക് ഉണ്ടല്ലോ എന്നോർക്കുമ്പോൾ ആശ്വാസം ഉണ്ട്.

മുൻകാലങ്ങളിൽ സ്കൂളിൽ നിന്നു വൈകുന്നേരം മടങ്ങിയെത്തിയാൽ ഒരു പൂവട്ടിയും കഴുത്തിലിട്ട് കൂട്ടുകാരോടൊപ്പം കുന്നിൻചെരുവുകളിലും പറമ്പുകളിലും പോയി പൂക്കൾ ശേഖരിച്ചിരുന്നു. പൂവട്ടി നിറയെ പൂക്കളുമായി വീട്ടിൽ തിരിച്ചെത്തുന്നതിൽ പരം സന്തോഷം മറ്റൊന്നില്ലായിരുന്നു.

നേരം വെളുക്കുമ്പോൾ ചാണകം മെഴുകിയ മുറ്റത്ത് സഹോദരീസഹോദരൻമാരും കുടുംബാംഗങ്ങളും ഒത്ത് പൂക്കളമൊരുക്കുമ്പോഴത്തെ സന്തോഷം ഒന്നു വേറെതന്നെയാണ്. അത്തം തുടങ്ങി പത്തു ദിവസം ഓരോ കുട്ടികളുടെയും ഇഷ്ടാനുസരണം പൂക്കളിടാം. ഇന്ന് കൂടുതലും പ്ലാസ്റ്റിക് പൂക്കളല്ലേ? നിങ്ങളാരും പ്ലാസ്റ്റിക് പൂക്കളമിടരുത്. ശരിയായ പൂക്കളും ഇലകളും ശേഖരിച്ച് പൂക്കളമിടുക. അത് സാധ്യമല്ലെങ്കിൽ കടയിൽ നിന്നും ശരിയായ പൂക്കൾ വാങ്ങി തനിമയുള്ള പൂക്കളമിടുക, ആചാരാനുഷ്ഠാനങ്ങളനുസരിച്ച്.

എന്തായാലും ഓണത്തിന്റെ അന്തരിക്ഷം സന്തോഷത്തിന്റെയും സൗഹൃദത്തിന്റെയുമാണ്. ഓണപൂക്കൾ, ഓണക്കളികൾ, ഓണക്കോടി, ഓണസ്സദ്യ, ഓണപ്പാട്ടുകൾ, ഓണനിലാവ്, ഓണത്തല്ല് എന്നുവേണ്ട എന്തെല്ലാമാണ് ഓണക്കാലത്ത് നമ്മുടെ നാട്ടിൽ അരങ്ങേറുന്നത് അല്ലെ ?

എല്ലാം കൂട്ടുകാർ ആസ്വദിക്കണം കേട്ടോ.

മാവേലിമന്നന്റെ ഓർമ്മ പുതുക്കുന്ന ഓണക്കാലം ആസ്വദിക്കുമ്പോൾ മറ്റു കൂട്ടുകാരേയും നമുക്ക് ഓർക്കേണ്ടതുണ്ട്. അനാഥാലയത്തിലെ കുട്ടികൾ, തെരുവിലെ ബാല്യങ്ങൾ എന്നിവർ അച്ഛനമ്മമാരോടൊപ്പം, നിർധനരായ കുട്ടികൾ താമസിക്കുന്ന അനാഥാലയങ്ങളിലെ കുട്ടികളെയും കൂട്ടി ഈ അവധിക്കാലത്ത് ഏതെങ്കിലും ഒരു ദിവസം ചിലവഴിക്കാൻ അമാന്തിക്കരുത് കേട്ടോ. എന്തെങ്കിലും സാധനങ്ങൾ അവർക്കു കൊടുത്തു നോക്കൂ. അവരേക്കാൾ സന്തോഷം അനുഭവിക്കുന്നത് കൂട്ടുകാരായിരിക്കും.

ഇനി സമത്വത്തിന്റെ സുഖാനുഭവങ്ങളുമായി ചില ഓണപ്പാട്ടുകൾ കേട്ടോളൂ. പഠിക്കുകയും വേണം കേട്ടോ.

അമ്മാവൻ വന്നീല പത്തായം തുറന്നീല
എന്തെന്റെ മാവേലി ഓണം വന്നു?
അമ്മായി വന്നില്ല നെല്ലൊട്ടും വച്ചില്ല
എന്തെന്റെ മാവേലി ഓണം വന്നു?

കേരളക്കരയാകെ ആസ്വദിക്കുന്ന മറ്റൊരു പാട്ട് കേട്ടോളൂ.

മഞ്ഞപ്പൂവേ പൂത്തിരുളേ
നാളേക്കൊരു കൊട്ട പൂതരുമോ
എന്നോടപ്പൂ ചോദിക്കേണ്ട
കാക്കപ്പൂവോടു ചോദിക്കൂ.

ഓണത്തിന്റെ വരവിനെ എതിരേല്ക്കുന്ന മറ്റൊരു ഗാനം.

ചന്തത്തിൽ മുറ്റം ചെത്തിപ്പറിച്ചീല
എന്തെന്റെ മാവേലി ഓണം വന്നൂ
ചന്തക്കു പോയില്ല നേന്ത്രക്ക വാങ്ങീല
എന്തെന്റെ മാവേലി ഓണം വന്നൂ
അച്ഛനും വന്നീല ആടകൾ തന്നീല
എന്തെന്റെ മാവേലി ഓണം വന്നൂ.
നെല്ലു പുഴുങ്ങീല തെല്ലുമുണങ്ങീല
എന്തെന്റെ മാവേലി ഓണം വന്നൂ

**അർത്ഥമറിയാമോ ?**

1. തദനു (2) കപടയതി (3) അഘം (4) കർദ്ദമം (5) ഛാഗം (6) മകരാലയം

ഉത്തരം (1) അനന്തരം (2) കള്ള സന്യാസി (3) പാപം (4) ചളി , അഴുക്ക്, പാപം, മാംസം (5) ആട് (6) സമുദ്രം

**നിങ്ങൾക്കറിയാമോ ?**

1. ദശരഥമഹാരാജാവിന്റെ വംശം
2. ശ്രീരാമന്റെ വില്ല്
3. കിഷ്കിന്ധയിലെ രാജാവ്
4. ശ്രീരാമസദസ്സിൽ രാമായണകഥ പാടിയതാര്?
5. ഹനുമാന്റെ അച്ഛൻ

1. സൂര്യവംശം (2) കോദണ്ഡം (3) ബാലി (4) ലവനും കുശനും (5) വായു. ●



അനഘ കുറുപ്പ്
VI -C
ഭവൻസ് വിദ്യാമന്ദിർ, ഗിരിനഗർ

# അഭിനന്ദനങ്ങൾ



കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിന്നും മെറൈൻ സയൻസിൽ ഡോക്ടറേറ്റ് നേടിയ കരയോഗാംഗമായ ശ്രീ. എൻ.എസ്. പരമേശ്വരന്റെ മകൻ **അഭിലാഷ് പി. കൈലാസ്**.

ശ്രീ. അഭിലാഷിന് എറണാകുളം കരയോഗത്തിന്റെ ആത്മാർത്ഥമായ അഭിനന്ദനങ്ങൾ.


## ചൈത്രം

- മാനസിക സംഘർഷമനുഭവിക്കുന്നവർ
- ഏകാന്തതയനുഭവിക്കുന്നവർ
- ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
- നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ നേരിട്ടും ഫോണിലും ബന്ധപ്പെടാം;

0484 2361161

ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

**ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ**

രാഗപരിചയം

# കാനഡ



ഡോ. ജയലക്ഷ്മി നന്ദകുമാർ

22-ാ മത്തെ മേളകർത്താ രാഗമായ ഖരഹരപ്രിയയുടെ ജന്യരാഗമാണ് കാനഡ. കർണ്ണാടക സംഗീതത്തിൽ അധിഷ്ഠിതമായ രാഗമാണിത്.

ആരോഹണം : സ രി ഗ മ ധ നി സ

അവരോഹണം : സ നി പ മ പ ഗാ മ രി സ

സ്വരസ്ഥാനങ്ങൾ : ഷഡ്ജം, ചതു : ശ്രുതി രിഷഭം, സാധാരണ ഗാന്ധാരം, ശുദ്ധമദ്ധ്യമം, പഞ്ചമം, ചതു : ശ്രുതി ധൈവതം, കൈശികി നിഷാദം.

ആരോഹണത്തിൽ പഞ്ചമം ഒഴിവാക്കി ക്രമമായ സ്വരങ്ങളോടു കൂടിയും അവരോഹണത്തിൽ ധൈവതം ഇല്ലാതെ വക്രമായും വരുന്നു. മൂന്നു സ്ഥായികളിലും സഞ്ചാരമുള്ള ത്രിസ്ഥായി രാഗമാണിത്. ഏതു സമയത്ത് ആലപിച്ചാലും ശോഭിക്കുന്ന സർവ്വകാലിക രാഗം. കരുണഭാവം പ്രതിഫലിപ്പിക്കുന്ന രാഗം കൂടിയാണിത്. രാഗാലാപനം, മനോധർമ്മസ്വരം എന്നിവയ്ക്ക് സാദ്ധ്യത ഉള്ള രാഗമാണിത്. രാഗമാലിക, പല്ലവി എന്നിവ ആലപിക്കുവാൻ യോജിച്ച രാഗമാണ് കാനഡ.

ഹിന്ദുസ്ഥാനി രാഗമായ ദർബാരി കാനഡ സ്വരങ്ങളിൽ ഉള്ള വ്യതിയാനം കൊണ്ട് കാനഡയിൽ നിന്നും അല്പം വ്യത്യസ്തമാകുന്നു. ആന്ദോളിത ഗമകം (ഊഞ്ഞാലാടുന്നതു പോലുള്ള ഗമകം ) ഗാന്ധാരത്തിൽ വരുന്നത് കാനഡ രാഗത്തിന്റെ സവിശേഷതയാണ് (മപഗാ). വളരെ ശ്രദ്ധയോടെ ഗമകങ്ങൾ ഉപയോഗിച്ച് ആലപിക്കേണ്ട രാഗമാണ് കാനഡ.

## ഈ രാഗത്തിലുള്ള കൃതികൾ

| | | | |
|---|---|---|---|
| 1. | നെര നമ്മിതി നൈയ്യ (വർണ്ണം) | അടതാളം | രാമനാട് ശ്രീനിവാസ അയ്യങ്കാർ |
| 2. | സുഖിയവ്വരോ | ആദി | ത്യാഗരാജസ്വാമി |
| 3. | മാമവ സദാ ജനനീ | രൂപകം | സ്വാതി തിരുനാൾ |
| 4. | അലൈപായുതേ | ആദി | ഊത്തുക്കാട് വെങ്കടസുബ്ബയ്യർ |
| 5. | പരാമുഖ | ആദി | ജി. എൻ . ബാലസുബ്രഹ്മണ്യം |

## ചലച്ചിത്രഗാനങ്ങൾ

| | | |
|---|---|---|
| 1. | കൂത്തമ്പലത്തിൽ വെച്ചോ | അപ്പു |
| 2. | നാദരൂപിണി ശങ്കരി | ഹിസ് ഹൈനസ് അബ്ദുള്ള |
| 3. | ആറാട്ടു കടവിങ്കൽ | വെങ്കലം |
| 4. | അല്ലിമലർകാവിൽ | മിഥുനം |
| 5. | പനിനീരുമായ് | വിഷ്ണു |
| 6. | മണിമുറ്റത്താവണി പന്തൽ | ഡ്രീംസ് |
| 7. | നീയൊരു പുഴയായ് | തിളക്കം |
| 8. | ത്രിപുരസുന്ദരി | ജഗദ് ഗുരു ആദിശങ്കരൻ |
| 9. | പൂമാലൈ വാങ്കി വന്തേൻ | സിന്ധുഭൈരവി • |

**പലതും പറഞ്ഞ് പകൽ കളയുന്ന നാവുതവ**
**തിരു നാമകീർത്തനമതതിനായ് വരേണമിഹ**
**കലിയായ കാലമിതിലതുകൊണ്ടു മോക്ഷ ഗതി**
**എളുതെന്നു കേൾപ്പൂ ഹരിനാരായണായ നമഃ**

***ഹരിനാമ കീർത്തനം- തുഞ്ചത്ത് എഴുത്തച്ഛൻ***

# സംസ്കൃതദിനം ചില ഓർമ്മപ്പെടുത്തലുകൾ



ഡോ. ജ്യോത്സന. ജി

**ചില സാങ്കേതിക കാരണങ്ങളാൽ ഈ ലേഖനം സംസ്കൃത ദിനമായ ആഗസ്റ്റ് 18 ന് പ്രസിദ്ധീകരിക്കുവാൻ സാധിച്ചില്ല. എങ്കിലും സംസ്കൃത മഹാത്മ്യം വായനക്കാരിലെത്തിക്കുന്നതിന് വേണ്ടി അത് ഈ ലക്കം പ്രസിദ്ധീകരിക്കുന്നു.** ***എന്ന്, എഡിറ്റർ***

ആഗസ്റ്റ് 18 ഈ വർഷത്തെ ശ്രാവണപൂർണിമ. ഈ ദിവസമാണ് ലോകമെമ്പാടും സംസ്കൃതദിനമായി കൊണ്ടാടുന്നത്. എല്ലാ ദിനങ്ങളുടെയും കൂട്ടത്തിൽ ഒരു ദിനം എന്ന നിലയിൽ ഈ ദിവസത്തെ കാണാൻ ഭാരതീയർക്ക് സാധിക്കില്ല. കാരണം,സംസ്കൃതഭാഷ ഭാരതീയരെ സംബന്ധിച്ച് കേവലം ഒരു ഭാഷ മാത്രമല്ല, ഒരു വികാരമാണ്. ഒരു ചോദനയാണ്. വാല്മീകി, വ്യാസൻ തുടങ്ങിയ ഇതിഹാസകാരൻമാർ മുതൽ പി.സി. ദേവസ്യ, കെ. എൻ. എഴുത്തച്ഛൻ തുടങ്ങി അനേകം ആധുനിക കവി സഞ്ചയങ്ങളുടെ പ്രതിഭ വിളയാടിയ ഭാഷ..... ആര്യഭടൻ മുതൽ വടശ്ശേരി പരമേശ്വരൻ തുടങ്ങി അനേകം ഗണിത ശാസ്ത്രകാരൻമാരുടെ ഭാഷ, രസതന്ത്രം, ഭൗതികശാസ്ത്രം തുടങ്ങി അനേകം ശാസ്ത്രങ്ങളുടെ പ്രാചീന നിരീക്ഷണ പരീക്ഷണങ്ങൾ രേഖപ്പെടുത്തിയ ഭാഷ, ചുരുക്കിപ്പറഞ്ഞാൽ ആദ്ധ്യാത്മികവും ഭൗതികവുമായ എല്ലാം ശാസ്ത്രീയമായി അപഗ്രഥിച്ച ഭാരതീയ ഭാഷ...... അതാണ് സംസ്കൃതം. മഹത്തായ ഈ ഭാഷയ്ക്കുവേണ്ടി ജനിച്ചു ജീവിച്ചു മരിച്ച മഹാപ്രതിഭാശാലികൾ ഇന്നും സാഹിത്യനഭോമണ്ഡലത്തിൽ അദ്വിതീയരാണ്.

തത്വശാസ്ത്രത്തിന് സംസ്കൃതഭാഷയുടെ സംഭാവന പ്രാതഃസ്മരണീയമാണ്. മീമാംസ, ന്യായം, വ്യാകരണം, വേദാന്തം, ജ്യോതിഷം, ജ്യോതിശാസ്ത്രം, പുരാണം, ഇതിഹാസം എന്നിങ്ങനെ നിരവധി മേഖലകളിലൂടെ പുഷ്പിച്ച് പടർന്ന് പന്തലിച്ച് ഈ ഭാഷ ഇന്നും ചുരുക്കം ചിലയിടങ്ങളിലെങ്കിലും വ്യവഹാര ഭാഷയായി നിൽക്കുന്നു.

ഈ അടുത്ത കാലത്ത് ടി.വി.യിൽ പ്രത്യക്ഷപ്പെട്ട ബജാജ് ഡിസ്കവർ എന്ന ബൈക്കിന്റെ പരസ്യം നിങ്ങളുടെ ശ്രദ്ധ ആകർഷിച്ചു കാണും. ഒരു യാത്രികൻ ഇന്ത്യയെ കണ്ടെത്താനായി ബൈക്കിൽ സഞ്ചരിക്കുമ്പോൾ ഒരു ഗ്രാമീണനോട് വഴി ചോദിക്കുന്നു. അയാൾ പറയുന്ന മറുപടി ഇങ്ങനെ 'മാർഗ്ഗ ഃ അവരുദ്ധ, പ്രതിഗമ്യതാം' (മാർഗ്ഗം തടസ്സപ്പെട്ടിരിക്കുന്നു. തിരിച്ചു പോയാലും) ഇത് മനസ്സിലാകാത്ത യാത്രികൻ വീണ്ടും യാത്ര തുടർന്നപ്പോൾ മുന്നിൽ ഒരു മരം വീണു കിടക്കുന്നു. ഇവിടെ ഇരുന്നുകൊണ്ട് ഒരു ഗ്രാമീണൻ വീണ്ടും പറയുന്നു 'രാത്രൗ വൃക്ഷ ഃ പതിത മാർഗ്ഗ നാസ്തി, പ്രതിഗമ്യതാം' (രാത്രി മരം വീണു വഴി തടസ്സപ്പെട്ടു തിരിച്ചു പോയാലും ) ഈ പ്രത്യേകഭാഷ കേട്ടിട്ട് 'Discover India with Bajaj discover'എന്നു പരസ്യം അവസാനിക്കുകയും ചെയ്യുന്നു. ശ്രദ്ധിക്കപ്പെട്ട ഈ പരസ്യത്തിൽ പരസ്യചിത്രകാരന്റെ ഭാവന മാത്രമല്ല പ്രതിഫലിച്ചത് മറിച്ച് ഇന്നും ജീവിക്കുന്ന സംസ്കൃതം സംസാരിക്കുന്ന 'മാത്തൂർ' എന്ന ഗ്രാമമാണ്.

അതെ, ഭാരതീയരിൽ ചിലരെങ്കിലും 'മൃതഭാഷ' എന്നു പറഞ്ഞുകൊണ്ട് ആക്ഷേപിക്കുന്ന ഈ ഭാഷയുടെ ഇന്നും ജീവിക്കുന്ന നേർസാക്ഷ്യങ്ങളാണിവ.

സംസ്കൃത കവിയായ കാളിദാസനെക്കുറിച്ച് ചങ്ങമ്പുഴ പാടിയതിങ്ങനെ,

വിസ്മയമാകവേ, വിശ്വമഹാകവേ
വിഖ്യാതികൊണ്ടു ജയക്കൊടി നാട്ടി നീ
ആഗമിക്കുന്നു ഹാ ! നിൻകാൽക്കലിപ്പൊഴും
ലോകപ്രതിഭതൻ കൂപ്പുകൈമൊട്ടുകൾ
നിന്നുദയത്തിന്നുശേഷം ശതാബ്ദങ്ങളൊ
ന്നല്ലനേകം കൊഴിഞ്ഞുപോയെങ്കിലും
നിത്യസ്മൃതിയുടെ ചക്രവാളാന്തത്തിൽ
നിൽക്കുന്നു വാടാത്ത നക്ഷത്രമായി നീ.

വാടാത്ത നക്ഷത്രമായി കാളിദാസൻ എന്ന മഹാകവി നിൽക്കുന്നുവെങ്കിൽ അതിന്റെ കൂടെ സംസ്കൃതം എന്ന മഹത്തായ ഭാഷയുമുണ്ട്.

ഈ ഭാഷയുടെ അനന്തസാദ്ധ്യതകളെ, അർത്ഥ വൈചിത്രങ്ങളെ, പ്രയോഗചാരുതകളെ, വ്യാകരണ സവിശേഷതകളെ തന്റെ പ്രതിഭകൊണ്ടു മാറ്റുരച്ച മഹാനാണ് കാളിദാസൻ. അതുകൊണ്ടാണ് കാളിദാ സാദയ ഃ ദ്വിത്രാ ഃ പഞ്ചഷാ ഃ വാ കവയ ഃ എന്നൊക്കെ പിന്നീട് പറയപ്പെട്ടത്. വാല്മീകിക്കും വ്യാസനുമൊന്നും അധികം മുഖവുരയുടെ ആവശ്യമേയില്ല. ഭവഭൂതിയും ഭാസനുമെല്ലാം സംസ്കൃതഭാഷയെ സമ്പന്നമാക്കിയ നാടകരചയിതാക്കളാണ്. ഈ അടുത്തകാലത്ത് അന്തരിച്ച കാവാലം നാരായണപ്പണിക്കരുടെ നാടകവേദികളിലൂടെ ഇവയിൽ ചിലതെങ്കിലും കേരളീയർക്ക് സുപരിചിതമാണ്.

മനുഷ്യവർഗ്ഗത്തിന്റെ ദീർഘകാലമംഗളത്തിനും ശാന്തിക്കും സുഖത്തിനും ആവശ്യമായതെന്തെന്നറിഞ്ഞ് അതിനെ ഹൃദയാവർജ്ജകമായ ഭാഷയിൽ പ്രതിപാദിക്കുന്ന വരാണല്ലോ കവികൾ. അങ്ങിനെയെങ്കിൽ ശൃണ്വന്തു വിശ്വേ അമൃതസ്യ പുത്രാ ഃ (അമരത്വത്തിന്റെ സന്താനങ്ങളേ) എന്നു മനുഷ്യനെ സംബോധന ചെയ്ത വേറെ ഏതെങ്കിലും സാഹിത്യമുണ്ടോ? നമ്മുടെ വിവിധ പ്രസ്ഥാനങ്ങളുടെ ധ്യേയവാക്യങ്ങളെടുത്തു നോക്കൂ. ഇത്തരം ധ്യേയവാക്യങ്ങളെക്കുറിച്ച് ആലോചിച്ചവരെല്ലാം തന്നെ സംസ്കൃത ഗ്രന്ഥങ്ങളിലുള്ള മുത്തുകളാണ് ഇവിടെയെല്ലാം കോർത്തു വെച്ചത്. യോഗക്ഷേമം വഹാമ്യഹം, നിർമ്മായ കർമ്മണാശ്രീ, സത്യമേവ ജയതേ തുടങ്ങിയവയൊക്കെ സംസ്കൃതത്തിന്റെ സംഭാവനയാണ്.

തലമുറകളായി നമ്മൾ നേടിവെയ്ക്കുകയും സംപ്രേഷണം ചെയ്യുകയും ചെയ്യുന്ന സഞ്ചിതമായ അനുഭവമാണ് സംസ്കാരം. ചിന്തയും അനുഭവവും കൈമാറുന്നതിന് സംസ്കാരം സമസ്കരിച്ചെടുത്ത ഉപകരണമാണ് ഭാഷ. വിനിമയം ചെയ്യപ്പെടുന്ന ചിന്തയുടെ ആഴം എത്രയുണ്ടോ അത്രയും പുഷ്ടി അത് വിനിമയം ചെയ്യാനുള്ള ഉപകരണത്തിനുമുണ്ടായിരിക്കും. സാംസ്കാരിക വിനിമയത്തിനുള്ള ഉപകരണം എന്ന നിലയിൽ ലോകഭാഷകളുടെയിടയിൽ സംസ്കൃതത്തിന് സ്തുത്യർഹമായ ഒരു സ്ഥാനമുണ്ട്. അതിന് പ്രധാനമായി നാലു കാരണങ്ങളുണ്ട്. ഒന്നാമതായി ചരിത്രാതീതകാലം മുതൽ ചരിത്രത്തിന്റെ ഇടപെടലില്ലാതെ നമുക്കു കൈ വന്ന ഒരേയൊരു ഭാഷയാണത്. രണ്ടാമതായി ദേശീയവും അന്തർദേശിയവുമായ ഒരു വിസ്തൃത ഭാഷാ കുടുംബത്തിന്റെ അമ്മയായും പോഷണ കർത്രിയായും നിലകൊള്ളുന്ന ഭാഷയാണത്. മൂന്നാമതായി വ്യാകരണത്തോടൊപ്പം തന്നെ ഭാഷാശാസ്ത്രവും ഉൾക്കൊള്ളിച്ചുകൊണ്ട് ശാസ്ത്രീയമായ സ്വരസംബന്ധിയായ ഒരു അക്ഷരമാലയെ ആദികാലത്തു തന്നെ വികസിപ്പിച്ച ഭാഷയാണത്. നാലാമതായി, ആന്തരമായ ലോകത്തിന്റെയും ഐന്ദ്രിയമായ അനുഭവത്തിന്റെയും അപ്പുറത്തുള്ള മനുഷ്യന്റെ അഗാധതലങ്ങളെ പ്രതിപാദിക്കുന്ന ഉപനിഷത്പ്രതിപാദിതമായ അദ്ധ്യാത്മവിദ്യയുടെ മാതാവും വളർത്തുകേന്ദ്രവും സംസ്കൃതമാണ്. അതുമാത്രമല്ല ചില പ്രത്യേക പ്രദേശങ്ങൾക്കും പ്രത്യേകവിഭാഗത്തിനും അനുയോജ്യമായ വിധത്തിൽ രൂപപ്പെടുത്തുകയും വികസിപ്പിച്ചെടുക്കുകയും ചെയ്ത നമ്മുടെ മറ്റ് ഭാരതീയ ഭാഷകളിൽ നിന്ന് വ്യത്യസ്തമായ ഈ മഹത്തായ ഭാഷ ഭാരതീയജനതയെ ആകമാനം ലക്ഷ്യം വെച്ചുകൊണ്ടു രൂപപ്പെടുത്തിയതാണ്. അതുകൊണ്ടു തന്നെ 'നാനാത്വത്തിൽ ഏകത്വം' എന്ന ആശയം ഭാഷാവിഷയത്തിൽ അന്വർത്ഥമാകുന്നത് സംസ്കൃതഭാഷ ഉപയോഗിക്കുമ്പോഴാണ്.

ഇതിനെല്ലാറ്റിനുമപരി വിവിധ ഭാരതീയ ഭാഷകളിൽ ഉണ്ടായിട്ടുള്ള അനേകായിരം വിശിഷ്ടഗ്രന്ഥങ്ങളുടെ ഉത്പത്തിക്കു കാരണഭൂതമായത് സംസ്കൃത ഭാഷയാണ്. ഇതിഹാസപുരാണങ്ങളെ ആധാരമാക്കികൊണ്ട് വിവിധഭാരതീയ ഭാഷകളിൽ ഉണ്ടായിട്ടുള്ള കൃതികൾക്ക് കയ്യും കണക്കുമില്ല. മറ്റു ഭാഷകൾക്ക് പദസഞ്ചയം വാരിവതറി പുഷ്ടിപ്പെടുത്തിയതിനും സംസ്കൃതത്തെ അഭിനന്ദിച്ചേ മതിയാകൂ. മലയാളഭാഷയിൽ മണിപ്രവാള സാഹിത്യം എന്നു പിന്നീടറിയപ്പെട്ടുകൊണ്ട് മറ്റൊരു സ്ഥാനം കൊടുത്ത് മാറ്റിയത് സംസ്കൃതാതിപ്രസരം അതിലെ മലയാളപദസഞ്ചയങ്ങളെ കയ്യടക്കിയതുകൊണ്ടാവാം. മലയാളഭാഷാ പിതാവായ എഴുത്തച്ഛനെ ശ്രദ്ധിക്കൂ.

'സകല ശുകകുലവിമലതിലകിതകളേബരേ
സാരസ്യപീയുഷ സാര സർവ്വസ്വമേ
കഥയ മമ കഥയ മമ കഥകളതിസാദരം
കാകുൾസ്ഥലീലകൾ കേട്ടാൽ മതിവരാ'

ഇതിൽ ശുദ്ധമായ എത്ര മലയാളപദങ്ങളുണ്ട്? ഈയുള്ളവൾ ഒരിക്കലും മലയാളത്തെ തള്ളിപ്പറയുകയാണെന്ന് കരുതരുത്. മലയാള ഭാഷയെ സ്നേഹിക്കുകയും അങ്ങേയറ്റം ബഹു മാനിക്കുകയും ചെയ്യുന്നു. പക്ഷേ പറയാനുദ്ദേശിച്ചത് ഒന്നു മാത്രം. മലയാളത്തിന്റെ ഗരിമ, സൗന്ദര്യം, സൗകുമാര്യം ഇതെല്ലാം നൽകുന്നതിൽ സ്തുത്യർഹമായ ഒരു പങ്ക് സംസ്കൃതഭാഷ വഹിച്ചിട്ടുണ്ട് എന്നു പറയാതെ വയ്യ.

'സംസ്കൃതഭാഷതൻ സ്വാഭാവികൗജസ്സും
സാക്ഷാൽ തമിഴിന്റെ മാധുര്യവും
ഒത്തുചേർന്നുള്ളൊരു ഭാഷയാണെൻ ഭാഷ
മത്താടിക്കൊൾകഭിമാനമേ നീ'

എന്ന് വള്ളത്തോൾ പാടിയത് സംസ്കൃതത്തിന്റെ പ്രൗഢഗംഭീരമായ ഓജസ്സിൽ അഹങ്കരിച്ചുകൊണ്ടാണ്.

ഒരേ സമയം ശാസ്ത്രഭാഷയും സാഹിത്യഭാഷയും ആയ ഈ ഭാഷ ഭാരതീയരുടെ ജീവവായുവാണ്. ആയുർവേദം, വാസ്തുവിദ്യ, സംഗീതം, നൃത്തം,സാഹിത്യം,ശില്പശാസ്ത്രം തുടങ്ങി നിരവധി ജീവനകലകളുടെ ആധികാരികമായ വളർത്തുകേന്ദ്രം സംസ്കൃതമാണ്. വിദേശത്ത് സംസ്കൃത പഠനത്തിനായി നിരവധി സർവ്വകലാശാലകൾ ഉയർന്നുവരുമ്പോൾ പുതിയകാലത്ത് ഭാരതത്തിൽ ഇതിനെ കൂടുതലറിയാനുള്ള ശ്രമം അനിവാര്യമാണ്. ആത്മീയമായ ഹൃദയത്തിന്റെ വിശപ്പ് അനുഭവിക്കുന്നിടത്തോളം സംസ്കൃതത്തിന് മരണമില്ല. സംസ്കൃത മാധുര്യത്തിൽ പടർന്നു പന്തലിച്ച മലയാള ഭാഷയെയും മറ്റു ഇന്ത്യൻഭാഷകളേയും സ്നേഹിക്കുന്നവർക്ക്, മനുഷ്യന്റെ അനുഭൂതിയെ പോഷിപ്പിക്കുന്നതും ഉയർത്തുന്നതും മോഹിപ്പിക്കുന്നതുമായ എല്ലാറ്റിലേക്കുമുള്ള വാതായനമായ സംസ്കൃത ഭാഷയെ പ്രോത്സാഹിപ്പിക്കുവാനും പഠിക്കാനും അടുത്തറിയാനുമുള്ള ഒരു അവസരമാവട്ടെ ഈ സംസ്കൃത ദിനം •

---

കവിത

# ദേവി കാരുണ്യം

രാധാ ദാമോദരൻ



തൂമലർവാടിയിൽ പൂക്കളിറുത്തുകൊ
ണ്ടോമനയായൊരു തമ്പി
ദേവിക്ക് ചാർത്തുവാൻ, മാലകൊരുക്കുവാൻ
ആവുന്നതെല്ലാമൊരുക്കി.
മുല്ലയും തെച്ചിയും പിച്ചകപ്പൂക്കളും
മെല്ലവെ മാലയായ് മാറി.
പെട്ടെന്ന് തമ്പിതൻ കൺമുന്നിലായൊരു
മാമ്പഴം വന്നങ്ങ്, വീണു.
മാവില്ലാത്തോപ്പിലീമാമ്പഴമേതൊരു
മായാവി തന്നുടെ ജാലം ?
തിന്നോളൂ, തിന്നോളൂ എന്നൊരു മർമ്മരം
കന്യ തൻ കാതിൽ പതിച്ചു
കൈനീട്ടിയപ്പോളൊരു ഘോരരാക്ഷസി
കാക്ക തൻ രൂപമായ് വന്നു.
കൊത്തി വലിച്ചുകൊണ്ടോടി, കുമാരിക്ക
തെത്താത്ത ദൂരത്തിലായി
ആക്രോശമിട്ടു വരുത്തി, പിശാചിയാം
മറ്റൊരു കാക്കയെ വേഗം
ബാലിക നോക്കിത്തരിച്ചങ്ങിരിക്കവേ
മാമ്പഴം കാക്കകൾ തിന്നു.
ക്രാ, ക്രാ വിളിയാൽ ഭയപ്പെട്ട ബാലയെ
വട്ടമിട്ടാർത്തു പറന്നു.
ആസുര ജീവികളാർത്തു വിളിച്ചപ്പോൾ
ദേവിതൻ കൺകൾ ജ്വലിച്ചു
പാഷാണപൂരിതം മാമ്പഴം തിന്നൊരാ
കാക്കകൾ ചത്തു മലച്ചു.
ദിവ്യമാം ഹസ്തമദൃശ്യമായ് ചെന്നങ്ങു
തന്നുടെ ഭക്തയെ കാത്തു.

# ഇവിടെ കാറ്റിനു സുഗന്ധം



സുധാ അജിത്ത്

ഏറെ ഓടി തളർന്നു വീണ മനുഷ്യനെപ്പോലെ നിരത്തുവക്കിൽ സമയം നിശ്ചലമായി കിടന്നു. അടുത്ത കുതിപ്പിനുള്ള തയ്യാറെടുപ്പിനിടയിൽ വിശ്രാന്തിയുടെ ഒരിടവേള ചുവപ്പ്, മഞ്ഞ, പച്ച നിറങ്ങളിൽ മാറി മാറി തെളിയുന്ന സിഗ്നലിനു മുന്നിൽ വാഹനങ്ങളുടെ നീണ്ടനിര കാണാമായിരുന്നു. ഏറ്റവും പിന്നിലായി തന്റെ വാഹനം നിർത്തുമ്പോൾ ഇനി ഇന്ന് കോടതിയിൽ നേരത്തേ എത്തിചേരാമെന്നത് വെറുമൊരു വിദൂര സ്വപ്നമാണെന്ന് മാലതി മേനോനു മനസ്സിലായി. ഇന്ന് വളരെ പ്രധാനപ്പെട്ട ഒരു കേസിന്റെ വാദം കേൾക്കേണ്ടതുണ്ട്. വധശിക്ഷക്ക് വിധിക്കപ്പെടാൻ യോഗ്യതയുള്ള ഒരു പ്രതിയുടെ വാദമാണ് ഇന്ന് കേൾക്കേണ്ടിയിരുന്നത്. മനസാക്ഷിയെ മരവിപ്പിക്കുന്ന എത്രയെത്ര അനുഭവ സാക്ഷ്യങ്ങൾ!.... പലപ്പോഴും കോടതിമുറിയെ നിശ്ചലമാക്കുന്നവ!.... ഒരു സ്ത്രീയായതുകൊണ്ടുതന്നെ ഇത്തരം അനുഭവ ങ്ങൾ തനിക്ക് താങ്ങാവുന്നതിലും അപ്പുറമാണ്. എന്നിട്ടും തിരഞ്ഞെടുത്ത പ്രൊഫഷനിലുള്ള താല്പര്യം കാരണം അവയെല്ലാം തരണം ചെയ്ത് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നു. ഡിസ്ട്രിക്ട് ജഡ്ജ് മാലതി മേനോൻ ഇന്ന് പ്രശസ്തയായ ഒരു ന്യായാധിപയാണ്. ഇതിനിടയിൽ, പലപ്പോഴും പ്രതിഭാഗത്ത് നിന്ന് പല ഭീഷണികളും നേരിടേ ണ്ടിവന്നിട്ടുണ്ട്. എന്നാൽ അവയ്ക്കു മുന്നിൽ പതറാതെ നിൽക്കാൻ തനിക്കിന്നുവരെ കഴിഞ്ഞിട്ടുമുണ്ട്. 'മാതാജി, ഇധർദേഖോ, യഹ് ഖിലൗനാ ഖരീദിയേ....'

ഒരു മധുര ശബ്ദം കേട്ടാണ് മാലതി മേനോൻ ചിന്തയിൽ നിന്നും ഞെട്ടി ഉണർന്നത്. മുന്നിൽ നീട്ടിപിടിച്ച ഏതാനും കളിക്കോപ്പുകളു മായി നിറമുള്ള ശിരോവസ്ത്രം ധരിച്ച, നിറയെ മുത്തുമാലകൾ അണിഞ്ഞ ഒരു പെൺകുട്ടി. അവളുടെ കയ്യിൽ അവളെപ്പോലെ ഓമനത്തമുള്ള ഒരു ആൺകുഞ്ഞ്. വിഷാദമഗ്നമെങ്കിലും അവളുടെ ചിരിക്ക് ഒരു പ്രത്യേക ഭംഗിയുണ്ട്. ആരും നോക്കി യിരുന്നുപോകും മുൻപ് പലതവണ ഇതു പോലെയുള്ളവർ കാറിനടുത്തെത്തുമ്പോൾ താൻ നിസ്സംഗയായിരിക്കുകയാണ് പതിവ്. ഇത്തരം വിൽപനകൾ റോഡ്വക്കിൽ നിരോധിക്കപ്പെട്ടിട്ടുള്ളതാണ് വേണമെങ്കിൽ തനിക്ക വരെ അറസ്റ്റ് ചെയ്യിക്കാം. പക്ഷെ ഒരു സ്ത്രീ എന്ന നിലയിൽ കരുണയുടെ ഒരുറവ ഉള്ളിൽ തന്നെ പ്രവഹിക്കുന്നതിനാൽ താനവരെ വെറുതെ വിടുകയായിരുന്നു പതിവ്. പാവങ്ങൾ! ജീവിക്കാൻ വേണ്ടി കെട്ടുന്ന ഓരോ വേഷങ്ങൾ അങ്ങിനെ ചിന്തിക്കാനായിരുന്നു തനിക്കിഷ്ടം. ഇന്നിപ്പോൾ പ്രായത്തിന്റേതായ ഹൃദയ ദൗർബല്യങ്ങൾ കൂടിയിരിക്കുന്നു. പിന്നെ അകാലത്തിലെ ഭർത്താവിന്റെ വേർപാട് സൃഷ്ടിച്ച ഒറ്റപ്പെടലിന്റെ വേദനയും തന്റെ നിസ്സംഗത കണ്ടിട്ടാവാം അവൾ മലയാളത്തിലാക്കി അഭ്യർത്ഥന മാതാജി ഇതു ഞാൻ കൈകൊണ്ട് സ്വയം ഉണ്ടാക്കിയതാണ്. ഇതിന് 100 രൂപ തന്നാൽ മതി..... യാചന ആ കണ്ണുകളിലും സ്വരത്തിലും നിറഞ്ഞുനിന്നു അവൾ തന്റെ നേരെ നീട്ടിപിടിച്ച കൈകൊണ്ട് സൃഷ്ടിച്ചെടുത്ത ഒരു ചെറിയ വീടും പൂന്തോട്ടവും, ഊഞ്ഞാലിൽ ആടുന്ന നോർത്തിന്ത്യൻ ഛായയുള്ള പാവകുട്ടിയും അവരിലൽപ്പം കൗതുകമുണർത്തി. ഉയർന്ന കരകൗശലത്തിന്റെ ഉത്തമോദാഹരണമാണ് ആ കൗതുകവസ്തു. മെല്ലെ മെല്ലെ ആ കണ്ണുകൾ ആ കൗതുകവസ്തുവിൽ നിന്നും ഉയർന്ന് ആ പെൺകുട്ടിയുടെ നേരേ നീണ്ടുചെന്നു നിസ്സഹാ യതയും, ദൈന്യതയും കലർന്ന കണ്ണുനീർ ചാലുകൾ ഒഴുകിപ്പരന്ന, കൗമാരം കൈവിടാത്ത ആ പെൺകുട്ടി യുടെ നിഷ്കളങ്ക മുഖം അവരെ പിടിച്ചു നിർത്തി. അതിലേറെ നോർത്തിൻഡ്യൻ ഛായയുള്ള ആ പെൺകുട്ടി പറയുന്ന മലയാള വാക്കുകൾ അതവരിലൽപ്പം അത്ഭുതം ഉണർത്താതെയിരുന്നില്ല. ഏതോ ഒരു പ്രേരണയിൽ ആ കൗതുകവസ്തുവിനായി അവർ കൈനീട്ടി അപ്പോൾ പറഞ്ഞു 'നീ നല്ലതുപോലെ മലയാളം പറയുന്നുണ്ടല്ലോ'. തന്റെ വാക്കുകൾ കേട്ട് ദൈന്യത കലർന്ന അവളുടെ മുഖം പ്രസന്നതയാൽ വിടരുന്നത് അവർ കണ്ടു. പക്ഷെ കൂമ്പിവിടരുന്ന താമരമൊട്ടു പോലെ അല്പ നേരത്തേയ്ക്ക് വിരിഞ്ഞു നിന്ന ആ മുഖം വീണ്ടും ശോകമൂകമായി 'മാതാജി എന്റെ കുഞ്ഞിനെ ഓർത്ത് അവിടുന്നിതു വാങ്ങണം. .... അവിടത്തേയ്ക്ക് നൂറുപുണ്യം കിട്ടും.'

അവൾ വീണ്ടും യാചനാ സ്വരത്തിൽ പറഞ്ഞുകൊണ്ടിരുന്നു. അപ്പോൾ ആ കവിളുകളിൽ ഒരു തുള്ളി കണ്ണുനീർ വീണു തിളങ്ങി. ഹാൻഡ്

ബാഗിൽ നിന്നും പണമെടുത്തു നീട്ടുമ്പോഴാണവർ ആ കൈകളിൽ ഉറങ്ങിക്കിടക്കുന്ന ആ കുഞ്ഞിനെ കൂടുതൽ ശ്രദ്ധിച്ചത്. ഏതാണ്ട് ആറുമാസം പ്രായമായ ഒരു ആൺകുഞ്ഞ്. പാൽ കിട്ടാതെ അതിന്റെ കുഞ്ഞിളം ചുണ്ടുകൾ വല്ലാതെ ഉണങ്ങി വരണ്ടിരുന്നു. 'നിന്റെ അനുജനാണോ'? നിങ്ങളുടെ അമ്മ എവിടെ? പൊട്ടി വന്ന ജിജ്ഞാസയിൽ അവർ അറിയാതെ ചോദിച്ചുപോയി.

'യഹ് മേരാ ഭായി നഹിം, ബേട്ടാ ഹെ മാതാജി'. അവളിൽ നിന്നും അടർന്നു വീണ മാതൃഭാഷയിലുള്ള വാക്കുകൾ അവരെ ഞെട്ടിച്ചു. കഷ്ടിച്ച് പതിനാറോ പതിനേഴോ വയസ്സു മാത്രം. പ്രായമുള്ള ആ പെൺകുട്ടിയുടെ നിഷ്കളങ്ക മുഖം അവളിലെ സത്യസന്ധതയെ വിളിച്ചോതിയെങ്കിലും മാലതീ മേനോന് അത് അവിശ്വസനീയമായി തോന്നി. 'നീ ഒരമ്മയാണെന്നോ? എനിക്ക് വിശ്വസിക്കാ നാവുന്നില്ല'. തുടർന്ന് സ്ത്രീസഹജമായ ജിജ്ഞാസയിൽ അവർ അവളെക്കുറിച്ച് ആരാഞ്ഞു. അവൾ ചുരുങ്ങിയ വാക്കുകളിൽ സ്വന്തം കഥ പറഞ്ഞു തുടങ്ങി. ഗുജറാത്തിലാണ് അവളുടെ വീടെന്നും അഞ്ചു വർഷം മുമ്പ് അവിടെ ഭൂകമ്പമുണ്ടായപ്പോൾ അച്ഛനുമമ്മയും നഷ്ടപ്പെട്ട അവൾക്കു തുണയായി വന്ന ഒരു അങ്കിളിനോടൊപ്പം കേരളത്തിലേക്കു പുറപ്പെട്ടതാണെന്നും അവരറിഞ്ഞു. എന്നാൽ തുടർന്നുള്ള അവളുടെ കഥ കേൾക്കുന്നതിനു മുമ്പുതന്നെ ബ്ലോക്ക് തീർന്നതിനാൽ അവർക്കു കാർ മുന്നോട്ടെടുക്കേണ്ടി വന്നു പിന്നിട് കോടതിയിലെത്തിയിട്ടും ആ മുഖം മനസ്സിൽ നിന്ന് മാഞ്ഞുപോയില്ല. തുടർന്ന് ചില കേസുകളുടെ വാദം കേൾക്കുമ്പോഴും ആ മുഖം ഹൃദയാന്തർഭാഗത്ത് ഇടക്കിടെ മിന്നിമാഞ്ഞു കൊണ്ടിരുന്നു. തിരികെ പോരുമ്പോൾ ആ ജംഗ്ഷനിൽ അവളെ വീണ്ടും തിരഞ്ഞുവെങ്കിലും കണ്ടെത്താനായില്ല. വീട്ടിൽ എത്തിചേർന്നിട്ടും ഉള്ളിൽ ഉറഞ്ഞു കൂടിയ നൊമ്പരം അവരെ തളർത്തി. കണ്ണുനീർ ചാലുകൾ ഒഴുകി പടർന്ന സുന്ദരമായ ആ നിഷ്കളങ്ക മുഖം ഹൃദയത്തിലെവിടെയോ പോറലുളവാക്കി. കാറിൽ നിന്നും ആ കൗതുക വസ്തുവെടുത്ത് ഷോകേസിൽ വെയ്ക്കുമ്പോൾ അവർ ഒന്നുകൂടി അതിലേക്ക് സൂക്ഷിച്ച് നോക്കി അതിലെ ഊഞ്ഞാലിലാടുന്ന പെൺകുട്ടിക്ക് അവളുടെ ഛായയാണെന്നു തോന്നി. ഒരു പക്ഷെ ഒരു കാലത്ത് അവളും ഇതുപോലെ ആടിപാടി നടന്നിരിക്കാം. വിദൂരമായ ഏതോ നാട്ടിൽ അവളുടെ അച്ഛനമ്മമാരോടൊപ്പം സന്തോഷം പങ്കിട്ട് നടന്ന ഒരു കൊച്ചുപെൺകുട്ടി അവരുടെ മനോമുകുരത്തിൽ തെളിഞ്ഞുവന്നു. ഇതു പോലെ എത്രയെത്ര ജീവിതങ്ങൾ ആ ഭൂകമ്പത്തിൽ തകർന്നടിഞ്ഞിട്ടുണ്ടാവാം. കണ്ണടച്ചു തുറക്കും മുമ്പ് സ്വന്തം സ്വപ്നങ്ങളും ഉറ്റവരും മണ്ണിൽ വീണുട ഞ്ഞുപോയവർ. അറിയാതെ അടർന്നു വീണ ഒരു കണ്ണുനീർതുള്ളി കൈകൊണ്ട് തുടച്ചുനീക്കി അവർ ബാത്ത്റൂമിലേക്ക് നടന്നു. കുളികഴിഞ്ഞ് സിറ്റൗട്ടിൽ വിശ്രമിക്കുമ്പോഴാണ് വിദേശത്തുള്ള മകന്റെ ഫോണെത്തിയത്. വിവാഹിതനും അഞ്ചു വയസ്സുള്ള കുഞ്ഞിന്റെ അച്ഛനുമാണയാൾ, അവനും ഭാര്യയും ഐ.എഫ്.എസ് കേഡറിൽ വിദേശത്ത് ജോലിചെയ്യുന്നവരാണ്. പതിവ് കുശലാന്വേഷണ ങ്ങൾക്കു ശേഷം അവനാവാർത്ത അറിയിച്ചു. താനും ഉത്തരേന്ത്യക്കാരിയായ തന്റെ ഭാര്യയും കുഞ്ഞും ഉടൻതന്നെ നാട്ടിൽ എത്തുന്നുണ്ടെന്ന വിവരം. വേനലിൽ പെയ്ത മഴപോലെ ആ വാർത്ത മാലതി മേനോനെ കുളിരണിയിച്ചു. നീണ്ട നാലു വർഷങ്ങൾക്കു ശേഷം മകനും കുടുംബവും നാട്ടിലെത്തുകയാണ്. ഭാര്യയുടെ പ്രസവശേഷം കൊച്ചു മകൾക്ക് ആറുമാസമുള്ളപ്പോൾ അവൻ അവരേയും കൊണ്ട് ഇവിടെ നിന്നും വിദേശത്തേക്ക് പോയതാണ്. പിന്നെ വല്ലപ്പോഴുമുള്ള ഫോൺ വിളികൾ മാത്രം. ഇവിടെ ഈ നാട്ടിൽ ദാഹനീരിനായി കാത്തിരിക്കുന്ന വേഴാമ്പലായി താൻ. ഉറ്റവരുടേയും ഉടയവരുടേയും സ്ഥാനത്ത് വേലക്കാരി ജാനു മാത്രം. ആറു മാസം വരെ രാപ്പകൽ തന്നെ കോൾമയിർ കൊള്ളിച്ച് കൊണ്ട് അവന്റെ ഭാര്യയും കുഞ്ഞും തന്റെടുത്ത് ഉണ്ടായിരുന്നത് അവരോർത്തു. പിന്നെ അവർ അകന്നുപോയപ്പോൾ ഏറെ നാളത്തേക്ക് താനനു ഭവിച്ച വിരഹവേദനയും ഓർമ്മയിൽ ഓടി എത്തി. രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ അവരാ ഫോൺ വിളിയെക്കുറിച്ച് വീണ്ടുമോർത്തു. ആ സ്മരണ ഉള്ളിൽ ഒരു പൂത്തിരി കത്തിച്ച പ്രതീതി ഉണർത്തി. എങ്കിലും ഹൃദയാന്തർഭാഗത്ത് എവിടെയോ നൊമ്പരമുണർത്തി പകലത്തെ കാഴ്ചകൾ അവരെ അസ്വസ്ഥയാക്കി ക്കൊണ്ടിരുന്നു.

പിറ്റേന്ന് കോടതിയിലേക്ക് അല്പം നേരത്തെ തന്നെ ഇറങ്ങി. ഇത്തവണ അവർക്കൊപ്പം ഡ്രൈവർ മോഹനനുമുണ്ടായിരുന്നു. ഏതാനും ദിവസങ്ങളായി സുഖമില്ലാതെ കിടപ്പിലായിരുന്നു അയാൾ. അസുഖം മാറിയപ്പോൾ അയാൾ വീണ്ടും തന്റെ വണ്ടിയുടെ സാരഥ്യം ഏറ്റെടുത്തു. നേരത്തെ എത്തിച്ചേർന്നതിനാലാവാം സിഗ്നലിൽ അധിക നേരം കാത്തുകിടക്കേണ്ടി വന്നില്ല. ബ്ലോക്കൊന്നുമില്ലാതെ വണ്ടി സുഗമമായി മുന്നോട്ടു നീങ്ങി. സിഗ്നൽ കാത്തു കിടക്കുമ്പോൾ പതിവുപോലെ കൗതുകവസ്തുക്കളുമായി ഏതാനും പേർ കാറിനടുത്തെത്തിയെങ്കിലും അവളെ മാത്രം കണ്ടെത്താൻ കഴിഞ്ഞില്ല. മാലതി മേനോന്റെ കണ്ണുകൾ അവളെ തിരഞ്ഞുകൊണ്ടിരുന്നു. എന്നാൽ നിരാശ മാത്രം ബാക്കിയായി. ഇനി ഒരിക്കലും തനിക്കവളെ കണ്ടെത്താൻ കഴിഞ്ഞില്ലെന്നു

വരുമോ?ഏതോ മുജ്ജൻമ ബന്ധം പോലെ ആ മുഖംതന്നെ വീണ്ടും വീണ്ടും വേട്ടയാടിക്കൊണ്ടിരിക്കുന്നതായി അവർക്കനുഭവപ്പെട്ടു. അവളുടെ അപൂർണ്ണമായ കഥ കേൾക്കാൻ ഹൃദയം വ്യഗ്രത പൂണ്ടു. അന്ന് കോടതിയിൽ ഒരു കുത്തുകേസിന്റെ വാദമാണുണ്ടായിരുന്നത്. പ്രതികൾ പലരും ഒന്നാന്തരം റൗഡികളായിരുന്നു. അവരിൽ ചിലർ ഉത്തരേന്ത്യക്കാരും. ഏതോ ഒരു രാഷ്ട്രീയ പ്രമാണി അവരെക്കൊണ്ട് ചെയ്യിച്ചതാണ് ആ കുറ്റകൃത്യം. വാദം കേട്ട ശേഷം കേസ് അവധിക്ക് വച്ചു. അവരിൽ ചിലരെങ്കിലും തൂക്കുകയറിൽ കയറുമെന്ന് തനിക്കുറപ്പുണ്ടായിരുന്നു. അന്ന് ഏറെ ക്ഷീണിതയായി മടങ്ങിപ്പോരുമ്പോഴും കണ്ണുകൾ അവളെത്തേടിയലഞ്ഞു. സിഗ്നലിനടുത്തെത്തിയപ്പോൾ പുറകിലെ സീറ്റിലിരുന്ന് തല കാറിനു പുറത്തേയ്ക്കിട്ട് താൻ ആരേയോ അന്വേഷിക്കുന്നതു കണ്ടാവാം ഡ്രൈവർ മോഹനൻ ആരാഞ്ഞത്. 'മാഡം ആരേയോ അന്വേഷിക്കുന്നതുപോലെയുണ്ടല്ലോ?ആരെ യാണത്?'

'ഞാൻ....ഞാൻ ഒരു പെൺകുട്ടിയെ അന്വേഷിക്കുകയാണ്. ഈ കളിപ്പാട്ടങ്ങളും കൗതുകവസ്തുക്കളും വിറ്റു നടക്കുന്ന ഒരു ഉത്തരേന്ത്യ ക്കാരി പെൺകുട്ടി. അവളുടെ മുഖം കണ്ടാൽ ഏതോ നല്ല വീട്ടിലെയാണെന്നു തോന്നും. അവളിന്നലെ എന്റെടുത്ത് വന്നിരുന്നു.'

'ഈ അന്യസംസ്ഥാനക്കാരെയൊന്നും വിശ്വസിക്കരുത് മാഡം. കള്ളക്കൂട്ടങ്ങളാണെല്ലാം. എന്തു ചെയ്യാനും മടിയില്ലാത്തവർ'.

'മോഹൻ പറയുന്നത് ശരിയായിരിക്കാം. അത്തരക്കാർ ധാരാളമുണ്ടെന്ന് എന്റെ അനുഭവത്തിൽ നിന്നുമറിയാം. എന്നാൽ ഇവൾ അത്തരക്കാരിയല്ലെന്ന് കണ്ടാലറിയാം. വളരെ നിഷ്ക്കളങ്കയായ ഒരു പെൺകുട്ടി. അവളെക്കുറിച്ച് കൂടുതൽ അറിയാൻ ഒരാകാംക്ഷ. അവളെ ഈ തെരുവിൽ നിന്ന് രക്ഷിക്കണമെന്നൊരു തോന്നൽ..'

'മാഡം ഇത്തരത്തിൽ തെരുവിലലയുന്നവർ നിരവധിയാണ്. മാഡത്തിന് അവരെയെല്ലാം രക്ഷിക്കാൻ കഴിയുമോ?....'

ആ ചോദ്യത്തിനു തനിക്ക് ഉത്തരമുണ്ടായിരുന്നില്ല. വർഷങ്ങളായി തന്റെ ഡ്രൈവറാണ് മോഹനൻ. തന്റെ വ്യക്തിപരമായ പല കാര്യങ്ങളും അയാൾക്കറിയാം. ഒരു ജഡ്ജിയെന്ന നിലയിൽ മറ്റുള്ളവരുടെ കാര്യങ്ങളിൽ അമിത താല്പര്യം പുലർത്തുന്ന ആളല്ല താനെന്ന് അവനറിയാം. പലപ്പോഴും സാമൂഹികമായി കൂടുതൽ ഇടപെടാതെ ഒഴിഞ്ഞ്നിൽക്കാനാണ് താൻ ശ്രമിക്കാറ്. കൂടുതൽ വ്യക്തിബന്ധങ്ങൾ ഒരു ജഡ്ജിയെന്ന നിലയിൽ തൺെറ പ്രൊഫഷനെ ബാധിക്കുമോ എന്ന് താൻ ഭയപ്പെട്ടിരുന്നു. എന്നാൽ അത് തന്നെ കൂടുതൽ കൂടുതൽ ഏകാന്തത യിലേക്ക് നയിക്കുകയായിരുന്നു. ഒരു തരം ആത്മപീഢ തന്നിൽ രൂപം കൊള്ളുന്നത് അവരറിഞ്ഞു തുടങ്ങിയിരുന്നു. പിന്നീട് രണ്ടു ദിവസത്തേക്ക് അവളെ കാണാൻ കഴിഞ്ഞില്ല. എന്നാൽ മൂന്നാം ദിനം സിഗ്നലിനടുത്ത് അവളെത്തി. ആ കുഞ്ഞു പൈതൽ അവളുടെ മാറാപ്പിനുള്ളിൽ അപ്പോഴും

കണ്ണുമിഴിച്ചു കിടപ്പുണ്ടായിരുന്നു. തന്റെ കാറിനടു ത്തെത്തിയപ്പോൾ താൻ ചില്ലു ഗ്ലാസ്സു താഴ്ത്തി അവളെ ക്ഷണിച്ചു. 'ഇധർ ആവോ ! ദോ ദിൻ തുമ് കഹാം ഗയി ഥീ..'

താൻ ഹിന്ദിയിൽ ചോദ്യമുന്നയിച്ചു വെങ്കിലും മലയാളത്തിലാണ് അവൾ മറുപടി പറഞ്ഞത്.

നഹിം മാതാജി, ഞാൻ എങ്ങും പോയില്ല. ഇവിടെത്തന്നെ ഉണ്ടായിരുന്നു. പുറത്തെങ്ങും ഇറങ്ങാൻ കഴിയാതെ വീട്ടിനുള്ളിൽ.... അവൾ അർദ്ധോക്തിയിൽ നിർത്തി മുഖം കുനിച്ചു നിന്നു. ഏതോ തെറ്റുചെയ്യുന്ന ഭാവമായിരുന്നു അപ്പോൾ അവൾക്ക്. 'നീ എന്തോ ഒളിക്കുന്നുണ്ടല്ലോ കാര്യങ്ങൾ മുഴുവൻ പറയൂ....' താൻ ആവശ്യപ്പെട്ടു 'നഹിം മാതാജി എന്റെ കഥ നിങ്ങൾ കേൾക്കണ്ട...'

അവൾ നിറകണ്ണുകളോടെ കാറിനടുത്തു നിന്നും അകന്നുപോയി. എന്നാൽ മാലതി മേനോന് അവളെ പിന്തുടരാനാണ് തോന്നിയത്. ഉത്തരേന്ത്യയിലെ ഏതോ നല്ല കുടുംബാന്തരീക്ഷത്തിൽ ജനിച്ചു വളർന്ന ഒരു പെൺകുട്ടിയാണവളെന്ന് അവർക്ക് തോന്നിത്തുടങ്ങിയിരുന്നു. അവളണിഞ്ഞിരുന്നത് മുഷിഞ്ഞ വസ്ത്രങ്ങളെങ്കിലും ആഢ്യത്വം നിറഞ്ഞ ആ മുഖം അത്തരത്തിൽ വിളിച്ചോതുന്നുണ്ടായിരുന്നു. ഏതെങ്കിലും രീതിയിൽ കുടുംബത്തിൽ നിന്നും ഒറ്റപ്പെട്ട അവളെ വീട്ടുകാർക്കു തിരികെ എത്തിക്കാൻ തനിക്കു കഴിഞ്ഞിരുന്നെങ്കിൽ! അങ്ങിനെയാണ് അവർ അപ്പോൾ ചിന്തിച്ചത്.

'മോഹൻ, കാർ ആ പെൺകുട്ടിയുടെ പുറകേ വിടൂ.'

അവർ ഡ്രൈവറോടു ആജ്ഞാപിച്ചു.

'മാഡം കോടതിയിലെത്താൻ വൈകും...' ഡ്രൈവർ ഓർമ്മിപ്പിച്ചു. 'അതു സാരമില്ല നിങ്ങൾ ഞാൻ പറഞ്ഞത് അനുസരിക്കൂ...' അത് പ്രൗഢയായ ഒരു ജഡ്ജിയുടെ ആജ്ഞയായിരുന്നു. ഡ്രൈവർക്ക് അനുസരിക്കാതിരിക്കാൻ കഴിഞ്ഞില്ല. ഒടുവിൽ അല്പം മുന്നേ നീങ്ങിക്കൊണ്ടിരുന്ന ആ പെൺകുട്ടിയുടെ അടുത്തെത്തി കാർ നിന്നു. അവർ കാറിന്റെ ഡോർ തുറന്നു പിടിച്ചുകൊണ്ട് ആജ്ഞാ സ്വരത്തിൽ അവളോടു പറഞ്ഞു. ഈ

കാറിന കത്തേക്കു കയറൂ. ഞാൻ ഈ നാട്ടിലെ ജഡ്ജിയാണ്. എനിക്ക് കുട്ടിയോട് ചിലത് ചോദി ച്ചറിയാനുണ്ട്. ഒരു ജില്ലാജഡ്ജിയാണ് തന്റെ മുന്നിൽ നില്ക്കുന്നതെന്ന അറിവ് അവളെ വല്ലാതെ ഞെട്ടിച്ചു. 'മാഡം, മാഫ് കീജിയെ, മൈം നേ കുഛ് നഹിം കിയാ....'. അവൾ ഞെട്ടലോടെ യാചിച്ചു. 'ഭയപ്പെടേണ്ട, ജഡ്ജിയാണെങ്കിലും നിന്നെ ഞാൻ ഒന്നും ചെയ്യുകയില്ല. നീ എനിക്കു മകളെപ്പോലെയാണ്. നിന്നോടു ചില കാര്യങ്ങൾ ചോദിച്ചറിയാൻ വേണ്ടി മാത്രമാണ് ഞാൻ നിന്നെ വിളിക്കുന്നത്. മാലതി മേനോന്റെ മുഖത്തു വിരിഞ്ഞ സൗമ്യതയും, അലിവും അവളെ കാറിനുള്ളിലേക്കു നയിച്ചു. പിന്നെ കോടതിയിൽ എത്തുന്നതുവരെ അവർ അവളോട് ഓരോന്ന് ചോദിച്ചു കൊണ്ടിരുന്നു. ആദ്യമൊക്കെ അവൾ ഒഴിഞ്ഞുമാറാൻ ശ്രമിച്ചെങ്കിലും പിന്നീട് മാലതീ മേനോന്റെ സ്നേഹപൂർണ്ണമായ നിർബന്ധത്തിനു

മുന്നിൽ അവൾ സ്വന്തം ജീവിത കഥ തുറന്നു വച്ചു. ഗുജറാത്തിലെ സമ്പന്നമായ ഒരു കുടുംബത്തി ലാണ് അവൾ ജനിച്ചത്. പേര് ആരതി പട്ടേൽ. അവളുടെ അച്ഛനു ടൈൽ ബിസിനസ്സായിരുന്നു. വളരെ ഉയർന്ന നിലയിൽ ബിസിനസ്സ് ചെയ്തി രുന്ന ആൾ. ഏക മകളെ ഐ.എ. എസ് കാരിയാ ക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ മോഹം. എന്നാൽ ആ മോഹം പൂർത്തീകരിക്കാൻ ആ അച്ഛ നമ്മമാർക്കു കഴിഞ്ഞില്ല. അവൾ ഏഴാം ക്ലാസ്സിൽ പഠിക്കുമ്പോൾ അവളുടെ 11-ാം വയസ്സിലാ യിരുന്നു ആ ഭൂകമ്പം. അതോടെ അവൾ താമസിച്ചി രുന്ന വീട് തകർന്ന് മാതാപിതാക്കളെ അവൾക്ക് നഷ്ടമായി. അവൾ മാത്രം അത്ഭുതകരമായി രക്ഷ പ്പെട്ടു. ഏകയായി അലഞ്ഞു നടന്ന അവൾ ഭൂകമ്പ ത്തിൽ ഒരു കാൽ നഷ്ടപ്പെട്ട ഒരു വയോധികന് സഹായിയായി, അയാളുടെ കൂടെ കൂടി. അവളുടെ ഒരു അകന്ന അമ്മാവനായിരുന്നു അയാൾ. ഭൂകമ്പ ബാധിതമായ ആ സ്ഥലത്ത് തുടരുന്നത് പന്തിയല്ലെന്നു കണ്ട് അയാൾ, മറ്റു ചില അഭയാർത്ഥികളോടൊപ്പം അവളേയും കൂട്ടി കേരളത്തിലേയ്ക്കു യാത്ര തിരിച്ചു. ഇവിടെ വന്ന് തന്നിൽ അവശേഷിച്ചിരുന്ന അല്പം പണമുപയോഗിച്ച് അയാൾ അവളെ പഠിപ്പിക്കാൻ തയ്യാ റായി. വികലാംഗനായ തനിക്ക് ജീവിതത്തിൽ അവൾ താങ്ങാകുമെന്ന് ഉറപ്പിച്ചാണ് അയാൾ അതിനു തുനിഞ്ഞത്. പഠിക്കുവാൻ മിടുക്കിയായ അവൾ അങ്ങിനെ പ്ലസ് ടു വരെയെത്തി. എന്നാൽ തുടർന്ന് പഠിപ്പിക്കുവാൻ പണമില്ലാതെ വിഷമിച്ച അയാൾ അവളെ അനാശാസ്യ പ്രവർത്തനങ്ങൾക്ക് പ്രേരിപ്പിക്കുവാൻ തുടങ്ങി. അപ്പോഴേയ്ക്കും ബാല്യം വിട്ട് യുവത്വത്തിലേയ്ക്ക് അവൾ കാലൂന്നി തുടങ്ങി യിരുന്നു. സുന്ദരമായ അവളുടെ ശരീരവും മുഖവും മോഹിച്ച് പലരും അവളുടെ പിന്നാലെ യെത്തി. പണത്തിനു വേണ്ടി അവർക്കു മുന്നിൽ അവളെ വിൽക്കുവാൻ ആ വൃദ്ധൻ തയ്യാറായി. പല വിധ പീഡനങ്ങൾക്കു നടുവിലും അവൾ അതിനെ ചെറുത്തു നിന്നു. ഒടുവിൽ തനിക്കു പരിചയമുള്ള ഒരു ബംഗാളി റൗഡിക്ക് അവളെ കല്ല്യാണം കഴിച്ചു കൊടുക്കുവാൻ അയാൾ തയ്യാറായി. അതിനവൾ സമ്മതമോതിയെങ്കിലും അവളുടെ ജീവിതത്തിലെ രണ്ടാമത്തെ ദുരന്ത പർവ്വം അവിടെ തുടങ്ങുക യായിരുന്നു. അയാൾ ഇതിനു മുൻപു തന്നെ മറ്റൊരു വിവാഹം കഴിച്ചിരുന്നു. അതിലയാൾക്ക് രണ്ടു മൂന്നു മക്കളും ഉണ്ടായിരുന്നു. രണ്ടാം ഭാര്യയായ അവൾക്ക് ഒരു കുഞ്ഞായപ്പോൾ അയാൾക്ക് മടുത്തു തുടങ്ങി. തുടർന്ന് അവളെ പലർക്കും കാഴ്ചവയ്ക്കുവാൻ അയാൾ തയ്യാറായി. പലപ്പോഴും അവളുടെ ചെറുത്തു നില്പുകൾക്ക് ക്രൂരമായ പീഡനങ്ങൾ ഏറ്റുവാങ്ങേ ണ്ടിവന്നു. ഒടുവിലയാൾ ഒരു കുത്തുകേസിൽ പ്ര തിയായി ജയിൽ ശിക്ഷ അനുഭവിക്കേണ്ടിവന്നപ്പോൾ അവൾക്ക് അല്പം രക്ഷയായി. പെട്ടെന്ന് മാലതി മേനോന്റെ തലച്ചോറിൽ തലേന്നത്തെ കോടതി രംഗങ്ങൾ ഓടിയെത്തി.

'നിന്റെ ഭർത്താവിന്റെ പേരെന്താണ് അവർ ആരാഞ്ഞു.' 'രാം മനോഹർ'. അവൾ കരഞ്ഞു കൊണ്ടു പറഞ്ഞു. അയാളാണ് കഴിഞ്ഞ ദിവസം തന്റെ മുന്നിൽ പ്രതികളിലൊരാളായി എത്തിയതെന്ന് അവർക്ക് ഓർമ്മ വന്നു. മാലതി മേനോൻ അതേപ്പറ്റി അവളോട് ഒന്നും പറഞ്ഞില്ല. പകരം ചോദിച്ചു. ആട്ടെ, നിന്നെ രണ്ടു ദിവസം കാണാതിരുന്നതെന്തു കൊണ്ടാ ണെന്ന് പറഞ്ഞില്ല. 'മാതാജി ശരീരം വിൽക്കാൻ തയ്യാറാകാത്തതിന് അങ്കിൾ എന്നേയും കുഞ്ഞിനേ യും പൂട്ടിയിട്ടിരിക്കുകയായിരുന്നു. പട്ടിണിക്കിട്ടു. എന്റെ കുഞ്ഞിന് മര്യാദക്ക് മുലപ്പാൽ കൊടുക്കാൻ പോലും കഴിഞ്ഞില്ല'. അവൾ തേങ്ങിക്കരഞ്ഞുകൊണ്ടി രുന്നു. അവളെ ആശ്വസിപ്പിക്കാനാകാതെ മാലതി മേനോൻ കുഴങ്ങി. 'ഇങ്ങനെ എത്ര നാൾ പോകുമെന്ന് എനിക്കറിയില്ല. രാം മനോഹർ മടങ്ങിയെത്തിയാൽ അയാളും എന്നെ തെറ്റായ കാര്യങ്ങൾക്ക് നിർബന്ധിക്കും. അല്ലെങ്കിൽ അയാൾ എന്റെ കുഞ്ഞിനെ കൊല്ലുമെന്നാണി പ്പോൾ പ റയുന്നത്. ഒടുവിൽ എന്റെ കുഞ്ഞിനു വേണ്ടി എനിക്കു വഴങ്ങേണ്ടി വരും മാംജി..' അവൾ കരഞ്ഞു കൊണ്ടിരുന്നു. കേവലം പതിനേഴു വയസ്സു മാത്രം പ്രായമുള്ള ആ പെൺകുട്ടിയുടെ നിസ്സഹായാ വസ്ഥ മാലതീ മേനോന്റെ ഉള്ളുലച്ചു. അവർ ആ പെൺകുട്ടിയെ നോക്കി മനസ്സിൽ നിശ്ചയിച്ചുറച്ചു. ഇല്ല, ഇനി അയാൾ മടങ്ങിയെ ത്തില്ല. തൂക്കുകയറാണ് അയാൾക്കുള്ള ശിക്ഷ.

പിന്നീട് കോടതിയിലെത്തുന്നതുവരെ അവരൊന്നും ചോദിച്ചില്ല. കോടതിയിൽ തന്റെ പ്രത്യേക പരിഗണനയിൽ അവളേയും, കുഞ്ഞിനേയും അവർ ഒരു മുറിയിലിരുത്തി. കുഞ്ഞിനു വേണ്ടുന്ന പാലും അവൾക്കുവേണ്ടുന്ന ആഹാരവും ഏർപ്പാടാക്കി. തിരികെ പോരുമ്പോൾ അവളേയും, കുഞ്ഞിനേയും, മാതൃ ശിശു സംരക്ഷണ കേന്ദ്രത്തിൽ എത്തിക്കാനുള്ള ഏർപ്പാടുകളും ചെയ്തു. പിന്നീട് ഏതാനും ദിവസങ്ങൾ ലീവെടുത്ത് മാലതീ മേനോൻ കുടുംബത്തോടൊപ്പം തിരക്കുകളിൽ മുഴുകിക്കഴിഞ്ഞു. വിദേശത്തു നിന്നും വന്നെത്തിയ മകനോടും കുടുംബത്തോടുമൊപ്പം ആഹ്ലാദകരമായ കുറെ ദിനങ്ങൾ! കൊച്ചു മകനോടൊപ്പം കടപ്പുറത്തും, പാർക്കിലുമൊക്കെ തുള്ളി നടക്കുമ്പോൾ അവർ സ്വയം മറന്നു. കൊച്ചു മകനോടൊപ്പം വാർദ്ധക്യത്തിലെ ബാല്യം അവർ നന്നായി ആസ്വദിച്ചു. ഒരു മുത്തശ്ശിയുടെ സ്നേഹം അവര് ആവോളം പകർന്നു നൽകി. പത്തിരുപത് ദിവസങ്ങൾ ഉല്ലാസമായി പറന്നു പോയത് അവരറിഞ്ഞില്ല.

ഒറ്റയ്ക്കുതാമസിക്കുന്നഅമ്മയുടെസുരക്ഷിതത്വത്തെക്കുറിച്ച് ഡ്രൈവർ മോഹനനോടും, വേലക്കാരി ജാനുവിനേയുമോർമ്മിപ്പിച്ച് മകൻ കുടുംബത്തോടൊപ്പം യാത്രയാകുമ്പോൾ ആ അമ്മയ്ക്ക് പൊട്ടിക്കരയാതിരിക്കാൻ ആവുമായിരുന്നില്ല. വീണ്ടും ഒറ്റപ്പെടലിന്റെ നീറ്റലിൽ അവർ ആരതിയെക്കുറിച്ചോർത്തു. ഏതാനും ദിവസങ്ങൾക്കുശേഷം അവർ വീണ്ടും കണ്ടുമുട്ടിയപ്പോൾ അവൾ നിറമിഴികളോടെ യാചിച്ചു. 'മാതാജി എനിക്കൊരഭ്യർത്ഥനയുണ്ട്. രാം മനോഹർ ഒരു കുറ്റവാളിയാണെങ്കിലും അയാൾ എന്റെ ഭർത്താവാണ്. നാളെ ഞാൻ കുഞ്ഞിനു മുന്നിൽ ചൂണ്ടിക്കാണിക്കാൻ എനിക്കയാൾ മാത്രമേയുള്ളൂ. അയാളെ തൂക്കിലേറ്ററുത്... '

താനാണ് ആ കേസ് കൈകാര്യം ചെയ്യുന്നതെന്ന് ഇതിനിടയിൽ അവളറിഞ്ഞു കഴിഞ്ഞിരുന്നു. ഒടുവിൽ അയാളെ തൂക്കുകയറിൽ നിന്ന് രക്ഷിക്കാമെന്ന് തനിക്കവൾക്ക് വാക്കു കൊടുക്കേണ്ടി വന്നു. അങ്ങിനെ തൂക്കുകയറിനു അർഹനായിട്ടും അയാളെ ജീവപര്യന്തംശിക്ഷിക്കുന്നതിന് തനിക്കുത്തരവിടേണ്ടി വന്നു. മിക്കവാറും ദിനങ്ങൾ അവർ ആരതിയേയും, കുഞ്ഞിനേയും സന്ദർശിക്കുമായിരുന്നു. സൂര്യകിരൺ എന്നു പേരുള്ള ആ കുഞ്ഞ് മാലതിമേനോനൊടൊപ്പം കളിക്കാനും കൂട്ടുകൂടാനും തുടങ്ങി അവന്റെ പാൽ പുഞ്ചിരിയിൽ അവർ സ്വന്തം ദുഃഖങ്ങൾ മറന്നു. മാതൃ ശിശുസംരക്ഷണകേന്ദ്രത്തിൽ ആരതി സന്തോഷവതിയായിരുന്നു. ഇതിനിടയിൽ ഒരു ദിവസം അങ്കിൾ അവളെ അന്വേഷിച്ചെത്തിയകാര്യം പറഞ്ഞു. എന്നാൽ മുമ്പു തന്നെ കർശന നിർദ്ദേശമുണ്ടായിരുന്നതിനാൽ സെക്യൂരിറ്റിക്കാർ അയാളെ കടത്തി വിട്ടില്ല. പിന്നീട് ഒരു ദിനം സന്ദർശനവേളയിൽ അവൾ പറഞ്ഞു. 'മാംജി എനിക്കൊരു ജോലി കിട്ടിയാൽ കൊള്ളാമായിരുന്നു. എന്റെ വിദ്യാഭ്യാസത്തിനനുസരിച്ചുള്ള ഒരു ജോലി'.

പ്ലസ്ടു വരെ മാത്രം പഠിച്ച അവൾക്ക് എന്ത് ജോലി നൽകാനാണെന്നവർ ആലോചിച്ചു നോക്കി. പെട്ടെന്ന് എന്തോ ഓർത്തവർ ചോദിച്ചു. 'ആരതിക്ക് പഠിക്കുവാൻ മോഹമില്ലേ.?' നിന്നെ നിന്റെ അച്ഛനമ്മമാർ ആഗ്രഹിച്ചതുപോലെ ഞാനൊരു ഐ എ എസ്കാരിയാക്കാം. അതു കേട്ട് ആയിരം സൂര്യ ചന്ദ്രൻമാർ ഉദിച്ചുയർന്നപോലെആമുഖംവിടർന്നു.പിന്നീട്അവളെ പഠിപ്പിക്കുവാനുള്ള ഏർപ്പാടുകൾ ചെയ്തു. കുഞ്ഞിനെ ശിശുക്ഷേമ സമിതിയിൽ ഏൽപ്പിച്ച് അവൾ പഠിക്കുവാൻ പോയിത്തുടങ്ങി. തെരുവിൽ കിടന്ന് പുഴുക്കുത്തേറ്റു നശിച്ചു പോകു മായിരുന്ന ഒരു പൂമൊട്ടിനെ സുഗന്ധ വാഹിയായ ഒരു പൂവാകാൻ സഹായിക്കുന്നതിൽ അവർ സ്വയം അഭിമാനിച്ചു.

ഒരു ദിവസം അവൾ തന്നോടന്വേഷിച്ചു. 'മാതാജി, എന്നെ എന്താണ് ഒരിക്കൽ പോലും മാംജിയുടെ വീട്ടിൽ കൊണ്ടുപോകാത്തത്?.'

അതു കേട്ട് താൻ പുഞ്ചരിച്ചുകൊണ്ട് പറഞ്ഞു. നീയെനിക്കിന്ന് സ്വന്തം മകളെപ്പോലെയാണ്. ഒരു മകൻ മാത്രമുള്ള ഞാൻ ഒരു മകൾക്കുവേണ്ടി വളരെയേറെ ആഗ്രഹിച്ചിരുന്നു. എന്നാൽ ഒരു മകളെ ഗർഭം ധരിക്കാൻ എനിക്കു കഴിയുന്നതിനു മുമ്പുതന്നെ അദ്ദേഹം മരിച്ചു പോയി. നിന്നെ ഒരു മകളെപ്പോലെ എന്റെ സ്വന്തം വീട്ടിൽ താമസിപ്പിക്കണമെന്ന് എനിക്കതിയായ ആഗ്രഹമുണ്ട്. എന്നാൽ ഇന്നിപ്പോൾ ഒരു ജഡ്ജി എന്ന നിലയിലുള്ള എന്റെ പരിമിതികൾ അതിനനുവദി ക്കുന്നില്ല. ഞാൻ റിട്ടയർ ചെയ്യുന്ന ദിവസം അതിനെക്കുറിച്ചാലോചിക്കാം... .പിന്നെ അവൾ ഒന്നും ചോദിച്ചില്ല. മികച്ച മാർക്കോടെ ഡിഗ്രി പൂർത്തി യാക്കിയ അവളെ ഐ.എ.എസ് കോച്ചിംഗിനു ചേർത്തു. വാശിയേറിയ പഠനത്തിലൂടെ മികച്ച വിജയം നേടാൻ അവൾക്കു കഴിഞ്ഞു. ഒടുവിൽ ഐ.എ.എസിന്റെ റിസൾട്ട് വരുന്ന ദിവസം തന്റെ റിട്ടയർമെന്റ് ദിനം കൂടിയായിരുന്നു. 'മാതാജി ആപ്കോ ബഹുത് ശുക്രിയ.... മൈം നേ ആപ്കോ കഭി നഹിം ഭൂലൂംഗി....' അഞ്ചാം റാങ്കിന്റെ ആഹ്ലാദത്തിൽ അവൾ തന്റെ കാലിൽ വീണു കണ്ണീരൊഴുക്കിക്കൊണ്ടു പറഞ്ഞു. അവളെ പിടിച്ചെഴുന്നേൽപ്പിച്ച് മാലതീ മേനോൻ ആ നെറുകയിൽ മുകർന്നുകൊണ്ടു പറഞ്ഞു. 'നീയും കുഞ്ഞും ഇന്നു മുതൽ എന്റെ വീട്ടിലാണ് താമസിക്കുന്നത്. എന്റെ ഏകാന്തതയിലെ പച്ചത്തുരുത്തുകളാണ് നിങ്ങൾ ഇരുവരും. അവർ കിരണിനെ കൈകളിലെടുത്തു ലാളിച്ചു കൊണ്ടു

പറഞ്ഞു.' 'ഇനി ഇവനാണെന്റെ പേരക്കുട്ടി.' പാൽ പുഞ്ചിരി പൊഴിച്ചു കൊണ്ട് സ്വന്തം മുത്തശ്ശിയുടെ കരങ്ങളിലെന്നപോലെ അവൻ മാലതീ മേനോന്റെ കരങ്ങളിലൊട്ടിയിരുന്നു. പിന്നീട് അവനെ താഴെ നിർത്തുമ്പോൾ അവർ പറഞ്ഞു. ഈ ഐ.എ.എസ് നിന്നെപ്പോലെ അനാഥരായ അനേകായിരങ്ങൾക്ക് തുണയേ കുവാൻ നിനക്ക് പ്രചോദനമാകട്ടെ... കുഞ്ഞിന്റേ യും അവളുടേയും കൈപിടിച്ച് മുന്നോട്ടു നടക്കുമ്പോൾ അവർ കൃതാർത്ഥയായിരുന്നു. സംതൃപ്തയായ ഒരമ്മയെപ്പോലെ ●

## എറണാകുളം കരയോഗം

### 2016 സെപ്റ്റംബർ മാസ പരിപാടികൾ – 1.09.2016 മുതൽ 11.10.2016 വരെ

| | | | |
|---|---|---|---|
| 1.09.2016 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 3.09.2016 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 05.09.2016 | തിങ്കൾ | 6.00 a.m. | വിനായക ചതുർത്ഥി |
| 7.09.2016 | ബുധൻ | 11.30 a.m. | കരയോഗം ഓണാഘോഷം |
| | | 3.00 p.m. | ദേവിമാഹാത്മ്യം ക്ലാസ്സ് |
| 8.09.2016 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 10.09.2016 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 13.09.2016 | ചൊവ്വ | 10.00 a.m. | ഉത്രാടം,ഓണം ഫെയർ സമാപനം |
| 14.09.2016 | ബുധൻ | 9.00 a.m. | തിരുവോണം |
| 15.09.2016 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 17.09.2016 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 21.09.2016 | ബുധൻ | 9.30 a.m. | നവരാത്രി ആഘോഷ മത്സരങ്ങൾ |
| | | 3.00 p.m. | ദേവിമാഹാത്മ്യം ക്ലാസ്സ് |
| 22.09.2016 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 24.09.2016 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 25.09.2016 | ഞായർ | 8.30 a.m. | നവരാത്രി ആഘോഷ മത്സരങ്ങൾ |
| 27.09.2016 | ചൊവ്വ | 6.30 p.m. | കഥകളി |
| 28.09.2016 | ബുധൻ | 3.00 p.m. | ദേവിമാഹാത്മ്യം ക്ലാസ്സ് |
| 29.09.2016 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം,<br>ബീം പ്രതിമാസ പരിപാടി : നാടകം |
| 1.10.2016 | ശനി | 08.30 a.m. | നവരാത്രി ആഘോഷ മത്സരങ്ങൾ |
| | | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 2.10.2016 | ഞായർ | 9.30 a.m. | നവരാത്രി ആഘോഷ മത്സരങ്ങൾ |
| | | 5.30 p.m. | ഗാന്ധി ജയന്തി, കരയോഗം നവരാത്രി ആഘോഷം ആരംഭം, |
| 3.10.2016 | തിങ്കൾ | 5.30 p.m. | കരയോഗം നവരാത്രി ആഘോഷം രണ്ടാം ദിവസം |
| 4.10.2016 | ചൊവ്വ | 5.30 p.m. | കരയോഗം നവരാത്രി ആഘോഷം മൂന്നാം ദിവസം |
| 5.10.2016 | ബുധൻ | 3.00 p.m. | ദേവി മാഹാത്മ്യം ക്ലാസ്സ് |
| | | 5.30 p.m. | കരയോഗം നവരാത്രി ആഘോഷം നാലാം ദിവസം, |
| 6.10.2016 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| | | 5.30 p.m. | കരയോഗം നവരാത്രി ആഘോഷം അഞ്ചാംദിവസം, |
| 7.10.2016 | വെള്ളി | 5.30 p.m. | കരയോഗം നവരാത്രി ആഘോഷം ആറാം ദിവസം |
| 8.10.2016 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| | | 5.30 p.m. | കരയോഗം നവരാത്രി ആഘോഷം ഏഴാം ദിവസം |
| 9.10.2016 | ഞായർ | 5.30 p.m. | കരയോഗം നവരാത്രി ആഘോഷം എട്ടാം ദിവസം ദുർഗ്ഗാഷ്ടമി |
| 10.10.2016 | തിങ്കൾ | 5.30 p.m. | കരയോഗം നവരാത്രി ആഘോഷം ഒൻപതാം ദിവസം മഹാനവമി |
| 11.10.2016 | ചൊവ്വ | 5.30 p.m. | കരയോഗം നവരാത്രി ആഘോഷം സമാപനം, വിജയദശമി |

സെപ്റ്റംബർ 1 മുതൽ 13 വരെ എല്ലാ ദിവസവും രാവിലെ 10.30 മുതൽ 7.00 മണി വരെ കരയോഗം ഓണം ഫെയർ ഉണ്ടായിരിക്കും. .

(തുടർച്ച)

# ഭാരതത്തിലെ ഋഷികവികൾ



ശ്രീകുമാരി രാമചന്ദ്രൻ

## അധിനിവേശം-പൈതൃകം-നവോത്ഥാനം

ബി.സി. 3 മുതൽ എ.ഡി. 5 വരെയുള്ള നൂറ്റാണ്ടുകളിൽ ഭാരതഭൂമി തുടരെത്തുടരെയുള്ള ആക്രമണങ്ങൾക്ക് ഇരയായി. മാസിഡോണിയയിൽ നിന്നു പടനയിച്ചെത്തിയ അലക്സാണ്ടർ ചക്രവർത്തിയാണ് ഭാരതത്തെ ആക്രമിച്ച ആദ്യത്തെ വൈദേശികൻ എന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നു . തുർക്കികൾ, യവനർ, ഹൂണന്മാർ, ശാകന്മാർ, പേഴ്സ്യക്കാർ, കുശാനന്മാർ തുടങ്ങിയ അനേകം വിദേശശക്തികൾ ഭാരതത്തെ ആക്രമിക്കുകയും നമ്മുടെ പൈതൃകസമ്പത്തുക്കൾ കൊള്ളയടിക്കുകയും ചെയ്തു. തുഗ്ലക്ക് വംശം, അടിമവംശം, മുഗൾവംശം തുടങ്ങിയവിദേശീയർ അവരുടേതായ സാമ്രാജ്യങ്ങൾ തന്നെ സ്ഥാപിച്ചു. പതിമൂന്നാം നൂറ്റാണ്ടിൽ മംഗോളിയൻ നേതാവായ ചെങ്കിസ്ഖാനും, പതിനാലാം നൂറ്റാണ്ടിൽ ഉസ്ബക്കിസ്ഥാനിൽ നിന്നു പടനയിച്ചെത്തിയ തൈമൂറും, അതിരൂക്ഷമായ ആക്രമണങ്ങളാണ് ഇവിടെ അഴിച്ചുവിട്ടത്. ചെങ്കിസ്ഖാൻ ഒരൊറ്റ മണിക്കൂർ കൊണ്ട് 1748000 ആളുകളെ കൊന്നൊടുക്കി എന്നൊരു പ്രസ്താവനയും ചില രേഖകളിൽ കാണാം. ഇത് അതിശയോക്തിയാകാനേ വഴിയുള്ളൂ. മുഗൾവംശത്തെ നിഷ്കാസനം ചെയ്ത് ദില്ലിയിൽ അധികാരം പിടിച്ചെടുത്ത ബ്രിട്ടീഷുകാർ കാശ്മീർ മുതൽ കന്യാകുമാരിവരെയുള്ള നമ്മുടെ രാജ്യത്തെ ആദ്യം ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ നിയന്ത്രണത്തിലാക്കി. പിന്നീട് ബ്രിട്ടീഷ്‌രാജ് എന്നപേരിൽ ഒരു നൂറ്റാണ്ടോളം കാലം നമ്മെ അടക്കി ഭരിച്ചു. ഇതിന്റെ അനന്തരഫലമായി ഭാരതീയ പൈതൃകത്തിനു സാരമായ മങ്ങലേറ്റു. സമ്പത്തിനൊപ്പം നമ്മുടെ സംസ്കാരവും ഒലിച്ചു പോയേക്കുമായിരുന്ന സാഹചര്യം! വേരുകൾ തിരിച്ചറിയാനാകാതെ, ആലംബമറ്റ് ഭാരതീയ ജനത ഒരന്ധയുഗത്തിലൂടെ തപ്പിത്തടഞ്ഞു. എന്നാൽ അധിനിവേശങ്ങളുടെ പ്രളയച്ചുഴിയിൽ എന്നെന്നേക്കുമായി മുങ്ങിത്താണുപോകാൻ തുടങ്ങിയ നമ്മുടെ മഹാപൈതൃകത്തെ കൈപിടിച്ചുയർത്താൻ ചില ധന്യാത്മക്കൾ ഉണർന്നു പ്രവർത്തിച്ചു. കാമക്രോധമോഹലോഭ മദമാത്സര്യാദികളിൽ നിന്നു സ്വയം മോചിതരായ ഈ സന്യാസിമാർ ഭാരതീയ തത്വചിന്തയുടെ പരമമായ ധർമ്മപ്രമാണങ്ങൾ പ്രചരിപ്പിച്ചുകൊണ്ട് ഒരു ആത്മീയ നവോത്ഥാനത്തിനു തുടക്കം കുറിച്ചു. അവരിൽ ഹിന്ദുക്കളും ദളിതരും കാടന്മാരും മുസൽമാൻമാരുമുണ്ടായിരുന്നു. പുരുഷന്മാർക്കൊപ്പം ചില സ്ത്രീകളും നവോത്ഥാന പ്രസ്ഥാനങ്ങൾക്കു നേതൃത്വം നൽകി. 'ഞാൻ', 'നീ', 'എന്റെ' തുടങ്ങിയ ഭേദചിന്തകൾക്കപ്പുറം 'എല്ലാം ഒന്ന്' എന്ന അഭേദചിന്തയിലേക്കു കണ്ണു തുറന്നു പിടിച്ചുകൊണ്ട് അവർ കർമ്മനിരതരായി. പലപ്പോഴും സമൂഹത്തിന്റെ പരിഹാസവും പീഡനവും ഏറ്റു വാങ്ങേണ്ടിവന്നെങ്കിലും അവർ പിന്മാറിയില്ല. സംഗീതത്തിലൂടെ, സാഹിത്യത്തിലൂടെ, സുഭാഷിതങ്ങളിലൂടെ സർവ്വോപരി ത്യാഗസുരഭിലമായ മാതൃകാ ജീവിതത്തിലൂടെ അവർ നമ്മുടെ പൈതൃക സംസ്കാരത്തെ വീണ്ടെടുത്തു.

ഭാരതത്തിന്റെ ആത്മീയ പൈതൃകം പുനരുജ്ജീവിച്ചതും ആദ്യമായി ഒരു നവോത്ഥാനത്തിന്റെ രൂപം പ്രാപിച്ചതും ദക്ഷിണേന്ത്യയിലാണ്. വിന്ധ്യസാത്പുര പർവ്വതങ്ങൾ താണ്ടി ആര്യന്മാരുടെ പ്രവേശനമുണ്ടായത് ദക്ഷിണദിക്കിന്റെ ചരിത്രത്തിൽ ഒരു വഴിത്തിരിവുണ്ടാക്കി. അവരുടെ സംസ്കൃതഭാഷയും യാഗം, യജ്ഞം തുടങ്ങിയ വൈദികാചാരങ്ങളും ഇവിടെയുള്ളവരെ ആകർഷിച്ചു. കൂടാതെ ബുദ്ധമതം, ജൈനമതം, പാശുപതം, വൈഷ്ണവം എന്നീ വിശ്വാസധാരകളും ഇവിടെ പ്രചരിച്ചു. ബുദ്ധമതവും, ജൈനമതവും വളരെവേഗം സാധാരണക്കാർക്കിടയിൽ പ്രചാരം നേടി. ഹിന്ദുമത വിശ്വാസത്തിന് അതു വെല്ലുവിളിയുയർത്തി. ഈ വെല്ലുവിളിയെ ഏറ്റെടുത്തുകൊണ്ട് തങ്ങളുടെ ജീവിതത്തെയും പ്രവർത്തനങ്ങളെയും രൂപപ്പെടുത്തിയവരത്രേ ആഴ്വാർമാരും നായനാർമാരും! ഇവരുടെ കണ്ഠത്തിൽ നിന്നാണ് ആത്മീയനവോത്ഥാനത്തിന്റെ ആദ്യകാഹളം മുഴങ്ങിയത്!

ആഴ്വാർമാർ വൈഷ്ണവസിദ്ധാന്തങ്ങൾ പ്രചരിപ്പിച്ചപ്പോൾ നായനാർമാർ ശൈവസിദ്ധാന്തങ്ങൾ പ്രചരിപ്പിച്ചു. ഈശ്വരസ്തുതികൾ രചിച്ചും ക്ഷേത്രമാഹാത്മ്യത്തെ പ്രകീർത്തിച്ചും അവർ സമൂഹത്തിന്റെ

കാഴ്ചപ്പാടിൽ പരിവർത്തനങ്ങളുണ്ടാക്കി. ക്രമേണ ബുദ്ധ/ജൈനമതങ്ങൾ ക്ഷയിക്കുകയും ഹിന്ദു മതം മുൻപ്രതാപം വീണ്ടെടുക്കുകയും ചെയ്തു. അതോടെ മത്സരം ആഴ്വാർമാരും നായനാർമാരും തമ്മിലായി. ഈ മത്സരം തമിഴ് സാഹിത്യത്തിനു മുതൽക്കൂട്ടാവുകയും ചെയ്തു. ഈ കാലഘട്ടത്തിൽ മലയാളഭാഷ അത്രകണ്ടു വികാസം പ്രാപിച്ചിരുന്നില്ല എന്നതോർക്കണം.ശൈവഭക്തി പ്രചരിപ്പിച്ച 63 നായനാർമാരുടേതായി (തമിഴിൽ ഇവരെ 'നായൻമാർ' എന്നാണ് വിശേഷിപ്പിക്കുന്നത്) പതിനൊന്നു ബൃഹത്കൃതികൾ വീണ്ടെടുക്കപ്പെട്ടിട്ടുണ്ട്. പതിനൊന്നു തിരുമുറൈകളിലായി ഇവയെ സമാഹരിച്ചു സംരക്ഷിക്കാൻ മുൻകയ്യെടുത്തത് നമ്പിയാണ്ടാർ നമ്പിയാണ്.

വൈഷ്ണവഭക്തി പ്രചരിപ്പിച്ച 12 ആഴ്വാൻമാരുണ്ട്. ഇവരുടെ നാലായിരം സ്തുതിഗീതങ്ങൾ 'നപാസുരങ്ങളിലായി രചിക്കപ്പെട്ടിരിക്കുന്നു. പത്താം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന നാഥമുനി ഇവയെ ''നാലായിരം പ്രബന്ധം'' എന്ന പേരിൽ സമാഹരിച്ചു സംരക്ഷിച്ചു. 'നാലായിരം ദിവ്യപ്രബന്ധം' എന്ന പേരിലും ഈ സമാഹാരം അറിയപ്പെടുന്നു.ആത്മീയ ചൈതന്യത്തിന്റെ കെടാവിളക്കുകൾ തെളിച്ചുകൊണ്ട്,ഒട്ടേറെ ഋഷികവികൾക്കു മാർഗദീപങ്ങളാവുക വഴി ആഴ്വാർമാരും നായനാർമാരും അനശ്വരരായിത്തീർന്നു !

## ആഴ്വാർ കവികൾ

### 1) പൊയ്കൈ ആഴ്വാർ

എ.ഡി. 3-ാം ശതകത്തിൽ ജീവിച്ചിരുന്ന പൊയ്കൈ ആഴ്വാരാണ് ആദ്യത്തെ ആഴ്വാർ. അൽപ്പശി മാസത്തിലെ (തുലാമാസം - ഒക്ടോബർ / നവംബർ) തിരുവോണം നക്ഷത്രത്തിൽ അദ്ദേഹം ഭൂജാതനായി. കാഞ്ചീപുരത്തെ യഥോക്തകാരി ക്ഷേത്രത്തിലെ കുളത്തിൽ ഒരു സുവർണ്ണകമലവും അതിലൊരു വിഷ്ണുപ്രതിഷ്ഠയുമുണ്ടായിരുന്നു. ഈ വിഗ്രഹത്തിന്റെ തൃക്കയ്യിലിരിക്കുന്ന പാഞ്ചജന്യം എന്ന ശംഖാണത്രേ പൊയ്കൈ ആഴ്വാരായി അവതരിച്ചത്! സാരയോഗി / കസാരയോഗി എന്ന പേരിലും അദ്ദേഹം അറിയപ്പെട്ടു.

മുതൽതിരുവന്താദിയാണ് പൊയ്കൈ ആഴ്വാർ രചിച്ച ഏകകൃതി. അന്താദിയെന്നാൽ ഒരു രചനാശൈലിയാണ്. ഒരു ഗീതം അവസാനിക്കുന്ന പദത്തിൽ നിന്ന് അടുത്ത ഗീതം ആരംഭിക്കുന്നുവെന്നതാണ് ഇതിന്റെ പ്രത്യേകത ! .ഈ ശൈലിയിൽ രചിക്കപ്പെട്ട ആദ്യകൃതിയായതുകൊണ്ട് ഇതിന് മുതൽ തിരുവന്താദി എന്ന പേർ ലഭിച്ചു. ഇതിൽ നൂറുപാസുരങ്ങൾ അടങ്ങിയിരിക്കുന്നു. കറകളഞ്ഞ വിഷ്ണുഭക്തിയാണ് ഇതിവൃത്തം. പരിജ്ഞാനത്തിലൂടെ ഈശ്വര സായൂജ്യം നേടാമെന്ന് ഈ കൃതി ഉദ്ഘോഷിക്കുന്നു.

### 2) പൂതത്താഴ്വാർ

പൊയ്കൈ ആഴ്വാരുടെ സമകാലികനായിരുന്നു പൂതത്താഴ്വാർ. ഇദ്ദേഹം അൽപ്പശിമാസത്തിലെ അവിട്ടം രാശിയിൽ ജനിച്ചു.മഹാബലിപുരത്തെ ഒരു ക്ഷേത്രാങ്കണത്തിൽ അതിവിശിഷ്ടമായൊരു കുരുക്കുത്തിമുല്ലയുണ്ടായിരുന്നു; അതിന്റെ ചുവടെ മഹാവിഷ്ണുവിന്റെ ഒരു പ്രതിഷ്ഠയും! ഈ വിഗ്രഹത്തിന്റെ തൃക്കയ്യിലിരിക്കുന്ന കൗമോദകി എന്ന ഗദയാണത്രേ പൂതത്താഴ്വരായി അവതരിച്ചത്! രണ്ടാം തുരുവന്താദി പൂതത്താഴ്വാരുടെ ഏകകൃതിയാണ്. ഇതിൽ നൂറുപാസുരങ്ങളടങ്ങുന്നു. മുതൽതിരുവന്താദിക്കു തൊട്ടുപിന്നാലെ രചിക്കപ്പെട്ടതാകയാൽ ഇത് ഇരണ്ടാം തിരുവന്താദി എന്നറിയപ്പെടുന്നു. ഒരു സ്വപ്നദർശനത്തിൽ നിന്നു പ്രചോദനമുൾക്കൊണ്ടിട്ടാണത്രേ അദ്ദേഹം ഈ കൃതി രചിച്ചത്. ഇതിൽ ജ്ഞാനമാർഗ്ഗത്തെക്കാൾ ഭക്തിമാർഗ്ഗത്തിനാണ് മുൻതൂക്കം.

### 3) പേയ് ആഴ്വാർ

അല്പ്പശി മാസത്തിലെ ചതയം രാശിയിൽ ഭൂജാതനായ പേയ് ആഴ്വാർ പൊയ്കൈ ആഴ്വാരുടെ സമകാലികനായിരുന്നു. മൈലാപ്പൂരിലെ ഒരു ക്ഷേത്രത്തിൽ ചെന്താമരപ്പൂക്കൾ തിങ്ങിവളരുന്ന ഒരു കുളമുണ്ടായിരുന്നു. അതിലൊരു താമരയുടെ ചുവടെ മഹാവിഷ്ണുവിന്റെ ഒരു പ്രതിഷ്ഠയും! ഈ പ്രതിഷ്ഠ തൃക്കയ്യിലേന്തുന്ന നാന്ദകം എന്ന വാളിന്റെ അംശാവതാരമായി പേയ് ആഴ്വാർ ജനിച്ചു എന്നത്രേ വിശ്വാസം! ഇദ്ദേഹമാണ് നൂറു പാസുരങ്ങളുടെ സമാഹാരമായ മൂന്നാം തിരുവന്താദിയുടെ രചയിതാവ്. മുതൽ തിരുവന്താദിക്കും ഇരണ്ടാം തിരുവന്താദിക്കും പിറകെ രചിക്കപ്പെട്ടതാകയാൽ ഇതിനെ മൂന്റാം തിരുവന്താദി എന്ന് വിശേഷിപ്പിച്ചു. പേയ് ആഴ്വാരുടെ ഏകകൃതിയും ഇതുതന്നെ ! ജ്ഞാനമാർഗ്ഗത്തിലൂടെ മോക്ഷം എന്നാണ് ഈ കൃതി ഉദ്ഘോഷിക്കുന്നത്. ഇതിൽ, ഈശ്വരനുമായി ആത്മസാക്ഷാത്ക്കാരം പ്രാപിച്ചു സ്വയം മറന്ന ഒരു കവിമനം ദർശിക്കാം. സമകാലികരായ ആദ്യത്തെ മൂന്ന് ആഴ്വാർമാരും ഒരിക്കൽ തിരുക്കോയിലൂരിൽ വെച്ചു കണ്ടുമുട്ടിയതായും ആ സംഗമവേളയിൽ മൂവർക്കും ഭഗവദ്സായൂജ്യം അനുഭവപ്പെട്ടതായും ഐതിഹ്യങ്ങൾ ഉദ്ഘോഷിക്കുന്നു.

### 4) തിരുമലിശൈ ആഴ്വാർ

തൈമാസത്തിലെ മകം നക്ഷത്രത്തിലാണ്

തിരുമലിശൈ ആഴ്വാരുടെ ജനനം. മഹിഷപുരിയിലെ ഭാർഗവമുനിയും കനകാംഗി എന്ന അപ്സരസ്സുമായിരുന്നുവത്രേ മാതാപിതാക്കൾ! ചോരമണം മാറാത്ത പൈതലിനെ മാതാവ് കാട്ടിലുപേക്ഷിച്ചു. ഒരാട്ടിടയൻ അവനെ കണ്ടെത്തി;തിരുമലിശൈ എന്നു പേർ വിളിച്ച് വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോയി. വളർത്തച്ഛന്റെ ഔരസപുത്രനായ കണികണ്ണനൊപ്പം അവൻ വളർന്നു. അസാമാന്യ ബുദ്ധിശക്തിയുണ്ടായിരുന്ന തിരുമലിശൈ ചെറുപ്പത്തിൽത്തന്നെ ശിക്ഷം, ന്യായം, വൈശേഷികം, സാംഖ്യം, പാതഞ്ജലം തുടങ്ങിയ ജ്ഞാനശാഖകളിൽ പാണ്ഡിത്യം നേടി. ഭഗവാൻ ശിവനിൽ ഭക്തി പുലർത്തിപ്പോന്ന അദ്ദേഹം പിൽക്കാലത്ത് പേയ് ആഴ്വാരിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് വിഷ്ണുഭക്തനായിത്തീർന്നു. തൊണ്ണൂറു പാസുരങ്ങളടങ്ങിയ നാൻമുഖൻ തിരുവന്താദിയാണ് തിരുമലിശൈ ആഴ്വാരുടെ മുഖ്യകൃതി. തിരുപ്പതി വെങ്കിടാചലപതിയെ പ്രകീർത്തിക്കുന്ന കീർത്തനങ്ങളാണ് ഈ കൃതിയുടെ ഉള്ളടക്കം. ആദ്യത്തെ മൂന്നു തിരുവന്താദികളുടെ ഒരനുകരണമായതിനാൽ അവയുടെ സാരാംശം എന്ന് ഈ കൃതിയെ വിശേഷിപ്പിക്കാം. നൂറ്റിരുപതു പാസുരങ്ങളടങ്ങിയ തിരുച്ചന്തവിന്തം എന്നൊരു കൃതിയും ഇദ്ദേഹത്തിന്റെതായി വീണ്ടെടുക്കപ്പെട്ടിട്ടുണ്ട്. സംഖ്യകളിൽ ഊന്നിക്കൊണ്ട് അതിഗഹനമായ രീതിയിൽ താത്വികാവിഷ്ക്കാരം നടത്തുന്ന ഈ കൃതി വ്യാഖ്യാനം കൂടാതെ മനസിലാക്കുക ദുഷ്ക്കരമാണ്. ഭക്തിയും തത്വജ്ഞാനവും തിരുമലിശൈ ആഴ്വാരുടെ പാസുരങ്ങളെ ഉദാത്തമാക്കുന്നു. കുംഭകോണത്തുവെച്ച് തിരുമലിശൈ ആഴ്വാർ സമാധിയടഞ്ഞതായി വിശ്വസിക്കപ്പെടുന്നു.

### 5) കുലശേഖര ആഴ്വാർ

ആഴ്വാർമാരുടെ കൂട്ടത്തിലെ ഏക കേരളീയനായിരുന്നു കുലശേഖര ആഴ്വാർ. മാഘമാസത്തിലെ (കുംഭം - ഫെബ്രുവരി / മാർച്ച് ) പുണർതം നാളിൽ, ചേരമന്നനായ ദൃഢവ്രതന്റെ പുത്രനായി അദ്ദേഹം തിരുവഞ്ചിക്കുളത്തു ജനിച്ചു. യഥാകാലം ഭരണഭാരം കയ്യേറ്റ അദ്ദേഹം ഭരണത്തിലും ആയോധനകലയിലും ഒരുപോലെ നിപുണനായിരുന്നു. ഇദ്ദേഹം ചോളരാജാക്കന്മാരെ ജയിച്ച് കോഴിക്കോൽ (കോഴിയാൻ കോൽ) എന്ന ബിരുദവും പാണ്ഡ്യരാജാക്കന്മാരെ ജയിച്ച് കൊല്ലികാവലൻ (കൂടൽ നായകൻ) എന്ന ബിരുദവും നേടി. തുടർന്ന് പാണ്ഡ്യരാജപുത്രിയെ പരിണയിച്ചു. കാലാന്തരത്തിൽ, ലൗകിക ജീവിതത്തോടു വിരക്തിതോന്നുകയാൽ കുലശേഖരവർമ്മൻ ആത്മാന്വേഷണത്തിൽ മുഴുകി ; വിഷ്ണുഭക്തിയിൽ സായൂജ്യം കണ്ടെത്തുകയും ചെയ്തു. പുത്രനെ രാജ്യ ഭാരമേൽപ്പിച്ചതിനുശേഷം അദ്ദേഹം ശ്രീരംഗത്തേക്കു യാത്ര തിരിച്ചു. പുത്രിയായ നീലാംബരി പിതാവിനെപ്പോലെ തന്നെ വിഷ്ണുവിൽ അചഞ്ചലമായ ഭക്തിയുള്ളവളായിരുന്നു. അതിനാൽ കുമാരി പിതാവിനെ അനുഗമിച്ചു. ഇരുവരും ശ്രീരംഗനാഥ സന്നിധിയിൽ കുറച്ചുകാലം ഭജനം പാർത്തു. അതിനിടെ രാജന്റെ മനസിൽ തീർത്ഥാടനത്തോടു മോഹമുദിച്ചു. പുത്രിയെ രംഗനാഥസേവക്കു നിയോഗിച്ചശേഷം അദ്ദേഹം പുറപ്പെട്ടു. ഈ യാത്രയിൽ വിഷ്ണുവിനെ പ്രതിഷ്ഠിച്ചിട്ടുള്ള അനവധി ക്ഷേത്രങ്ങളിൽ അദ്ദേഹം ദർശനം നടത്തി. തിരുനെൽവേലിക്കു സമീപമുള്ള മാന്നാർ കോവിലിലെത്തിയപ്പോൾ അൽപം വിശ്രമിക്കാനുറച്ചു. അവിടുത്തെ പ്രതിഷ്ഠാമൂർത്തിയായ രാജഗോപാലസ്വാമിയെ സേവിച്ചുകൊണ്ട് കുറെക്കാലം മാന്നാർ കോവിലിൽത്തന്നെ പാർത്തു. ആഴ്വാർമാരുടെ ഗണത്തിൽ സ്ഥാനം ലഭിച്ച അദ്ദേഹം അറുപത്തേഴാമത്തെ വയസ്സിൽ ദേഹത്യാഗം ചെയ്തു. നാലായിരം ദിവ്യപ്രബന്ധത്തിൽ, കുലശേഖര ആഴ്വാർ രചിച്ച 105 പാസുരങ്ങൾ അടങ്ങിയ പെരുമാൾ തിരുമൊഴി ഏറെ പ്രാധാന്യത്തോടെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു തന്നെയാണ് കുലശേഖര ആഴ്വാരുടെ മുഖ്യകൃതി. പെരുമാഴിനാൽ (രാജാവിനാൽ) വിരചിതമായതുകൊണ്ടാണത്രേ ഇത് 'പെരുമാൾ തിരുമൊഴി' എന്നറിയപ്പെടുന്നത്. ഭക്തിയുടെ പരമോദാത്തഭാവം ഈ കൃതിയിൽ ദർശിക്കാം.

മാന്നാർ കോവിലിനടുത്ത് കുലശേഖര ആഴ്വാരെ പ്രതിഷ്ഠിച്ചിരിക്കുന്ന ക്ഷേത്രമുണ്ട്. ശ്രീരംഗത്ത് കുലശേഖരൻ തെരുവീഥി എന്നറിയപ്പെടുന്ന ഒരു പാതയുമുണ്ട്. ശ്രീരംഗംക്ഷേത്രത്തിലെ ഒരു തൂണിൽ കുലശേഖര ആഴ്വാരുടെ വിഗ്രഹം കൊത്തിവെച്ചിരിക്കുന്നത് ഇന്നും ഭക്തജനങ്ങളെ ആകർഷിക്കുന്നു. പെരുമാൾ തിരുമൊഴിയും സംസ്കൃതരചനയായ മുകുന്ദമാലയുമാണ് കുലശേഖര ആഴ്വാരുടെ മുഖ്യകൃതികൾ.മുപ്പത്തിനാലു പദ്യങ്ങളടങ്ങിയ മുകുന്ദമാല വൈഷ്ണവർക്ക് വേദം തന്നെയാണ്. തക്കലയിലുള്ള (കന്യാകുമാരി ജില്ല) കേരളപുരം ക്ഷേത്രത്തിന്റെ മുഖമണ്ഡപത്തൂണിൽ കുലശേഖര ആഴ്വാരുടെ കമനീയമായ ഒരു വിഗ്രഹം കൊത്തിവെച്ചിട്ടുണ്ട്. പണ്ടുകാലത്ത് ഈ മുഖമണ്ഡപത്തിലിരുന്ന് മുകുന്ദമാല പാരായണം ചെയ്യാൻ ധാരാളം ഭക്തജനങ്ങൾ ക്ഷേത്രത്തിലെത്തുമായിരുന്നത്രേ! കുലശേഖര ആഴ്വാരുടെ പാസുരത്തിൽ, കേരളത്തിലെ തിരുമിറ്റക്കോട് ക്ഷേത്രത്തെ പ്രകീർത്തിച്ചിട്ടുള്ളതായി കാണാം. ●

(തുടരും)

ക്ഷേത്രങ്ങളിലൂടെ

# അന്നദാനപ്രഭുവായ വൈക്കത്തപ്പൻ



ഇന്ദിരാഭായി

കേരളത്തിലെ സാമൂഹിക പരിഷ്കരണപ്രസ്ഥാനങ്ങളിൽ വച്ചേറ്റവും പ്രധാനപ്പെട്ടത് അയിത്തോച്ചാടന പ്രക്ഷോഭമായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ പ്രാരംഭദശകകളിൽ അഖില ഭാരത സംഘടനകൾ കേരളത്തിൽ ചലനങ്ങൾ സൃഷ്ടിച്ചുവെങ്കിലും ചട്ടമ്പിസ്വാമികളുടെയും ശ്രീനാരായണഗുരുവിന്റെയും നേതൃത്വത്തിൽ രൂപം കൊണ്ട പരിഷ്കരണപ്രസ്ഥാനങ്ങൾക്കാണ് ഇവിടുത്തെ പൊതു ജീവിതത്തിൻമേൽ ഏറ്റവും വലിയ സ്വാധീനശക്തി ചെലുത്തുവാൻ സാധിച്ചത്. നായർ സമുദായ പരിഷ്കർത്താവായിരുന്ന വിദ്യാധിരാജാശ്രീചട്ടമ്പി സ്വാമികൾ ബ്രാഹ്മണർക്ക് സർവ്വപ്രാമാണ്യമുണ്ടായിരുന്ന സമകാലിക സാമൂഹ്യവ്യവസ്ഥയെ ശക്തിയായെതിർത്തു. നായൻമാർ, ഈഴവർ മറ്റു പിന്നോക്ക വിഭാഗക്കാർ എന്നീ ഹൈന്ദവ സമുദായങ്ങൾക്ക് സമൂഹത്തിൽ അവരർഹിക്കുന്ന ന്യായമായ സ്ഥാനം ലഭിക്കണമെന്നായിരുന്നു അദ്ദേഹത്തിെ വാദം. ഹിന്ദുസമുദായത്തിലെ മതപരവും സാമുദായികവുമായ അനാചാരങ്ങളെ തുടച്ചുമാറ്റുവാൻ ശ്രീനാരായണഗുരുവുമായി സഹകരിച്ച് അദ്ദേഹം പ്രവർത്തനങ്ങളിൽ മുഴുകി. എല്ലാ മതങ്ങളുടെയും അടിസ്ഥാന തത്വങ്ങൾ എടുത്തു കാട്ടി അവയുടെ മൗലികമായ ഏകസ്വാഭാവത്തെ സമർത്ഥിക്കുകയാണ് ചട്ടമ്പിസ്വാമികൾ ചെയ്തത്. ചട്ടമ്പിസ്വാമികളുടെയും ശ്രീനാരായണഗുരുവിന്റെയും പ്രവർത്തനങ്ങൾ ഹിന്ദു സമുദായത്തെ യുഗദീർഘമായ മോഹനനിദ്രയിൽ നിന്നുണർത്തി കേരളത്തിലെ മതപരിഷ്കരണപ്രസ്ഥാനത്തിന് സാമൂഹികവും പ്രായോഗികവുമായ ഗതിക്രമവും



സമ്മാനിച്ചു. അയിത്തോച്ചാടനത്തിലെ ആദ്യത്തെ പ്രക്ഷോഭണമായിരുന്നു സുപ്രസിദ്ധമായ വൈക്കം സത്യാഗ്രഹം. വൈക്കം ക്ഷേത്രത്തിലേക്കുള്ള നിരത്തുകളിൽ അവർണ്ണ ഹിന്ദുക്കൾക്കു കൂടി സഞ്ചാരസ്വാതന്ത്ര്യം അനുവദിക്കണമെന്നായിരുന്നു സമരക്കാരുടെ ആവശ്യം. കെ.പി. കേശവമേനോൻ, മന്നത്തു പത്മനാഭൻ, ചങ്ങനാശ്ശേരിപരമേശ്വരൻപിള്ള,സി.വി. കുഞ്ഞുരാമൻ, കെ. കേളപ്പൻ, ടി. കെ. മാധവൻ തുടങ്ങിയ സമുന്നതരായ നേതാക്കൻമാരും വൈക്കം സത്യാഗ്രഹത്തിനു നേതൃത്വം നല്കി. സമരത്തിനു പിന്തുണയേകിയ സവർണ്ണഹിന്ദുക്കൾ മന്നത്തു പത്മനാഭന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച സവർണ്ണജാഥ സത്യാഗ്രവുമായി ബന്ധപ്പെട്ട ഒരു വലിയ സംഭവമായിരുന്നു. ജാഥാംഗങ്ങൾ തിരുവന്തപുരത്തു ചെന്ന് മഹാറാണി സേതുലക്ഷ്മിഭായിയെ കണ്ട് തങ്ങളുടെ ആവശ്യം ബോധിപ്പിച്ചു. കാലക്രമേണ ക്ഷേത്രപ്രവേശനത്തിനനുകൂലമായി പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്നതിൽ വൈക്കം സത്യാഗ്രഹവും സവർണ്ണജാഥയും അത്യന്തം പ്രയോജനകരമായി. 20 മാസം നിണ്ടു നിന്ന സമരത്തിനൊടുവിൽ വൈക്കം ക്ഷേത്രത്തിലേക്കുള്ള നിരത്തുകൾ ജാതിവ്യത്യാസമെന്യേ എല്ലാ ഹിന്ദുക്കൾക്കുമായി തുറന്നുകൊടുക്കപ്പെട്ടു. വൈക്കം സത്യാഗ്രഹത്തിന്റെ വിജയകരമായ പര്യവസാനം പിന്നീട് മറ്റു ക്ഷേത്ര നിരത്തുകളിലും സഞ്ചാരസ്വാതന്ത്ര്യം അനുവദിച്ചു കിട്ടുന്നതിന് വഴി തെളിച്ചു. 1928 ൽ തിരുവതുംകൂറിലെ എല്ലാ ക്ഷേത്രനിരത്തുകളും ജാതി പരിഗണന കൂടാതെ സമസ്തഹിന്ദുക്കൾക്കുമായി തുറന്നു കൊടുത്തു. തിരുവിതാംകൂർ മഹാരാജാവിന്റെ ക്ഷേത്രപ്രവേശന

വിളംബരം യാഥാസ്ഥിതികരായ ഹിന്ദുക്കൾക്ക് ഒരു അശനിപാതവും, ഹരിജനങ്ങൾക്കും മറ്റു പിന്നോക്ക വിഭാഗക്കാർക്കും ആശയുടെയും ആഹ്ലാദത്തിന്റെയും സന്ദേശവുമായിരുന്നു. ഹൈന്ദവസമുദായത്തിൽ നിശബ്ദവും രക്തരഹിതവുമായ ഒരു വിപ്ലവമുണ്ടാക്കി ഈ വിളംബരം. തിരുവിതാംകൂർ മഹാരാജാവ് ശ്രീചിത്തിര തിരുനാൾ ബാലരാമവർമ്മ 1936 നവംബർ 12-ാം തീയതി സുപ്രസിദ്ധമായ ക്ഷേത്രപ്രവേശന വിളംബരം പ്രഖ്യാപിച്ചു. തിരുവിതാംകൂറിൽ അവർണ്ണസമുദായകാർക്ക് ക്ഷേത്രപ്രവേശനം അനുവദിച്ചു കിട്ടുന്നതിനുവേണ്ടി ഏറെക്കാലമായി നടന്നുകൊണ്ടിരുന്ന സമരത്തിന്റെ പരിപൂർണ്ണ വിജയമായിരുന്നു ഈ വിളംബരം. ഇന്ത്യയിൽ ആദ്യമായുണ്ടായ ഈ വിളംബരം

അവിസ്മരണീയമായ ഒരു ചരിത്രസംഭവമാണ്. ആധുനിക കാലത്തിലെ അത്ഭുതമെന്നും ജനങ്ങളുടെ ആദ്ധ്യാത്മവിമോചനത്തിന്റെ അധികാരരേഖയായ സ്മൃതി എന്നുമാണ് ഗാന്ധിജി ഈ വിളംബരത്തെ വിശേഷിപ്പിച്ചത്. ഇന്ത്യയിലാദ്യമായുണ്ടായ ചരിത്രപ്രധാനമായ ഈ വിളംബരത്തിന് നിമിത്തമായ വൈക്കത്തേയ്ക്കും വൈക്കത്തപ്പന്റെ തിരുനടയിലേയ്ക്കും ഒന്നു പോകാം.

ദീനൻമാരിൽ തുണയ്ക്കും പലപല ദുരിതം
ചെയ്യുവോരെ ഹനിക്കും
ഗംഗാനോക്കീട്ടിരിക്കുന്നളവിലചലജാ
ദേവിയോടും രമിക്കും
ദേവൻമാരും കൊതിക്കുന്നമൃതിനു
ഗുണമില്ലെന്നതാക്കീട്ട്
വെയ്ക്കുന്നന്നം നൽകീട്ടു
വൈക്കംമരുവുമുടയവൻ
രക്ഷിതാവിന്നെനിക്കും.

ദക്ഷിണഭാരതത്തിലെ പ്രശസ്തമായ ശിവക്ഷേത്രങ്ങളിലൊന്നാണ് വൈക്കം മഹാദേവക്ഷേത്രം. കോട്ടയം ജില്ലയിലെ വൈക്കം നഗരമദ്ധ്യത്തിലാണ് ദക്ഷിണകാശി എന്നറിയപ്പെടുന്ന ഈ മഹാശിവക്ഷേത്രം സ്ഥിതി ചെയ്യുന്നത്. പരശുരാമൻ സ്ഥാപിച്ച 108 ശിവാലയങ്ങളിലൊന്നാണ് ഈ ശിവക്ഷേത്രം. അന്നദാനപ്രഭുവായ വൈക്കത്തപ്പന്റെ ഭക്തർക്ക് ഒരിക്കലും അന്നത്തിന് മുട്ടു വരില്ല എന്നാണ് വിശ്വാസം. ശില്പ ഭംഗിയുള്ള പ്രൗഢഗംഭീരമായ അണ്ഡാകൃതിയിലുള്ള ശ്രീകോവിലിൽ ഭഗവാൻ കിഴക്കോട്ടു ദർശനമായി പരിലസിക്കുന്നു. പെരുന്തച്ചൻ പണിത ഇവിടുത്തെ ശ്രീകോവിലിന് സാധാരണ ക്ഷേത്രശ്രീകോവിലിനേക്കാൾ മൂന്നിരട്ടി വലിപ്പമുണ്ട്. രണ്ടു ചുറ്റുകളുള്ള ഇവിടുത്തെ ശ്രീകോവിലിന്റെ ഓരോ ചുറ്റിലും ആറു കരിങ്കൽപ്പടികൾ വീതമുണ്ട്. പടിയാറും കടന്ന വിടെച്ചെല്ലുമ്പോൾ ശിവനെ കാണാകും ശിവശംഭോ എന്ന വരികളിൽ പൂന്താനം നമ്പൂതിരി ഇതു വ്യക്തമാക്കിയിട്ടുണ്ട്. രണ്ടടി ഉയരമുള്ള പീഠത്തിൽ ആറടിയോളം ഉയരമുള്ള ശിവലിംഗമാണ് ഇവിടെയുള്ളത്. അഞ്ചു പൂജയും ശീവേലിയുമുള്ള ക്ഷേത്രമാണിത്. വൈക്കം മഹാദേവക്ഷേത്രത്തിൽ ഭഗവാൻ രാവിലെ ദക്ഷിണാമൂർത്തി ഭാവത്തിലും ഉച്ചയ്ക്ക് കിരാതമൂർത്തിയായും, വൈകുന്നേരം പാർവ്വതി സമേതനായ സാംബശിവനായും അധിവസിക്കുന്നു എന്നാണ് സങ്കല്പം. ആകാരത്തിലും ആചാരത്തിലും ഉന്നതപദവി നിലനിർത്തുന്ന ക്ഷേത്രമാണ്വൈക്കംമഹാദേവക്ഷേത്രം.ഖരമഹർഷി കൊണ്ടു വന്ന മൂന്ന് ശിവലിംഗങ്ങളിലൊന്ന് വൈക്കത്തും കൂടെയുണ്ടായിരുന്ന മറ്റൊരു ശിവലിംഗം കടുത്തുരുത്തിയിലും മറ്റൊന്ന് ഏറ്റുമാനൂരും പ്രതിഷ്ഠിച്ചു എന്നു വിശ്വസിക്കുന്നു. കിഴക്കെ ഗോപുരം കടന്നാൽ ആനക്കൊട്ടിൽ. കരിങ്കൽ പാകിയ മുറ്റത്ത് 325 തിരിയിട്ടു കത്തിക്കാവുന്ന അശ്വഥാകൃതിയിലുള്ള വിളക്ക്. ഈ വിളക്കിൽ എണ്ണയോ നെയ്യോ ഒഴിച്ചു കത്തിക്കുന്ന ചടങ്ങാണ് ആലുവിളക്കു തെളിയിക്കൽ. 64 അടി ഉയരമുണ്ട് ഇവിടുത്തെ കൊടിമരത്തിന്. ഈ ശിവക്ഷേത്രത്തിന്റെ വാതിൽ മാടത്തിലൂടെ കടന്നുപോകുമ്പോൾ കാണുന്ന ദാരുശില്പങ്ങളിൽ രാമായണ കഥയാണ് കൊത്തി വച്ചിരിക്കുന്നത്. വൈക്കം മഹാദേവക്ഷേത്രത്തിൽ മാത്രം കാണുന്ന ചടങ്ങാണ് ഘട്ടിയം ചൊല്ലൽ. ദീപാരാധനയ്ക്കും അത്താഴശ്രീബലിയുടെ മൂന്നാമത്തെ പ്രദക്ഷിണത്തിനുമാണ് ഇതു നടക്കുക. മുകളിൽ ഋഷഭവാഹനവും അഞ്ചടി ഉയരവുമുള്ള ഒരു വെള്ളി വടി കയ്യിൽ പിടിച്ച് അഞ്ജലീബദ്ധനായി നിന്ന് ദേവന്റെ സ്തുതിഗീതങ്ങൾ ചൊല്ലുന്നതാണ് ഘട്ടിയം ചൊല്ലൽ എന്നത്. അന്നദാനപ്രഭുവായ വൈക്കത്തപ്പന് പ്രാതൽ എന്നറിയപ്പെടുന്ന സദ്യയാണ് പ്രധാന വഴിപാട്. രാജഭരണകാലത്ത് ഇവിടെ പ്രാതൽ ഇല്ലാത്ത ദിവസം വളരെ വിരളമായിരുന്നു. അന്ന് ബ്രാഹ്മണസദ്യയായിരുന്നു. പിന്നീട് എല്ലാവർക്കും ഈ സദ്യയിൽ പങ്കാളികളാകാൻ അവസരം ലഭിച്ചു. പ്രാതൽ നടക്കുമ്പോൾ ഭഗവാന്റെയും പാർവ്വതീദേവിയുടെയും സാന്നിദ്ധ്യം ഉണ്ടെന്നാണ് വിശ്വാസം. പ്രാതലിന് എത്ര അരിവെച്ചാലും തികയാതെ വരുകയോ അധികമാവുകയോ ചെയ്യുകയില്ല എന്നാണ് പഴമക്കാരുടെ വിശ്വാസം. അന്നത്തിനു മുട്ടുവരാതിരിക്കുവാനും കുടുംബത്തിന്റെ ഐശ്വര്യത്തിനും, കാര്യസാദ്ധ്യത്തിനും ഇന്നും ധാരാളം

ആളുകൾ വൈക്കത്തപ്പന് പ്രാതൽ വഴിപാടു നടത്താറുണ്ട്. സദ്യയ്ക്കാവശ്യമായ കറികൾ ഒരുക്കുവാൻ മുട്ടസ്സു നമ്പൂതിരിക്ക് പാർവ്വതീദേവി അനുഗ്രഹിച്ച് ചട്ടുകം നൽകിയെന്നും ഐതിഹ്യമുണ്ട്. വൈക്കത്തെ ദേഹണ്ണക്കാരനായ മുട്ടസ്സു നമ്പൂതിരിയെ ഒരിക്കൽ ആയില്യം തിരുനാൾ മഹാരാജാവ് തിരുവനന്തപുരം കൊട്ടാരത്തിലേക്ക് കൂട്ടിക്കൊണ്ടു പോയി. അദ്ദേഹത്തിന് വൈക്കത്തെ പ്രാതൽ പോലെ ഒരു സദ്യ ഒരുക്കണമെന്നൊരാഗ്രഹം. വൈക്കത്തെ കണക്കുപ്രകാരം സാധനങ്ങളും നല്കി. സദ്യ ഉണ്ടു കഴിഞ്ഞപ്പോൾ വൈക്കത്തെപ്പോലെ നന്നായില്ല. അദ്ദേഹം നമ്പൂതിരിയെ വിളിച്ച് സദ്യ നന്നാവാത്തതിന്റെ കാരണം തിരക്കി. കണക്കുപ്രകാരം ഒരു കുറവുണ്ടായിരിന്നില്ലല്ലോ പിന്നെന്തേ സദ്യ നന്നാവാത്തത്. നമ്പൂതിരി പറഞ്ഞു കുറവുണ്ടായിരുന്നു ചാർത്തിന്റെ താഴെ വൈക്കത്തെ വലിയ അടുക്കള എന്നുകൂടി എഴുതിയിരുന്നു. അതവിടെ ഉണ്ടായിരുന്നില്ല. അങ്ങനെ വൈക്കത്തപ്പന്റെ വൈഭവമാണ് പ്രാതലിന്റെ പ്രസിദ്ധിക്കു കാരണമെന്ന് രാജാവിനു മനസ്സിലായി. ഒരിക്കൽ വില്വമംഗലത്തു സ്വാമിയാർ വൈക്കത്തെത്തിയപ്പോൾ ഭഗവാൻ പ്രാതൽ ഭക്ഷിക്കുകയായിരുന്നു. പാർവ്വതിദേവിയാണ് അടുത്തിരുന്ന് ചോറും കറികളും വിളമ്പികൊടുത്തിരുന്നത്. സ്വാമിയാരെ കണ്ടപ്പോൾ ചട്ടുകം തിരുമേനിക്കു നല്കി ഇനിയെല്ലാം തിരുമേനിയുടെ യുക്തം പോലെയെന്നരുളി ചെയ്ത് ദേവി അപ്രത്യക്ഷയായി എന്നാണ് ഐതിഹ്യം. ഇന്നും ഇവിടെ പ്രാതൽ നടക്കുമ്പോൾ ഭഗവാന്റെയും ഭഗവതിയുടെയും സാന്നിദ്ധ്യം ഉണ്ടെന്നാണ് വിശ്വാസം. ഏറ്റവും പ്രധാനമായ വഴിപാടാണ് പ്രാതൽ വഴിപാട്. പിന്നീടുള്ള പ്രധാന വഴിപാടുകൾ ആനന്ദപ്രസാദം, സഹസ്രകലശം, ദ്രവ്യകലശം, ആയിരം കലശം,ആയിരക്കുടം, ക്ഷീരധാര, ജലധാര, ആലുവിളക്ക് എന്നിവയാണ്. രണ്ടുത്സവങ്ങളാണ് പ്രധാനമായുള്ളതും. വൃശ്ചികമാസത്തിലെ അഷ്ടമിയും, കുംഭമാസത്തിലെ അഷ്ടമിയും. ശിവരാത്രിയും ആഘോഷിക്കാറുണ്ട്. വൈക്കത്തഷ്ടമിയാണ് പ്രധാന ആഘോഷ ദിവസം. വൃശ്ചികമാസത്തിലെ അഷ്ടമിയാണ് വൈക്കത്തഷ്ടമി എന്ന പേരിൽ ആഘോഷിക്കുന്നത്. ക്ഷേത്രത്തിന്റെ കിഴക്കേ ആൽച്ചുവട്ടിൽ തപസ്സനുഷ്ഠിച്ച വ്യാഘ്രപാദമുനിക്ക് ഭഗവാൻ പത്നീസമേതനായി ദർശനം നല്കി അനുഗ്രഹിച്ച പുണ്യമുഹൂർത്തത്തിലാണ് അഷ്ടമിദർശനം പ്രസിദ്ധമായത്. വൃശ്ചികത്തിലെ അഷ്ടമി ദിവസമാണ് വ്യാഘ്രപാദമുനിക്ക് ദർശനം നൽകിയതെന്നു വിശ്വസിക്കുന്നു.

ശൂരപത്മാസുരനേയും താരകാസുരനേയും നിഗ്രഹിക്കുവാൻ മകൻ സുബ്രഹ്മണ്യൻ പുറപ്പെടുമ്പോൾ പുത്രവിജയത്തിനുവേണ്ടി ശിവൻ അഷ്ടമി ദിവസം അന്നദാനം നടത്തുന്നു. ശിവൻ മാത്രം നിരാഹാരം അനുഷ്ഠിക്കുന്നു. കിഴക്കേ ആനപ്പന്തലിൽ മകനെ കാത്തിരിക്കുന്ന പരമശിവൻ വിജയശ്രീലാളിതനായി രാത്രിയിലെത്തിച്ചേരുന്ന ഉദയനാപുരത്തപ്പനെ വാദ്യാഘോഷങ്ങളോടും അലങ്കാരങ്ങളോടും കൂടി എതിരേല്ക്കുന്നു. ചുറ്റുമുള്ള ക്ഷേത്രങ്ങളിലെഭഗവതിമാരേയുംസ്വീകരിക്കുന്നു.ഇത് കൂടിപൂജയെന്നാണറിയപ്പെടുന്നത്. അഷ്ടമിയുത്സവത്തിന് വൈക്കത്തപ്പന്റെ ആറാട്ട് ഉദയനാപുരം സുബ്രഹ്മണ്യക്ഷേത്രത്തിൽ വച്ചാണ്.

ക്ഷേത്രത്തിലെ വട്ടശ്രീകോവിലിന്റെ കഴുക്കോലുകളുടെ എണ്ണം ഊരാളൻമാരുടെ എണ്ണത്തെ സൂചിപ്പിക്കുന്നു എന്നാണ് പഴമക്കാരുടെ വിശ്വാസം. ഊരാളൻമാർ തമ്മിലുള്ള ചേരിപ്പോരു മൂത്തപ്പോൾ ക്ഷേത്രം വടക്കുംകൂർ രാജാവു പിടിച്ചെടുത്തു എന്നും അദ്ദേഹമാണ് വടക്കു പുറത്തു പാട്ട് ആരംഭിച്ചതെന്നും ഐതിഹ്യമുണ്ട്. പന്ത്രണ്ടു വർഷത്തിലൊരിക്കൽ ഇന്നും പ്രസിദ്ധമായ വടക്കുപുറത്തു പാട്ട് നടന്നു വരുന്നു. അന്ന് കൊടുങ്ങല്ലൂർ ഭഗവതി വൈക്കത്തെത്തുമെന്നാണ് വിശ്വസിക്കുന്നത്. വൈക്കത്തെ വലിയ അടുക്കളയിലെ വെണ്ണീറാണ് ക്ഷേത്രത്തിലെ പ്രസാദം. ക്ഷേത്രത്തിന്റെ വടക്കേ അറ്റത്തായി രണ്ടു നില ഊട്ടുപുരയുണ്ട്. അവിടെ ക്ഷേത്രകലാപീഠവും പ്രവർത്തിക്കുന്നുണ്ട്. ഊട്ടുപുരയുടെ വടക്കുമാറി ക്ഷേത്രക്കുളവും കാണാം. കന്നിമൂല ഗണപതിയും സ്തംഭഗണപതിയും, പനച്ചിക്കൽ ഭഗവതിയും, വ്യാഘ്രപാദമഹർഷിയുമാണ് ഇവിടുത്തെ ഉപദേവതകൾ.

അന്നദാനപ്രഭുവായ വൈക്കത്തപ്പന്റെ തിരുനടയിൽ ക്ഷേത്രപ്രവേശനവിളംബരമെന്ന ചരിത്രസംഭവത്തിനു സാക്ഷ്യം വഹിച്ച മഹാദേവന്റെ തിരുമുമ്പിൽ ഭക്തിപൂർവ്വം പ്രാർത്ഥിക്കുവാനും ഭഗവാന്റെ പ്രിയ വഴിപാടായ പ്രാതൽ വഴിപാടു നടത്തുവാനും ഭഗവൽ സാന്നിദ്ധ്യത്തിൽ ഭക്ഷിക്കുവാനും അതുവഴി കുടുംബത്തിൽ ഐശ്വര്യം വർദ്ധിക്കുവാനും അന്നത്തിനു മുട്ടുവരാതിരിക്കുവാനും കാര്യസാദ്ധ്യത്തിനും എല്ലാവർക്കും വൈക്കത്തപ്പന്റെ അനുഗ്രഹമുണ്ടാവട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ട്,

മുപ്പൂരുമടക്കിവാഴും വൈക്കത്തു
പെരും തൃക്കോവിലപ്പാ
ഭഗവാനേ പോറ്റീമറ്റില്ലാശ്രയം ●

# ദൗത്യം



മൃണാളിനി

അയാൾ മദ്ധ്യാഹ്നത്തിന്റെ ചവുട്ടിത്തേഞ്ഞരഞ്ഞ നിഴൽപ്പാടുകളിലൂടെ നടന്നു പോകുമ്പോഴാണ് സുഹൃത്ത് മാടിവിളിച്ച് ആ ദൗത്യമേൽപ്പിച്ചത്. തങ്കമണിക്കൊരു കത്ത് നൽകണം. സുഹൃത്തിന് നേരിട്ട് കൊടുക്കുവാൻ ധൈര്യം പോരാ. വികലമായ കൈയ്യക്ഷരങ്ങളിൽ വിറക്കുന്ന കൈ കൊണ്ടെഴുതിയ പ്രേമലേഖനം. കൈയ്യക്ഷരം എത്രത്തോളം വികലമായിരുന്നോ അത്രത്തോളം മനോഹരവും ആസ്വാദ്യകരവും ആയിരിക്കും ഉള്ളടക്കം. തനിക്കു തന്നെ ഇതു കൊണ്ടു പോയി കൊടുത്തു കൂടെ എന്ന ചോദ്യത്തിന് എനിക്ക് ധൈര്യം പോരാ എന്നായിരുന്നു സുഹൃത്തിന്റെ മറുപടി.

പിന്നെ എനിക്കാണോ ധൈര്യം എന്ന് മനസ്സിലോർത്തു കൊണ്ട് മനസ്സില്ലാമനസ്സോടെ ആ കത്ത് വാങ്ങിച്ചു കീശയിലിട്ടു. തങ്കമണിയെ വഴിയിലെങ്ങാനും കാണണമേ എന്നു പ്രാർത്ഥിച്ചു. പിന്നെ സുഹൃത്തിനോട് ചോദിച്ചു. അവളെ വീട്ടിന് വെളിയിൽ എവിടെ കാണാൻ കിട്ടും. സുഹൃത്ത് പറഞ്ഞു. അവൾ പാട്ട് പഠിക്കാൻ തൈലാംബാൾ ടീച്ചറിന്റെ ക്ലാസ്സിൽ പോകുന്നുണ്ട്. വാറുണ്ണിയുടെ തുന്നൽ കടയുടെ മുകളിലാണ്. അവിടെ കാത്ത് നിന്നാൽ അവൾ ഇറങ്ങി വരുമ്പോൾ കൊടുക്കാം. പിന്നെ കൂട്ടത്തോടെ ഇറങ്ങി വരുന്ന പെണ്ണുങ്ങൾക്കിടയിലല്ലേ കത്ത് കൊടുക്കുന്നത്. അയാൾ ഓർത്തു. താൻ ഇന്നേ വരെ ഒരു പെണ്ണിന്റെയും പുറകെ പോയിട്ടില്ല. പലരും ഇങ്ങോട്ട് വല വീശിയിട്ടുണ്ട്. ഒഴിഞ്ഞ് മാറിയിട്ടേയുള്ളു. അതിൽ താൽപര്യമില്ലാഞ്ഞിട്ടാണ്. പിന്നെ സുഹൃത്തിനു വേണ്ടി ഏറ്റെടുത്ത ഈ ദൗത്യം എങ്ങിനെ നിർവ്വഹിക്കും?. ശ്രമിച്ചു നോക്കാം. തങ്കമണിയെ താനറിയും അടക്കവും ഒതുക്കവുമുള്ള പെണ്ണാണ്. എഴുത്തു കൊടുക്കുമ്പോൾ അവൾ പ്രതിഷേധിക്കുമോ? ആദ്യം കൂട്ടുകാരന്റെ പേര് പറഞ്ഞിട്ട് വേണം എഴുത്ത് കൊടുക്കുവാൻ. ഇങ്ങിനെ ഓരോ മനോരാജ്യങ്ങളിൽ മുഴുകി അയാൾ നടന്നു.

തങ്കമണിയുടെ പാട്ട്ക്ലാസ്സിനടുത്തെത്തിയപ്പോൾ കൈകാലുകൾ വിറച്ചു തുടങ്ങി. എപ്പോഴാണ് ഇവളുടെ ക്ലാസ്സ് ഒന്ന് തീരുക. തുന്നൽക്കടക്കപ്പുറമുള്ള ചായക്കടയുടെ മുമ്പിലിട്ടിരുന്ന ബഞ്ചിൽ ഇരുന്നു. പോക്കററിൽ കത്ത് ഭദ്രമല്ലേ എന്ന് തപ്പി നോക്കി. മുകളിൽ സ്വരങ്ങളുടെയും വർണ്ണങ്ങളുടെയും ആലാപനം കേൾക്കാം. അയാൾ സുഹൃത്തിനെ അറിയാതെ ശപിച്ചു. എപ്പോൾ തീരും ഈ രാഗാലാപനങ്ങൾ എന്നറിയില്ല.

ചായക്കടക്കാരൻ വിളിച്ചു ചോദിച്ചു. ''എന്താ രാമനുണ്ണി ഒരിരുപ്പ്? ചായ വല്ലതും വേണോ?'' അയാൾ വേണ്ട എന്ന് തലകുലുക്കി.

പാട്ട് ക്ലാസ് കഴിഞ്ഞു എന്ന് തോന്നുന്നു. കുട്ടികൾ തങ്ങളിൽ കലപില സംസാരിച്ചു കൊണ്ട് താഴേക്ക് ഇറങ്ങി വന്നു. അതിനിടയിൽ തങ്കമണി ഉണ്ടായിരുന്നു. അയാൾ ധൈര്യം സംഭരിച്ച് മുന്നോട്ട് ചെന്ന് തങ്കമണിക്കായി കീശയിൽ നിന്നെടുത്ത കത്ത് നീട്ടി. കണ്ടു നിന്ന ചായക്കടക്കാരൻ വിളിച്ചു ചോദിച്ചു. ഓഹോ അപ്പോൾ ഇതായിരുന്നോ കാര്യം. കൂടെയുള്ള പെൺകുട്ടികൾ പൊട്ടി ചിരിച്ചു. വല്ലാതെ ഇളിഭ്യനായി അയാൾ പെട്ടെന്ന് തിരിഞ്ഞു നടന്നു. തങ്കമണി എന്ത് വിചാരിച്ചു കാണുമെന്നായിരുന്നു അയാളുടെ ചിന്ത മുഴുവൻ. പിന്നീടാണോർത്തത് സുഹൃത്തിന്റെ പേര് പറഞ്ഞില്ലല്ലോ. പിന്നെ സമാധാനിച്ചു. അവൻ ചുവടെ ചേർത്ത് കാണും.

തങ്കമണി കത്ത് കൗതുകപൂർവ്വം നോക്കി. കൂട്ടുകാരികൾ അത് തട്ടിപ്പറിക്കാൻ ശ്രമിച്ചു. അവൾ വിദഗ്ദ്ധമായി പിടി കൊടുക്കാതെ അത് പാട്ടെഴുതുന്ന ബുക്കിനുള്ളിൽ ഒളിച്ചു വച്ചു. പിന്നെ പെൺമണികളുടെ പയ്യാരം പറച്ചിൽ പറയാനില്ല. എല്ലാവർക്കും അസൂയയുമുണ്ടായിരുന്നു. നാട്ടിലെ ഏറ്റവും സുന്ദരനായ ചെറുപ്പക്കാരനെ അവൾ അടിച്ചെടുത്തിരിക്കുന്നു.

രാമനുണ്ണി നേരേ വീട്ടിൽപ്പോയി കട്ടിലിൽ കമിഴ്ന്നു കിടന്നു. അയാൾക്ക് വല്ലാത്ത വേപഥു ഉണ്ടായിരുന്നു. അച്ഛനോ അമ്മയോ അറി

ഞ്ഞാൽ? തങ്കമണിയെങ്ങാനും അവളുടെ വീട്ടിൽ പറഞ്ഞാലോ. അയാളുടെ ഹൃദയം ദുന്ദുഭി കൊട്ടി. അന്നത്തെ ദിവസം മുഴുവൻ അവളെപ്പറ്റിയല്ലാതെ മറ്റൊന്നും ചിന്തിച്ചില്ല. അയാളുടെ അമ്മ മകന്റെ ഭാവമാറ്റം ശ്രദ്ധിച്ചു. നിനക്കെന്താ മുഖം വാടിയിരിക്കുന്നത്. ഏയ് അമ്മയ്ക്ക് തോന്നുന്നതാ.

ഇങ്ങിനെയുണ്ടോ ഒരു ദുരവസ്ഥ. മനസ്സറിയാതെ ഒരു പ്രേമത്തിന്റെ പരിവൃത്തത്തിലായിരിക്കുന്നു. താൻ ഒരു ദൂതൻ മാത്രമായിരുന്നു. ഇപ്പോൾ കടുവയെ കിടുവ പിടിച്ചെന്ന് പറഞ്ഞ പോലെയായി. തനിക്ക് വളരെയധികം അടുപ്പമുള്ള സുഹൃത്ത് അവൻ അടിയിൽ പേരെഴുതിയിരിക്കുമോ അഥവാ അവന്റെ വികലാക്ഷരങ്ങൾ അവൾ വായിക്കുമോ. എത്ര കൈയക്ഷരവൈകല്യമുള്ളതോ അത്രയും ഭാവനാപൂർണ്ണവും മധുരതരവും ആയിരിക്കും ആ എഴുത്ത്. വായനശാലയിലിരുന്ന് അവൻ എഴുതുന്ന കവിതകൾ താൻ വായിച്ചിട്ടുണ്ട്. അതിമനോഹരം എന്നേ പറയാനുള്ളു. ആ എഴുത്ത് കവിതപോലെയായിരിക്കും. പക്ഷേ അവന്റെ മുഖം കൂടെ കണക്കിലെടുക്കണ്ടേ. എങ്ങിനെയാണ് അവനെ രക്ഷിക്കുക.

തങ്കമണി വീട്ടിൽ എത്തിയതും ബാത്ത്റൂമിൽ പോയിരുന്നു കത്ത് തുറന്ന് വായിച്ചു. കൈയ്യക്ഷരത്തിന്റെ അഭംഗി നിമിത്തം അർത്ഥം അങ്ങോട്ട് കിട്ടുന്നില്ല. എന്നാലും ഏതാണ്ട് സാഹിത്യമാണെന്ന് മനസ്സിലായി. തന്നെ വർണ്ണിച്ചിട്ടുണ്ടോ എന്ന് നോക്കി. ചുരുക്കം ഓമനേ, പ്രിയേ മുതലായ വാക്കുകൾ ഉപയോഗിച്ചിട്ടുണ്ടോ എന്ന് നോക്കി. ഇവയൊന്നും ഇല്ല. കുറെ സാഹിത്യ വാചകങ്ങൾ എഴുതി ചേർത്തിരിക്കുന്നു. കവിതയാണോ കഥയാണോ എന്നറിയില്ല. അവൾക്ക് ദേഷ്യം വന്നു. ഇങ്ങിനെയാണോ എഴുതുക. ചുവടെ പേരഴുതിയിരിക്കുന്നതവൾക്ക് രാമനുണ്ണി എന്ന് വായിച്ചെടുക്കാൻ പറ്റിയില്ല. എന്തായാലും വേണ്ടില്ല രാമനുണ്ണ്യേട്ടൻ എഴുത്ത് കൈയ്യിൽ തരാനുള്ള ധൈര്യം കാണിച്ചല്ലോ. അവൾ മധുര സ്വപ്നങ്ങളിൽ മുഴുകി.

പിറ്റേന്ന് സുഹൃത്തിനെ കണ്ടപ്പോൾ തലേ ദിവസം എഴുത്ത് കൊടുത്ത കാര്യം പറഞ്ഞു. ഇനി അതിന് ഒരു മറുപടി ചോദിക്കുമോ? അവൻ ചോദിച്ചു. രാമനുണ്ണി ചൂടായി. എഴുത്ത് കൊടുക്കാൻ ഞാൻ. മറുപടി വാങ്ങിക്കാൻ ഞാൻ, എന്നാൽ പിന്നെ ഞാനങ്ങ് പ്രേമിച്ചേക്കാം. സുഹൃത്തിന്റെ മുഖം അടികൊണ്ട പോലെയായി. രാമനുണ്ണി അവന്റെ തോളിൽ കൈയ്യിട്ടു. എടാ ഇന്നലെ ഞാൻ പെട്ട പാട് നിനക്കറിയുമോ. അച്ഛനോടാരെങ്കിലുമിതു പറഞ്ഞാൽ എന്റെ കാര്യം പോക്കാണ്. പോരാത്തതിന് അവരെല്ലാം ചിരിച്ചപ്പോൾ നിന്റെ പേര് പറയാതെ ഞാനോടിപ്പോന്നു. നീ കത്തിനടിയിൽ പേരെഴുതിയിരുന്നില്ലേ? സുഹൃത്ത് തല കയ്യിൽ താങ്ങി കുനിഞ്ഞിരുന്നു പോയി. രാമനുണ്ണി വിഷണ്ണനായി അവന്റെ അടുത്ത് പോയിരുന്നു. അങ്ങിനെയിരിക്കുമ്പോൾ അതാ തങ്കമണി കൂട്ടുകാരുടെ പെൺപടയുമായെത്തുന്നു. ട്യൂട്ടോറിയലിലേക്കു പോകുന്നതാണ്. അവൾ രാമനുണ്ണിയെ കൗതുകത്തോടെ വീക്ഷിച്ച് ഒരു ചിരി അടക്കിപ്പിടിച്ചു. ''ക്ലാസ്സ് കഴിഞ്ഞ് വൈകിട്ടു വരട്ടെ അപ്പോൾ ഞാൻ അവളോട് ഒരു മറുപടി ചോദിക്കാം.'' രാമനുണ്ണി സമധാനിപ്പിച്ചു. പക്ഷേ അയാളുടെ മനസ്സിൽ അവളുടെ അടക്കിപ്പിടിച്ച ചിരി കുതൂഹലത ഉയർത്തി.

ട്യൂട്ടോറിയൽ വിട്ടു വരുന്ന തങ്കമണി രാമനുണ്ണിയെ കണ്ടപ്പോൾ നടപ്പ് സാവകാശമാക്കി. രാമനുണ്ണി ചെന്ന് തലേദിവസത്തെ കത്തിന് മറുപടി ചോദിച്ചു. അതിനെനിക്ക് സാഹിത്യോം അറിയില്ല അങ്ങനെയൊക്കെ എഴുതാനുമറിയില്ല. അവൾ നേരിയ ലജ്ജയോടെ പറഞ്ഞു. ഇന്നലെ ഞാൻ തന്ന കത്ത് ദാസപ്പൻ തന്നതാണ്. ഞാൻ ഒരു ദൂതൻ മാത്രമാണ്. അയാൾ പറഞ്ഞു. തങ്കമണിയുടെ മുഖം മങ്ങി. മുഖത്ത് നീരസം തുടിച്ചു. ''ചേട്ടന് കുറച്ച് കൂടെ ചൊണയുണ്ടെന്നാണ് ഞാൻ ധരിച്ചത്.'' അവൾ വെട്ടിതിരിഞ്ഞ് മുന്നോട്ട് പോയി. അയാൾ അവൾ പറഞ്ഞതിന്റെ അർത്ഥം ചികഞ്ഞ് അവിടെ തന്നെ നിന്നു. പുറകെ പോകുന്ന പെൺമണികൾ അയാളെ കൺകോണ് കൊണ്ട് ഒളിയമ്പെയ്തു. അയാൾ ചിന്താമഗ്നനായി മടങ്ങി.

ഇപ്പോൾ ദാസപ്പനെ കാണാൻ ഭയമാണ്. അവന്റെ ലോല ഹൃദയം തകരുന്നത് കാണാൻ വയ്യ. എന്നിട്ടും അയാൾ അവനെ തേടിപ്പോയി. അവൻ അക്ഷമനായി കാത്തിരിക്കുകയായിരുന്നു. ''എന്തായി''? അവൻ ചോദിച്ചു. അയാൾ, അവൾ ആദ്യം പറഞ്ഞ വാക്കുകൾ ഉരുവിട്ടു. എനിക്ക് സാഹിത്യോം അറിയില്ല അങ്ങനെയൊക്കെ എഴുതാനും അറിയില്ല. രാമനുണ്ണി ധർമ്മസങ്കടത്തിലായിരുന്നു. ശേഷം ഭാഗം പറഞ്ഞാൽ അവൻ തകരും. തന്നെ അവൻ ശപിക്കും. പറയാതിരുന്നാൽ അവൻ മൂഢസ്വർഗ്ഗത്തിലമരും.

ദാസപ്പൻ ആവേശത്തോടെ പറഞ്ഞു. ഇനി ഞാൻ നേരിട്ട് ഒരു കത്ത് കൊടുക്കും. നീ എനിക്ക് തുണയായി. അതു ഞാൻ മറക്കില്ല. രാമനുണ്ണിക്ക്

അവനോട് അരുത് എന്ന് പറയണമെന്നുണ്ടായിരുന്നു. പക്ഷേ അയാൾ മൂകനായി ഇരുന്നതേയുള്ളു. ദാസപ്പൻ എവിടെ നിന്നോ കൈവന്ന ആത്മവിശ്വാസത്തോടെ പോകാനായി എഴുന്നേറ്റു. അവനെ തടുക്കുവാൻ എന്താണ് മാർഗ്ഗമെന്ന് പലവട്ടം ചിന്തിച്ചു. ഒക്കെ ശിഥിലമായിരുന്നു. അവൻ ആഞ്ഞ് നടന്ന് പോകുമ്പോൾ മറ്റൊരു മധ്യാഹ്നവും കടന്നു പോയി.

അവൻ തിരികെ വരുവാൻ വേണ്ടി അയാൾ അവിടെ തന്നെയിരുന്നു. കുറെ സമയം കഴിഞ്ഞ് കാണാതായപ്പോൾ അയാൾ അവൻ പോയ വഴിയെ പോയി കുറച്ച് ദൂരം പിന്നിട്ടപ്പോൾ അവനുണ്ട് ഒരു കലുങ്കിലിരിക്കുന്നു. അയാൾ അടുത്ത് പോയിരുന്നു. അവൻ കണ്ണീർ തൂകുകയായിരുന്നു. അയാൾ അവനോട് പറഞ്ഞു. എടാ അവൾ എന്നോട് പറഞ്ഞതൊന്നും എനിക്ക് മനസ്സിലായില്ല. എന്താണ് നിന്നോട് പറഞ്ഞത്. ഞാനല്ല കത്തെഴുതിയതെന്നും ഇത് ഇടയിൽ തരുവാൻ മാത്രം വന്നതാണെന്നും പറഞ്ഞപ്പോൾ അവൾ എനിക്ക് ചൊണയില്ലെന്ന് പറഞ്ഞു. ദാസപ്പൻ കൂടുതൽ ദയനീയമായി സുഹൃത്തിനോട് പറഞ്ഞു. രാമനുണ്ണി അവൾ നിന്നെയാണ് പ്രേമിക്കുന്നത് എന്ന് പറഞ്ഞു. ഞാൻ കൊടുത്ത കത്ത് അവൾ വലിച്ചു കീറി. നീ എല്ലാം അറിഞ്ഞുകൊണ്ടായിരുന്നോ ? അയാൾ പറഞ്ഞു. നീ എന്നെ ഒരു വല്ലാത്ത ചുറ്റുപാടിൽ ആക്കി. ഞാൻ പറഞ്ഞതു ചെയ്തു എന്നല്ലാതെ മറ്റൊരു അടുപ്പവും കാണിച്ചിട്ടില്ല. ഇപ്പോൾ ഈ പ്രതിസന്ധിയിൽ ഞാനെന്തു ചെയ്യണം.

ദാസപ്പൻ ചോദിച്ചു. നീ അവളെ പ്രേമിക്കുന്നുണ്ടോ. അവന്റെ ദീനമായ മുഖം കണ്ടപ്പോൾ അയാൾക്ക് കുറ്റബോധത്തിന്റെ നേരിയ ചാഞ്ചല്യം തോന്നി. അവനോട് എന്ത് പറയും. ഞാൻ ഒരു കുട്ടിയുടെയും പിറകെ നടന്നിട്ടില്ല. ഇപ്പോൾ എല്ലാവരും കരുതുന്നത് ഞാനാണ് അവളുടെ കാമുകൻ എന്ന്. എന്തായാലും അവൾ വീട്ടിൽ പറഞ്ഞിട്ടില്ല. ഞാനിനി എന്തു വേണം. ദാസപ്പൻ കണ്ണീർ തുടച്ച് സംയമനം വീണ്ടെടുത്തു. നീ അവളെ പ്രേമിച്ചോടാ. എന്റെ ഈ രൂപം കണ്ടാൽ ആര് പ്രേമിക്കും. രാമനുണ്ണി അവന്റെ തോളത്ത് കൈയ്യിട്ട് മൗനം പാലിച്ചു. ദാസപ്പന്റെ കണ്ണിൽ അപ്പോഴും കണ്ണീരുണ്ടായിരുന്നു. ഒടുവിൽ രാമനുണ്ണി പറഞ്ഞു. നമുക്കു രണ്ടു പേർക്കും അവളിൽ നിന്നും മാറി നിൽക്കാം. നിനക്കതു പറയാം. ഞാനവളെ അത്രയ്ക്ക് ആരാധിച്ചു പോയി. ദാസപ്പന്റെ ശബ്ദത്തിൽ ഗദ്ഗദമുണ്ടായിരുന്നു. രാമനുണ്ണിയ്ക്ക് കലശലായി ക്ഷമ നശിച്ചു കൊണ്ടിരുന്നു. തന്നെ ഒരു പെണ്ണ് തള്ളിപ്പറഞ്ഞാൽ പിന്നെ പുറകെ പോകാമോ? അതിനോടൊപ്പം അയാളുടെ മനസ്സിൽ ഒരു വികാരവലയം തളിർത്തു. അവൾ തന്നെ പ്രേമിക്കുന്നു എന്ന വാക്കുകൾ ഒരു കുളിർ കോരി തന്നു. അപ്പോഴും കണ്ണീർ തുടക്കുന്ന ദാസപ്പനോട് സമാധാനപ്പെടുത്തുവാൻ അയാൾ വീണ്ടും പറഞ്ഞു. ഞാൻ അവളോട് നിന്നെപ്പറ്റി പറഞ്ഞു നോക്കാം. നിന്റെ കവിതകളും ലേഖനങ്ങളും കാണിച്ചു കൊടുക്കാം. അവൾക്ക് അപ്പോൾ നിന്റെ സ്നേഹം സ്വീകരിക്കുവാൻ തോന്നും. ദാസപ്പൻ അവനെ നിരാലംബനായി നോക്കിയിരുന്നു.

രാമനുണ്ണി വീണ്ടും തങ്കമണിയെ നേരിട്ടു അവന്റെ കയ്യിൽ ദാസപ്പൻ കുത്തിക്കുറിക്കാറുള്ള കവിതകളും കഥകളുമുണ്ടായിരുന്നു. അയാൾ വിനീതനായി പറഞ്ഞു. ഇതെല്ലാം ദാസപ്പൻ എഴുതിയതാണ്. അവന് വളരെ ഭാവനാമഗ്നമായ മനസുണ്ട്. സ്നേഹപൂർണ്ണമായ ഹൃദയമുണ്ട്. അവന്റെ സ്നേഹം ദൃഢവും കളങ്കമില്ലാത്തതുമാണ്. ഇത്രയും പറഞ്ഞപ്പോൾ പളുങ്കു മണി ചിതറിയതു പോലെ തങ്കമണി ചിരിച്ചു. രാമനുണ്ണ്യേട്ടാ, ചേട്ടനും സാഹിത്യമുണ്ടോ. എനിക്കിതൊന്നും മനസ്സിലാവില്ല. എനിക്ക് രാമനുണ്ണ്യേട്ടനാണ് കത്ത് കൊണ്ടു വന്ന് തന്നത്. അതു കൊണ്ട് ഞാൻ രാമനുണ്ണ്യേട്ടനെ സ്നേഹിച്ചു. ''അത് ഞാൻ ദാസപ്പനു വേണ്ടി ചെയ്തതാണ്''. എനിക്ക് അയാളെ ഇഷ്ടമല്ല. വലിയ സാഹിത്യമൊന്നും എനിക്ക് മനസ്സിലാവില്ല. അയാൾക്ക് വേണ്ടി എന്റടുത്ത് വരണ്ട. അവൾ നടന്നു നീങ്ങി.

രാമനുണ്ണി തിരിഞ്ഞു നടന്നു. താനെന്തിനാണ് ഈ നൂലാമാലയിൽ ചെന്നു പെട്ടത്. ദാസപ്പനെ തനിക്ക് തള്ളിക്കളയാൻ വയ്യ. ഞാൻ രാമനുണ്ണ്യേട്ടനെ സ്നേഹിക്കുന്നു. ആ വാക്കുകൾ അയാളുടെ മനസ്സിൽ ഓളങ്ങളായി. അയാൾ നടന്നു നടന്നു ദാസപ്പനിരിക്കാറുള്ള കരിങ്കൽ പടികളിലെത്തി. ഇന്നവനെന്തു പറ്റി. പെട്ടെന്ന് ഒരു സന്ദേഹം അയാളുടെ മനസ്സിൽ ഉടലെടുത്തു. അവനെന്തെങ്കിലും കടുംകൈ ചെയ്യുമോ? അപ്പോൾ അവൻ ദൂരെ നിന്ന് നടന്നു വരുന്നു. രാമനുണ്ണി ഒരു നെടുനിശ്വാസമുതിർത്തു. അവൻ വന്ന് രാമനുണ്ണിയെ സൂക്ഷ്മമായി നോക്കി. വാക്കുകൾ വേണ്ടായിരുന്നു. രാമനുണ്ണി അവനോട് പറഞ്ഞു. അവൾക്ക് കവിതയും കഥയുമൊന്നും താൽപര്യമില്ലാത്രെ. വീണ്ടും പറഞ്ഞു ചില പെൺകുട്ടികൾ അങ്ങിനെയാണ് കാണാനൊക്കെ ചന്തം കാണും പക്ഷേ അവർ വല്ല ചവറു മാസികകളിലെ പൈങ്കിളി സാഹിത്യം കണ്ട് സ്വപ്നം കാണും. (തുടരും) ●



# നവരാത്രി പൂജ

എം. രാജലക്ഷ്മി

ഭാരതത്തിലെ ഉത്സവങ്ങളിൽ വച്ച് പ്രകാശത്തിന്റെയും വിദ്യയുടെയും സ്ത്രീ പൂജയുടെയും സമന്വയമായി, സാർവ്വത്രികമായി ആഘോഷിക്കുന്ന പൂജയാണ് നവരാത്രി പൂജ. കന്നിമാസത്തിലെ ശുക്ലപക്ഷത്തിൽ പ്രഥമ മുതൽ നവമി വരെയുള്ള രാത്രികാലങ്ങളിൽ ഈ ഉത്സവം ആഘോഷിക്കുന്നതുകൊണ്ട് ഇതിന് നവരാത്രി പൂജ എന്ന പേര് വന്നു. എന്നാൽ കർണ്ണാടകയിൽ പത്താമത്തെ ദിവസം ചടങ്ങുള്ളതുകൊണ്ട് ദസറ എന്ന പേര് വന്നു.

നവരാത്രിയിൽ ഏറ്റവും പ്രധാനപ്പെട്ട, വളരെ ആകർഷണീയമായ ഒരു പൂജ കുമാരി പൂജയാണ്. 'കുമാരി തുസാ പ്രോക്താ ദ്വിവർഷായ ഭവേദിഹ' എന്നതനുസരിച്ച് രണ്ടു വയസ്സായ പെൺകുട്ടിയെയാണ് പൂജിക്കുന്നത്. ആ ദിവസങ്ങളിൽ അന്നദാനവും വസ്ത്രാലങ്കാര ദാനങ്ങളും ചെയ്തിരിക്കണം. പൂജക്കായി തിരഞ്ഞെടുക്കുന്ന കുമാരിമാർക്ക് യാതൊരു തരത്തിലുള്ള വൈരൂപ്യമോ രോഗങ്ങളോ ഉണ്ടാകാൻ പാടില്ല. ഒന്നിൽ കൂടുതൽ കുമാരിമാരെ പൂജിക്കാവുന്നതാണ്. 2,3,4 എന്നീ അക്കം വരുന്ന ഒൻപത് കുമാരിമാരെയാണ് പൂജിക്കുന്നത്. രണ്ടു വയസ്സുകാരിയെ കുമാരി എന്നു പറയുന്നു. കുമാരി പൂജ ചെയ്യുന്നതു കൊണ്ട് ദുഃഖവും ദാരിദ്ര്യവും നശിച്ച് ബലവും, ധനവും , ആയുസ്സും വർദ്ധിക്കും.

മൂന്നു വയസ്സായ കുമാരിയെ ത്രിമൂർത്തി എന്ന് പറയുന്നു. ത്രിമൂർത്തി പൂജകൊണ്ട് ആയുസ്സ്, ധനധാന്യം, ധർമ്മാർത്ഥ കാമം, പുത്രപൗത്രാദികൾ ലഭിക്കും.

നാലു വയസ്സായ കുമാരിയെ കല്ല്യാണി എന്ന് വിളിക്കുന്നു. കല്യാണിയെ പൂജിച്ചാൽ വിദ്യാർത്ഥിക്ക് ജയം, രാജ്യം ആഗ്രഹിക്കുന്നവന് രാജപദവി എന്നിവ ലഭിക്കുന്നു.

അഞ്ചു വയസ്സുകാരിയെ രോഹിണി എന്ന് വിളിക്കുന്നു. രോഹിണി പൂജകൊണ്ട് രോഗശാന്തി ലഭിക്കുന്നു.

ആറു വയസ്സുകാരിയെ കാളി എന്നു വിളിക്കുന്നു. കാളിപൂജ ചെയ്താൽ ശത്രു നാശം ഫലം.

ഏഴു വയസ്സുകാരിയെ ചണ്ഡിക എന്നു വിളിക്കുന്നു. ചണ്ഡികാ പൂജകൊണ്ട് ശത്രു നാശം, ചൈതന്യം, ധനം എന്നിവ ലഭിക്കുന്നു. എട്ടു വയസ്സുകാരിയെ ശംഭവി എന്ന് വിളിക്കുന്നു. ശാംഭവി പൂജകൊണ്ട് ദാരിദ്ര്യം, ദുഃഖമോചനം എന്നിവ ലഭിക്കുന്നു. പോരിൽ ജയം, വശ്യലാഭം എന്നിവ ലഭിക്കുന്നു.

ഒൻപതു വയസ്സുകാരിയെ ദുർഗ്ഗാ എന്ന് വിളിക്കുന്നു. ശത്രു നാശം വരുത്തുവാനും ഉഗ്രകർമ്മഫലം നേടാനും പരലോകസുഖം നേടാനും ദുർഗ്ഗയെ പൂജിക്കുന്നു. 10–ാം വയസ്സുകാരിയെ സുഭദ്ര എന്ന് വിളിക്കുന്നു. സർവ്വാഭീഷ്ടദായിനിയാണ് സുഭദ്ര. ഏതു കാര്യസാദ്ധ്യത്തിനാണോ കുമാരിപൂജ നടത്തുന്നത് അതനുസരിച്ച് കന്യകയെ തിരഞ്ഞെടുക്കേണ്ടതുണ്ട്. കാര്യസാദ്ധ്യത്തിനായി ബ്രാഹ്മണകന്യകയെയും, വിജയിത്തിനായി ക്ഷത്രിയ കന്യകയെയും ലാഭത്തിനായി വൈശ്യശൂദ്ര കന്യകയെയും പൂജിക്കുന്നു. പൂജ ചെയ്യുന്നതിനും നിയമമുണ്ട്. അതാത് കുലത്തിൽ പെട്ടവർ വേണം പൂജാകർമ്മം ചെയ്യേണ്ടത്. അതായത് ബ്രാഹ്മണ കന്യകയെ ബ്രാഹ്മണ സ്ത്രീയായിരിക്കണം പൂജ ചെയ്യാൻ. ഈ നിയമങ്ങൾ ദേവീ ഭാഗവതത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. 'യെത്ര നാര്യസ്തു പൂജന്തേ, രമന്തേ തത്രദേവതാ'. എവിടെ സ്ത്രീ പൂജിക്കപ്പെടുന്നുവോ അവിടെ ദൈവസാന്നിദ്ധ്യം ഉണ്ടാകുന്നു. എന്ന ഋഷീശ്വരൻമാരുടെ ആപ്തവാക്യം നവരാത്രി വേളയിൽ ഈ പൂജയിലൂടെ പ്രകാശമാനമാകുന്നു. സ്ത്രീ ഒരിക്കലും പീഢിപ്പിക്കപ്പെടേണ്ടവളല്ല, മറിച്ച് പൂജിക്കപ്പെടേണ്ടവളാണ്.

വടക്കെ ഇന്ത്യയിലും തെക്കേ ഇന്ത്യയിലും വ്യത്യസ്ത പുരാണ കഥയെ ആസ്പദമാക്കി നവരാത്രി ആഘോഷിക്കുന്നു. മൈസൂറിൽ ദുർഗ്ഗാ ദേവി മഹിഷാസുരനെ വധിച്ച് വിജയം കൈവരിച്ച കാലമായി, ദസറയായി കൊണ്ടാടുന്നു. മഹിഷാസുരൻ എന്ന വാക്കാണ് മൈസൂർ ആയി മാറിയത് എന്ന് കർണ്ണാടകക്കാർ പറയുന്നു. മഹിഷാസുരന്റെ തലസ്ഥാനം മൈസൂറായി കണക്കാക്കപ്പെടുന്നു. ദുർഗ്ഗാ മഹിഷാസുരനെ വധിച്ച് അജ്ഞാനാ

ന്ധകാരത്തെ അകറ്റി ജ്ഞാനമാകുന്ന പ്രകാശ ത്തെ പ്രദാനം ചെയ്ത ദിവസമായ അന്നേദിവസം എല്ലാ കലകളുടെയും ആരംഭം കുറിച്ച് വിജയദശമിനാൾ വിദ്യാരംഭ ദിവസമായി നാം ആഘോഷിക്കുന്നു.

യോദ്ധാവ് തന്റെ ആയുധങ്ങളും, സാഹിത്യ കാരൻ, അദ്ധ്യാപകൻ, വിദ്യാർത്ഥി തുടങ്ങിയവർ അവന വന്റെ ആയുധമായ പുസ്തകം, പേന, രാമായണം, ഭാഗവതം, ഗീത, ദേവിമാഹാത്മ്യം തുടങ്ങിയ പുരാണഗ്രന്ഥങ്ങളും, സംഗീതജ്ഞർ തന്റെ വാദ്യോപകരണങ്ങളും, വർക്ക്ഷോപ്പുകാരൻ തന്റെ ടൂൾസും, വിറകു വെട്ടുകാരൻ കോടാലിയും, കർഷകൻ തൂമ്പയും കൈക്കോട്ടും ദേവിയുടെ മുമ്പാകെ പൂജക്കായി സമർപ്പിക്കുന്നു. പണ്ട് ഗൃഹങ്ങളിൽ പൂജിച്ചിരുന്നത് ഇന്ന് ദേവാല യങ്ങളിലാണെന്ന് മാത്രം വ്യത്യാസം. വിജയദശമി നാളിൽ കാലദോഷമില്ലാത്ത സമയത്ത് പൂജ ന ടത്തി അതാത് തൊഴിൽ ആരംഭിക്കുന്നു. കുട്ടികളുടെ നാവിൽ തേനിൽ മുക്കി സ്വർണ്ണമോതിരം കൊണ്ട് ഹരിശ്രീ ഗണപതയേ നമഃ അവിഘ്നമസ്തു എന്നു കുറിക്കുന്നു. മുതിർന്നവരായ നമ്മൾ അരിയിലോ മണലിലോ പഠിച്ച എല്ലാ ഭാഷകളുടെയും ലിപികളും അന്നേ ദിവസം എഴുതുന്നു.

ഉത്തരേന്ത്യയിൽ മറ്റൊരു കഥയുമായി ബ ന്ധപ്പെടുത്തി നവരാത്രി ആഘോഷിക്കുന്നു. കോസല രാജാവായ ധ്രുവസന്ധിയുടെ ഭരണകാലം സമൃദ്ധി യുടെയും, സമാധാനത്തിന്റെയും, സദാചാരത്തി ന്റെയും കാലമായിരുന്നു. അദ്ദേഹത്തിന് രണ്ടു ഭാര്യ മാരുണ്ടായിരുന്നു. മനോരമയും, ലീലാവതിയും. മനോരമയുടെ മകൻ സുദർശനനും, ലീലാവതിയുടെ മകൻ ശത്രുജിത്തും. ശത്രുജിത്തിന്റെ അമ്മ ലീലാവതി ഉജ്ജയിനിയിലെ രാജാവിന്റെ മകളാണെ ങ്കിൽ സുദർശനന്റെ അമ്മ മനോരമ കലിംഗ രാജാവിന്റെ മകളായിരുന്നു. ധ്രുവസന്ധി രാജാവ് വേട്ടയാടാൻ പോയ അവസരത്തിൽ ഒരു സിംഹത്താൽ വധിക്കപ്പെട്ടു. മരണവാർത്ത അറിഞ്ഞ് രണ്ടു രാജാക്കൻമാരും തന്റെ കൊച്ചു മകനെ യുവരാജാവാക്കണമെന്ന വിചാരത്തിൽ തമ്മിൽ യുദ്ധം ചെയ്തുയുദ്ധത്തിൽ കലിംഗ രാജാവായിരുന്ന വീരസേനനെ ഉജ്ജയിനി രാജാവായ യുധാജിത്ത് വധിച്ച് ശത്രുജിത്തിനെ യുവരാജാവാക്കി.

മന്ത്രിയായ വിതുലന്റെ ഉപദേശപ്രകാരം മനോരമയും സുദർനനും പലായനം ചെയ്തു. വഴിക്ക് വച്ച് തസ്കരൻമാർ അവരുടെ കയ്യിലുള്ളതെ ല്ലാം കവർന്നു. അവർ ഗംഗാനദിയിലൂടെ ഒരു പൊങ്ങിൻ തടിയുടെ സഹായത്തോടെ രക്ഷപ്പെട്ട് ത്രികുടാചലത്തിൽ ഭരദ്വാജമുനിയുടെ ആശ്രമത്തി ൽ അഭയം പ്രാപിച്ചു. യുധാജിത്ത് ഈ വിവരം അറിഞ്ഞ് മനോരമയേയും സുദർശനനേയും വധിക്കുവാൻ സൈന്യവുമായി വന്നു. പക്ഷെ ഭരദ്വാജ മുനിയുടെ മന്ത്രശക്തിക്ക് മുന്നിൽ അവർ പരാജിതരായി മടങ്ങി. ഇവരോട് കൂറുണ്ടായിരുന്ന വിതുലൻ ഒരു ദിവസം ഭരദ്വാജാ ശ്രമത്തിൽ വന്നു. വിതുലനെ കണ്ടപ്പോൾ മുനികുമാരൻമാർ ക്ലീബാ, ക്ലീബാ എന്ന് ഉച്ചരിച്ചു. എന്നാൽ സുദർശന രാജകുമാരന് ക്ലീ, ക്ലീ എന്ന ശബ്ദം മാത്രമെ പുറത്ത് വന്നുള്ളൂ. അത് ദേവിയുടെ കാമരാജ ബീജമന്ത്രമായതിനാൽ രാജകുമാരന് അത്ഭുത ശക്തി കൈവന്നു. ദേവീഭക്തനായി വളർന്ന സുദർശനന് ദേവി പ്രത്യക്ഷപ്പെട്ട് ദിവ്യമായ വില്ലും, അസ്ത്രങ്ങൾ നിറഞ്ഞ ആവനാഴിയും, അഭേദ്യമായ കവചവും നൽകി. ഭരദ്വാജ മുനിയിൽ നിന്നും വേദശാസ്ത്രങ്ങളും അഭ്യസിച്ചു. സുദർശനൻ കാശിരാജാവായ സുബാഹുവിന്റെ പുത്രി ശശികലയെ വിവാഹം ചെയ്തു. ശൃംഗവേരി പുരത്തിലെ രാജാവായ നിഷാദൻ ഒരു വിശേഷപ്പെട്ട തേരും സമ്മാനിച്ചു. സുബാഹു നൽകിയ സൈന്യബ ലത്തോടെ അയോദ്ധ്യയിലേക്ക് പോകുന്ന വഴിക്ക് യുധാജിത്ത് യുദ്ധം ചെയ്തു എങ്കിലും ദേവിയുടെ സഹായത്താൽ സുദർശനൻ ശത്രുക്കളെ തോൽപ്പിച്ച് അയോദ്ധ്യയിലെ രാജാവായി , ചക്രവർത്തിയായി വാണു. അങ്ങനെ ദേവിയുടെ സഹായത്താൽ വിജയം കൈവരിച്ച ദിവസമായി ഉത്തരേന്ത്യക്കാർ വിജയദശമി ആഘോഷിക്കുന്നു.

മറ്റൊരു കഥ രാമൻ രാവണനെ വധിച്ച് സീതയെ വീണ്ടെടുത്ത് വിജയം കൈവരിച്ചതിന്റെ ഓർമ്മയ്ക്കായി വിജയദശമി കൊണ്ടാടുന്നു ഉത്തരേന്ത്യക്കാർ. അന്ന് രാത്രി രാവണന്റെ കോലമുണ്ടാക്കി തീ കൊളുത്തി പടക്കം പൊട്ടിച്ച് ദശമി ആഘോഷിക്കുന്നു. ഒറീസ്സയിൽ ഏറ്റവും നന്നായി അലങ്കരിക്കുന്നതും, ആഘോഷിക്കുന്നതും ആയ സെക്ടറിന് സമ്മാനവും നൽകുന്നു.

കാളിദാസന്റെ ജ്ഞാനലഭ്യതയെക്കുറിച്ച് പല പുരാണകഥകളിലും പ്രതിപാദിക്കുന്നുണ്ട്. ആടിനെ മേച്ച് നടന്ന യാദവൻ കാളിദാസനായി മാറിയ കഥ നമുക്കേവർക്കും അറിയാം. തന്നെക്കാൾ അറിവുള്ള ഒരാളിനെ മാത്രമെ വിദുഷി വിവാഹം കഴിക്കൂ എന്ന് മത്സരിച്ച അവസരത്തിൽ അവിടെ കാളിദാസനെ കൊണ്ടു വന്നപ്പോൾ അവിടെ രാവണപ്രതിമ കണ്ട് അമ്പമ്പട 'രാഭണ' എന്ന് പ റഞ്ഞതിനെ 'കുംഭകർണ്ണോ ഭകാരോസ്തി, വിഭീ

ഷണോ ഭകാരോസ്തി രാക്ഷസ്സനാം കുലശ്രേഷ്ഠോ രാഭണോ നൈവ രാവണ' എന്ന പദ്യത്തിൽ മൂന്നു സഹോദരൻമാരുടെയും രണ്ടാമത്തെ അക്ഷരം 'ഭ' ആണെന്ന് തെളിയിച്ച് അവസാനം ആ വിഡ്ഢിയെ തന്നെ രാജകുമാരിയായ വിദുഷിക്ക് വിവാഹം ചെയ്യേണ്ടി വന്നു. രാത്രി പുറത്താക്കപ്പെട്ട അവൻ കാളി ദേവിയുടെ അമ്പലത്തിൽ പോയി കത കടച്ചിരുന്നു. ഊരുചുറ്റു കഴിഞ്ഞ് വന്ന കാളി വാതിൽ അടഞ്ഞു കിടക്കുന്നതു കണ്ട് ചോദിച്ചു അകത്താര്? അതിന് പുറത്താര് എന്ന മറുചോദ്യമാണുണ്ടായത്. അപ്പോൾ 'പുറത്തു കാളി' എന്ന് ദേവി മറുപടി നൽകിയതു കേട്ടപാടെ അകത്ത് ദാസൻ എന്ന് അയാൾ അറിയിച്ചു. അങ്ങനെ കാളീദാസനായി മാറിയ അദ്ദേഹത്തോട് എന്ത് വേണമെന്ന് ചോദിച്ചപ്പോൾ വിദ്യ വേണമെന്നഭ്യർത്ഥിച്ചു. അതുകേട്ട ദേവി അദ്ദേഹത്തിന്റെ നാവിൽ വിദ്യാമന്ത്രം എഴുതി അനുഗ്രഹിച്ചു. വളരെ ജ്ഞാനിയായി തിരിച്ചു വന്ന കാളിദാസന്റെ വാക്ചാതുര്യം കേട്ട് 'അസ്തി കഞ്ചിത് വാക്‌വിലാസ' എന്ന് ആ വിദുഷി തിരിച്ച് പറഞ്ഞു. എന്തൊരു മഹത്തായ വാക് ചാതുര്യം എന്നർത്ഥം. ആ വാക്കുകൾ ചേർത്താണ് കുമാരസംഭവം മുതലായ മഹാകാവ്യങ്ങൾ അദ്ദേഹം രചിച്ചത്.

അങ്ങിനെ തിന്മയുടെ മേൽ നന്മയുടെ വിജയം കൈവരിച്ച വിജയദശമി മഹിഷാസുരനെ വധിച്ച ദുർഗ്ഗാദേവിയും, സുദർശന രാജകുമാരന് വിജയം നേടിക്കൊടുത്ത ദുർഗ്ഗാദേവിയും, കാളിദാസന് വിദ്യ നേടിക്കൊടുത്ത കാളിയും, സ്ത്രീയുടെ മൂന്നു രൂപങ്ങളായ സരസ്വതി, ലക്ഷ്മി, പാർവ്വതി എന്ന സങ്കല്പങ്ങളാണ്. ഒരേ സമയം തന്നെ സ്ത്രീയുടെ പൂജയും, വിദ്യാരംഭവും, ആയുധപൂജയും ഒത്തു ചേരുമ്പോൾ മാനവ സംസ്കാരത്തിന്റെ ഉദാത്തമായ ഉത്സവമായി നവരാത്രി ഭാരതീയർ ആഘോഷിക്കുന്നു. വിജയദശമി ദിവസം ഏത് തൊഴിൽ ചെയ്യുന്നവനും അവന്റെ ആയുധകലയിലൂടെ അജ്ഞാനാന്ധകാരത്തെ നീക്കി പ്രകാശമാനമായ വിജയം കൈവരിച്ച് ജീവിതം ധന്യമാക്കുന്നു. നമ്മുടെ ഏവരുടെയും ജീവിതം ഇപ്രകാരം സഫലമാകട്ടെ എന്ന പ്രാർത്ഥനയോടെ ......

**(മിനിക്കഥ)**

# ആത്മധ്വംസനം



**ഉണ്ണി വാരിയത്ത്**

അയാളാണ് എന്റെ മാതൃകാ പുരുഷൻ.
അതു പറയുമ്പോൾ അയാളിൽ ഒരു തെറ്റും കുറ്റവും കുറവും
ഇല്ലെന്നല്ല അർത്ഥം. എന്നും അയാൾ സ്വയം വിചാരണ നടത്തും.
തനിക്കെതിരാണെങ്കിലും വിധി പറയും. ശിക്ഷയും ഏറ്റു വാങ്ങും.
സ്വഭാവ നവീകരണം അങ്ങനെ സംഭവിക്കുന്നു.
മുഖാമുഖപ്പോരാട്ടത്തിലൂടെ ഭീകരകുറ്റവാളികളെ കീഴ്പ്പെടുത്തുന്നതുപോലെ
ആത്മധ്വംസനത്തിലൂടെ അയാൾ അയാളെത്തന്നെ പരിവർത്തനപ്പെടുത്തുന്നു.
അയാളല്ലാതെ എന്റെ മാതൃകാപുരുഷൻ മറ്റാര് ?

## കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**എറണാകുളം കരയോഗം 91-ാം വാർഷിക പൊതുയോഗം**
**കരയോഗാംഗത്വത്തിനുള്ള അതിർത്തി പുനർനിർണ്ണയിച്ചിരിക്കുന്നു.**

കൊച്ചി കോർപ്പറേഷൻ പരിധിക്കുള്ളിൽ സ്ഥിരമായി താമസിക്കുന്നവർക്ക് ആജിവനാംഗത്വത്തിനും, എറണാകുളം ജില്ലയ്ക്കുള്ളിൽ സ്ഥിര താമസമുള്ളവർക്ക് അസോസ്സിയേറ്റ് അംഗത്വത്തിനുമുള്ള അർഹത ഉണ്ടായിരിക്കുന്നതാണ്. *(നിബന്ധനകൾക്ക് വിധേയം)*
അപേക്ഷാഫോറം 2016 ആഗസ്റ്റ് 16 മുതൽ കരയോഗം ഓഫിസിൽ ലഭ്യമാണ്.

വിശദ വിവരങ്ങൾക്ക് : 0484 2361160 Extn:35, 38

*ജനറൽ സെക്രട്ടറി*

# എറണാകുളം കരയോഗം

ഈ വർഷത്തെ നവരാത്രി ആഘോഷങ്ങൾക്ക് ഒക്ടോബർ മാസം 2–ാം തീയതി വൈകിട്ട് 6.00 ന് തിരി തെളിയുകയാണ്. ഒക്ടോബർ 2–ാം തീയതി മുതൽ 11–ാം തീയതി വരെ വിവിധ കലാപരിപാടികളോടുകൂടി നവരാത്രി ആഘോഷിക്കുന്നു. സംഗീതവും നൃത്താദികലകളും സമന്വയിക്കുന്ന ഈ നിറഞ്ഞ സന്ധ്യയിലേക്ക് ഏവരുടെയും സാന്നിദ്ധ്യവും, സഹായ സഹകരണങ്ങളും പ്രതീക്ഷിക്കുന്നു.

ഭാരതത്തിലുടനീളം ഓരോ ദേശത്തും, വ്യത്യസ്ത പേരുകളിലാണ് ഈ ആഘോഷം കൊണ്ടാടുന്നത്. ബംഗാളിൽ ദുർഗ്ഗാ പൂജയായും, നമ്മുടെ നാട്ടിൽ അക്ഷരപൂജയായും, ആയുധപൂജയായും, കർണ്ണാടകയിൽ ദസ്റയായും ഒക്കെ ഈ ഉത്സവത്തെ ആഘോഷിച്ചു വരുന്നു. ഈ ഉത്സവനാളുകളിൽ ഗുജറാത്തിൽ നടക്കുന്ന 'ഡാൻഡിയ' നൃത്തം ലോകപ്രസിദ്ധമാണ്. തിൻമയുടെ മേൽ നൻമ വിജയം വരിക്കുന്ന ഈ ആഘോഷം ദേശ ഭാഷ വ്യത്യാസമില്ലാതെ ഭാരതത്തിലുടനീളം ആഘോഷിച്ചു വരുന്നു. നമ്മുടെ കൊച്ചു കേരളത്തിലും നവരാത്രിയാഘോഷ ഉത്സവത്തിന്റെ അലയടികൾ ഉയർന്നു കഴിഞ്ഞു. എറണാകുളം കരയോഗത്തിന്റെ നവരാത്രിയാഘോഷ പരിപാടിയിലേക്ക് ഏവരേയും സ്വാഗതം ചെയ്യുന്നു.

സസ്നേഹം

**പി. രാമചന്ദ്രൻ,** ജനറൽ സെക്രട്ടറി



## ഒന്നാം ദിവസം

**02.10.2016 (ഞായർ)**

**വൈകുന്നേരം 6.00 ന്**

# പൂജവെയ്പ്പ്

**6.45 ന്**

## വിവിധ കലാപരിപാടികൾ

**നായർ സ്ത്രീസമാജം**

*With Best Compliments From :*

**N.S. SURESH**

**BRIDAL STAGE DECORATION CONTRACTORS**

(PH: 2700849, MOB : 9447171849)

STAGE DECORATIONS, CAR DECORATIONS, RECEPTION, BOUQUET MAKING ETC.
ALSO UNDERTAKING SWEETS PREPARATION

# 2-ാം ദിവസം

**03.10.2016 (തിങ്കൾ)**
**വൈകുന്നേരം 6.30 ന്**

# നൃത്തസന്ധ്യ

**അവതരണം : ഭരത കലാമന്ദിരം, എളമക്കര**

**സംവിധാനം : സൗമ്യസതീഷ്**



**സൗമ്യ സതീഷ് 5-ാം വയസ്സുമുതൽ ഗുരുകുല സമ്പ്രദായത്തിൽ നൃത്തം അഭ്യസിച്ച് അരങ്ങേറ്റം കുറിക്കയും 1988 ൽ സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ ഒന്നാം സമ്മാനവും, 1990 ൽ കോഴീക്കോട് സർവ്വകലാശാലയിൽ നിന്ന് കലാതിലകവും നേടിയിട്ടുണ്ട്. കലാമണ്ഡലം ശ്രീദേവി ഗോപിനാഥ്, കലാമണ്ഡലം മോഹനതുളസി തുടങ്ങിയവരാണ് ഗുരുക്കൻമാർ. 2014 ൽ കലാസാഗർ പുരസ്കാരം ഉൾപ്പെടെ നിരവധി പുരസ്ക്കാരങ്ങൾക്കു അർഹയായിട്ടുണ്ട്. എളമക്കരയിൽ 1993 മുതൽ ഭരതകലാമന്ദിരം നടത്തി വരുന്നു.**

**ഭരത കലാമന്ദിരം**
ഭവൻസ് വിദ്യാമന്ദിർ, എളമക്കര, കൊച്ചിൻ 26
ഫോൺ ഃ 9447001352, 9947481443
website : www.soumyasathish.com

*With Best Compliments From :*

**T. RADHAKRISHNAN**

**RADHAKRISHNA CATERERS**

Nandanam, Eroor, Tripunithura

**Phone : 9388605714, 9388812584, 9744651709**

# 3-ാം ദിവസം

**04.10.2016(ചൊവ്വ)**

**വൈകുന്നേരം 6.30 ന്**

# പുല്ലാങ്കുഴൽ കച്ചേരി

**അവതരണം : കൊച്ചിൻ നന്ദനം സിംഫണി**

**പുല്ലാം കുഴൽ, സാക്സോ ഫോൺ : പ്രവീൺ പാനൂർ**

**മൃദംഗം, തബല : നവീൻ നാരായണൻ**

**ഇടയ്ക്ക, മുഖർ ശംഖ്, ഗഞ്ചിറ, റിഥം സാമ്പിളർ : മാവേലിക്കര നന്ദകുമാർ**

**സാക്ഷാത്ക്കാരം : മാവേലിക്കര നന്ദകുമാർ**


**LOYAL INDIA**

**J.N.I. Stadium, Kaloor, Kochi-682017**
**Ph: 0484-4010508 / 4025509**
**Email: loyal2india@gmail.com**

**INSTITUTIONAL DEALER & BRAND SHOP OF LLOYD**

**AIR CONDITIONERS**

**TELEVISIONS**

**INVERTER AIR CONDITIONERS**

**WASHING MACHINES**

**5 YEAR WARRANTY & LLOYD'S DIRECT INSTALLATION**

BEST PRICE IN KERALA & FINANCE AVAILABLE

BLUE STAR AIR CONDITIONERS & WATER COOLER AVAILABLE

MANAGING DIRECTOR
P. SATHEESH NAIR - 9446400006

# 4-ാം ദിവസം

**5.10.2016 (ബുധൻ)**

**വൈകുന്നേരം 6.30 ന്**

# നൃത്തസന്ധ്യ

**(ഭരതനാട്യം, മോഹിനിയാട്ടം, കുച്ചിപ്പുടി)**

**അവതരണം : ലളിതകലാസദനം**

**സംവിധാനം : കലാമണ്ഡലം മോഹനതുളസി**

കലാമണ്ഡലം മോഹനതുളസി 51 വർഷമായി ലളിത കലാസദനം എന്ന നൃത്ത വിദ്യാലയം പ്രശസ്തമായ രീതിയിൽ നടത്തി വരുന്നു.

പത്തു വയസ്സിൽ കലാമണ്ഡലത്തിൽ ചിന്നമ്മു അമ്മ ടീച്ചറുടേയും അഭിനയ ശിരോമണി ശ്രീ.എം. ആർ. രാജ രത്നംപിള്ളയുടേയും ശിക്ഷണത്തിൽ മോഹിനിയാട്ടം, ഭരതനാട്യം എന്നിവ അഭ്യസിച്ചു. എട്ട് വർഷത്തോളം രാജരത്നം മാസ്റ്ററുടെ കൂടെ ഗുരുകുല വിദ്യാഭ്യാസം ന ടത്തിയതിനുശേഷം മദ്രാസിൽ ശ്രീ.വെമ്പട്ടി ചിന്നസത്യ മാസ്റ്ററുടേയും വിശാഖ പട്ടണത്തിൽ ബാലകൊണ്ടാല റാവുവിന്റേയും കീഴിൽ കുച്ചുപ്പുഡിയും അഭ്യസിച്ചു.

കലൂർ അശോകറോഡ്, ഫോർട്ടുകൊച്ചി സീഹെഡിന്റെ കീഴിലുള്ള കലാഗ്രാമം, പൊന്നുരുന്നി എന്നീ കേന്ദ്രങ്ങളിലാണ് അദ്ധ്യയനം നടത്തുന്നത്. ഈ സ്ഥാപനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതും പ്രധാന അദ്ധ്യാപികയും മോഹനതുളസി തന്നെ.

കേരളത്തിനകത്തും പുറത്തും അതിപ്രശസ്തമായ ഒരു നിര ശിഷ്യസമ്പത്തിന് ഉടമയാണ് ശ്രീമതി മോഹനതുളസി.



**ലളിതകലാ സദനം**
ആതിര, അശോകാ റോഡ്
കലൂർ 682017
ഫോൺ : 9946379467
E mail : lalithakalasadanam@gmail.com


*With Best Compliments From :*

**HYTECK SANITARY WARES**

Achutha Warrier Lane (Opp. Formost)
M.G.Road, Kochi-682035, Ph : 2366015/2355565, Mob : 9349125825

***Dealers in Sanitary Wares, P.V.C, Pipes &Fittings,***
***C.P. Bathroom Fittings, Glazed Tiles, Flooring Tiles.***

**Bell** **Finolex**

# 5-ാം ദിവസം

**6.10.2016 (വ്യാഴം)**



**വൈകുന്നേരം 6.30 ന്**

# ഭരതനാട്യം

**അവതരണം : ശ്രുതി ജയൻ**
**വോക്കൽ : ബിനു വേണുഗോപാൽ**
**വയലിൻ : സംഗീത് മോഹൻ**
**മൃദംഗം : കലാമണ്ഡലം ചാരുദത്ത്**

Spon. By : **BEAME**
Nareshpal Centre
East of Lissie Hospital, Ernakulam North-682018
Ph : 9447608219, E-mail : beam83@yahoo.com

*With Best Compliments From :*

**HARISREE CATERERS**
**PUTHEN KULATHOOR HOUSE**
**KANNAN KULANGARA, TRIPUNITHURA- 682301**
**M. DAMODARAN, PHONE : 2778310, MOB : 9847058310**
**CATERERS FOR MARRIAGES & PARTIES ETC.**

# 6-ാം ദിവസം

**7.10.2016 (വെള്ളി)**

**വൈകുന്നേരം 6.30 ന്**

# നാട്യത്രയ

## ഭരതനാട്യക്കച്ചേരി

**രംഗത്ത് : ദീപ കർത്ത, സരിത. കെ, രഞ്ജിത ശ്രീനാഥ്**
**& രുദ്ര സെന്ററിലെ നൃത്ത വിദ്യാർത്ഥിനികളും**

**ദീപ കർത്ത**

കലാക്ഷേത്ര ഉഷാമേനോന്റെ കീഴിൽ ഭരതനാട്യംഅഭ്യസിച്ചു. ഉപരിപഠനത്തിനായി കലാക്ഷേത്ര എൻ. എസ്. ജയലക്ഷ്മിയുടെയും വിജയലക്ഷ്മി കൃഷ്ണസ്വാമിയുടേയും കീഴിൽ ഭരതനാട്യം അഭ്യസിക്കാനുള്ള ഭാഗ്യമുണ്ടായി. ഇപ്പോൾ രുദ്ര എന്ന പേരിൽ നൃത്തവിദ്യാലയം നടത്തി വരുന്നു. കലാക്ഷേത്ര ഷീജിത്ത് കൃഷ്ണയുടെ പെർഫോമിങ്ങ് ഗ്രൂപ്പിൽ അംഗം കൂടിയാണ് ദീപ. ചെന്നൈ കൃഷ്ണഗാനസഭയുടെ അഭിനയ പുരസ്കാരം കിട്ടിയിട്ടുള്ള ദീപ ഒരു കഥക് നർത്തകി കൂടിയാണ്.

**സരിത. കെ**

സരിത കലാക്ഷേത്ര ചെന്നൈയിൽ നിന്ന് പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ കഴിഞ്ഞ കലാകാരിയാണ്. നിരവധി സ്റ്റേജുകളിൽ നൃത്തം അവതരിപ്പിച്ചിട്ടുള്ള സരിത ഇപ്പോൾ കോട്ടഗിരി സ്കൂളിലെ നൃത്താധ്യാപിക കൂടിയാണ്.

**രഞ്ജിത ശ്രീനാഥ്**

രഞ്ജിത ചെന്നൈ കലാക്ഷേത്രയിൽ നിന്ന് പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ കഴിഞ്ഞ് ഇപ്പോൾ ആലപ്പുഴയിൽ നൃത്തവിദ്യാലയം നടത്തി വരുന്നു. അനവധി നൃത്തപരിപാടികൾ ഇന്ത്യയ്ക്കകത്തും പുറത്തും രഞ്ജിത അവതരിപ്പുച്ചിട്ടുണ്ട്.



**ദീപ കർത്ത**
**രുദ്ര പെർഫോർമിങ്ങ്**
**ആർട്സ് സെന്റർ**
പാലാരിവട്ടം, കൊച്ചി 25,
ഫോൺ : 9446464003

# 7-ാം ദിവസം

**8.10.2016 (ശനി)**

**വൈകുന്നേരം 6.30 ന്**

# നൃത്താർച്ചന



**അവതരണം : നൃത്തക്ഷേത്രയിലെ**
**ജൂനിയർ & സിനിയർ വിദ്യാർത്ഥിനികൾ**

**സംവിധാനം : ശ്രീദേവി രാജൻ (ഡയറക്ടർ )**

**സന്ധ്യ രാജൻ : (പ്രധാന അദ്ധ്യാപിക)**
**നൃത്തക്ഷേത്ര**
**വാരിയം റോഡ്**
**എറണാകുളം, കൊച്ചി 16**

**ഫോൺ : 0484 2354848, 2368525**

**മൊബൈൽ : 9447132451**

## 8-ാം ദിവസം

**9.10.2016 (ഞായർ)**

**വൈകുന്നേരം 6.00 ന്**

**കരയോഗ വയലിൻ വിദ്യാർത്ഥികൾ അവതരിപ്പിക്കുന്ന**

## വയലിൻ സംഗീതം

**സംവിധാനം: സദാനന്ദൻ മാസ്റ്റർ**

**വൈകുന്നേരം 7.00 ന്**

## നൃത്തസന്ധ്യ

**അവതരണം: കരയോഗത്തിലെ നൃത്തവിഭാഗം കുട്ടികൾ**

**സംവിധാനം : ആർ. എൽ.വി. ഷിൽന ജിപ്സൺ**

---

## 9-ാം ദിവസം



**10.10.2016**
**(തിങ്കൾ)**

**വൈകുന്നേരം 6.00 ന്**

**എറണാകുളം കരയോഗം**
**കഥകളി ക്ലബ്ബിന്റെ**

# കഥകളി

**കഥ: ദുർഗ്ഗമാഹാത്മ്യം**

**ആട്ടക്കഥാസംഗ്രഹം**

# 10-ാം ദിവസം

**11.10.2016 (ചൊവ്വ)**

**വൈകുന്നേരം 6.45 ന്**

# നൃത്തനൃത്യങ്ങൾ



**അവതരണം : എസ്.ബി. സ്കൂൾ ഓഫ് ഡാൻസ്**
**സംവിധാനം : കലാമണ്ഡലം എസ്. ബീന**

കേരള കലാമണ്ഡലത്തിൽ നിന്നും നൃത്തത്തിൽ ഡിപ്ലോമ പാസ്സായി.

ഭാരതിദാസൻ യൂണിവേഴ്സിറ്റിയുടെ ബി.എഫ്.എ ഡിഗ്രി പാസ്സായി.

1986 മുതൽ ഗിരിനഗർ ഭവൻസ് സ്കൂളിലെ നൃത്ത അദ്ധ്യാപികയാണ്.

മത്സര ഇനങ്ങളായ ഭരതനാട്യം, മോഹിനിയാട്ടം, കുച്ചിപ്പുഡി, സംഘനൃത്തം എന്നിവയ്ക്ക് പരിശീലനം നല്കി വരുന്നു.

സ്വന്തമായി എസ്. ബി. സ്കൂൾ ഓഫ് ഡാൻസ് എന്ന പേരിൽ നൃത്തവിദ്യാലയം നടത്തുന്നു. ഫോൺ : 9446077912

# 2016 ഓഗസ്റ്റ് മാസത്തിൽ അന്തരിച്ച കരയോഗാംഗങ്ങൾ



**കെ. രാധാകൃഷ്ണൻ**
L/ 1148, ധന്യ
ഈസ്റ്റ് തൃക്കാക്കര ടെമ്പിൾ
കൊച്ചി 682021



**ഗോപിനാഥപിള്ള പി.കെ.**
L/4595, ആനന്ദ് 28/ 100
പനമ്പിള്ളി നഗർ
കൊച്ചി 682036



**ഓമനകുഞ്ഞമ്മ പി. എസ്**
L/ 2892, ഫ്ളാറ്റ് 2 സി, മാധവം
കൃഷ്ണകൃപ റസിഡൻസി
പുക്കാട്ടുപടി റോഡ്
Near തൃക്കാക്കര ടെമ്പിൾ
കൊച്ചി 682021



**ഗോവിന്ദപിള്ള കെ.**
L/ 1067, 165, ഗോകുലം
പനമ്പിള്ളി നഗർ
കൊച്ചി 682036



**ഗോവിന്ദമേനോൻ. പി**
L/1503, മുല്ലോത്ത് ഹൗസ്
തേവര റോഡ്
കൊച്ചി 682016



**കെ.കെ.ശ്രീധരൻ നായർ**
L/784,
ശ്രീനിവാസ് അപ്പാർട്ട്മെന്റ്
മാധവൻനായർ റോഡ്
ചാലപ്പുറം, കോഴിക്കോട്-673002



**പീതാംബരകുറുപ്പ് ടി.ആർ**
L/1285, ബി. 602, ശാന്തി ഗാർഡൻ,
തോപ്പിൽ, തൃക്കാക്കര പി.ഒ.
കൊച്ചി 682 021



**കെ.ഗംഗാധരമേനോൻ**
L/1671, യശോറാം പ്രസീദ
അപ്പാർട്ട്മെന്റ്, ഫ്ളാറ്റ് നമ്പർ എ 5
Opp. നോർത്ത് ഗിരിനഗർ കോളനി
ഗാന്ധിനഗർ, കൊച്ചി 682020



**മനോഹർ ബാലകൃഷ്ണൻ**
L/5187, എം. ഐ. ജി. 132
ഗാന്ധിനഗർ, കടവന്ത്ര
കൊച്ചി 682 020



**സരസ്വതി കൊല്ലം പറമ്പിൽ**
L/1617, പവിത്രം
Near അലയൻസ് ടിമ്പർ
തൃക്കാക്കര 682021



**കെ.ശിവദാസമേനോൻ**
L/3815, 37 /876 എ,
വൃന്ദാവൻ കോളനി
സുഭാഷ്ചന്ദ്രബോസ് റോഡ്
വൈറ്റില, കൊച്ചി 682019



**നെടിയം വീട്ടിൽ ദാമോദരൻ**
L/1907, ശാന്തി, മെച്ചൂർ ഹൗസ്
ദിവാൻസ് റോഡ്
എറണാകുളം, കൊച്ചി 682 016

**ശ്രുശ്രൂയതാം ധർമ്മസർവസ്വം ചൈവ വിചാര്യതാം**
**ആത്മന ഃ പ്രതികൂലാനി പരേഷാന്ത വിചാരയേൽ**

**അർത്ഥം ഃ ധർമ്മാധർമ്മങ്ങളെയെല്ലാം കേട്ട് അതിനെ ബുദ്ധികൊണ്ട് വിചാരിച്ച് ആത്മാവിന് ഗുണവിരോധമായ കാര്യങ്ങളെ ആരോടും ചെയ്യരുതെന്നറിക.**
*(നീതിസാരം)*

# ഇടിമിന്നൽ

## ജാഗ്രതാ നിർദ്ദേശങ്ങൾ

ഇടിമുഴക്കത്തിന്റെ അകമ്പടിയോടെ മേഘങ്ങളിൽ (ക്യൂമുലോ നിംബസ്) നിന്നും ഭൗമോപരിതലത്തിലേക്ക് പ്രവഹിക്കുന്ന അമിത ഊർജ്ജത്തോടെയുള്ള തിളങ്ങുന്ന വൈദ്യുത ഡിസ്ചാർജ്ജാണ് മിന്നൽ. ഇവ വളരെ വേഗത്തിൽ സെക്കന്റിന്റെ പത്തിലൊന്ന് സമയത്തിനുള്ളിൽ സംഭവിക്കുന്നു. ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ ദശലക്ഷക്കണക്കിന് വോൾട്ട് വൈദ്യുത ഡിസ്ചാർജ്ജും മുപ്പതിനായിരത്തോളം ഡിഗ്രിചൂടും സൃഷ്ടിക്കപ്പെടുന്നു.

മിന്നൽ ഉണ്ടാകുന്നതിന്റെ സമയവും, അവ പതിക്കുന്ന സ്ഥലവും കൃത്യമായി പ്രവചിക്കുക പ്രയാസകരമോ അല്ലെങ്കിൽ അസാധ്യമോ ആണ്. എന്നിരുന്നാലും ഇവ ഉണ്ടാകുന്ന കാലം എല്ലാ പ്രദേശങ്ങളിലും അറിവുള്ളതാണ്. കേരളത്തിൽ സാധാരണയായി ഒക്ടോബർ മുതൽ ജൂൺ വരെ (തുലാം-ഇടവം) യുള്ള മാസങ്ങളിൽ മിന്നൽ ഉണ്ടാകാറുണ്ട്. ഉച്ച കഴിഞ്ഞുള്ള സമയങ്ങളിലാണ് മിന്നൽ കൂടുതലായി ഉണ്ടാകുന്നത്.

**മിന്നൽ ഉണ്ടാകുന്നത് എന്തുകൊണ്ട് ?**

മേഘങ്ങളിൽ വച്ച് ഏറ്റവും വലിപ്പമേറിയ ക്യൂമുലോ നിംബസ് ആണ് മിന്നൽ ഉണ്ടാകുന്നതിന് കാരണം. താപ സംവാഹകരായ ഇത്തരം മേഘങ്ങളാണ് കേരളത്തിലുണ്ടാകുന്ന മിന്നലിന് ഹേതുവാകുന്നത്. സൂര്യ രശ്മികളുടെ കഠിന താപത്തിനാൽ പ്രഭാത സമയങ്ങളിലാണ് ക്യുമുലോ നിംബസ് മേഘങ്ങൾ രൂപപ്പെടുന്നത്.

**മിന്നൽ അപകടകാരിയാകുന്നതെങ്ങനെ ?**

സെക്കന്റിന്റെ പത്തിലൊന്ന് അംശം സമയത്തിനുള്ളിൽ മിന്നൽ സംഭവ്യമാകുന്നതിനാൽ ഇതു മൂലമുണ്ടാകുന്ന ആഘാതങ്ങളിൽ നിന്നും മനുഷ്യജീവനുകൾക്ക് രക്ഷപ്പെടുക അസാധ്യമാണ്. എന്നിരുന്നാലും മിന്നലിനെക്കുറിച്ചുള്ള ശരിയായ അറിവ് ഒരു പരിധിവരെ അപകടം കുറയ്ക്കുന്നതിന് സഹായിക്കുന്നു. ഒരു പ്രദേശത്ത് മിന്നൽ ഉണ്ടാകുന്ന കാലം ദിവസം, സമയം എന്നിവയെക്കുറിച്ച് അറിഞ്ഞിരിക്കുക എന്നത് സുപ്രധാനമായ കാര്യമാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം മിന്നൽ ഉണ്ടാകുന്നതിന് ഒരു പ്രത്യേക കാലം ഉള്ളതിനാൽ പ്രസ്തുത കാലയളവിൽ പ്രതിരോധ നടപടികൾ മുൻകൂറായി എടുക്കാവുന്നതാണ്.

**മിന്നലിൽ നിന്നും സുരക്ഷിതത്വം നൽകുന്ന ഇടങ്ങൾ**

1. നല്ല സംരക്ഷണം ലഭിക്കുന്ന സ്ഥലങ്ങൾ : മിന്നലിനെ ഉൾഭാഗത്തേയ്ക്ക് തുളച്ച് കയറാൻ അനുവദിക്കാത്തതും പൊട്ടാത്തതുമായ ലോഹ പ്രതലങ്ങളാൽ, ഭാഗികമായോ പൂർണ്ണമായോ ചുറ്റപ്പെട്ട സ്ഥലങ്ങളിൽ ഒരു വ്യക്തി സുരക്ഷിതനായിരിക്കും.

**ചില ഉദാഹരണങ്ങൾ താഴെപ്പറയുന്നു.**

സ്റ്റീൽ ഫ്രെയിം ഉള്ള കെട്ടിടങ്ങൾ

ലോഹ പ്രതലങ്ങൾ ഉള്ള വാഹനങ്ങൾ (തുറന്ന വാഹനങ്ങൾ ഈ പരിധിയിൽ വരുന്നില്ല)

കൂരയും ഭിത്തിയും ലോഹഷീറ്റ് കൊണ്ട് മൂടിയതും ജോയിന്റുകൾ ചാലകപ്രതലം ഉറപ്പാക്കുന്ന തരത്തിൽ വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിച്ചതുമായ കെട്ടിടങ്ങൾ

2. മിനിമം സംരക്ഷണം ലഭിക്കുന്ന സ്ഥലങ്ങൾ :

വലുതും ചെറുതുമായ കെട്ടിടങ്ങളുടെ ഉൾഭാഗം

പർവ്വതങ്ങളിൽ കാണപ്പെടുന്ന പാർശ്വ ഭാഗങ്ങളിൽ സ്പർശിക്കാതെ ഒരാൾക്ക് ഇരിക്കുകയോ നിൽക്കുകയോ ചെയ്യാൻ കഴിയുന്ന പൊള്ളയായ ഭാഗങ്ങൾ.

3. മിന്നൽ ഉള്ളപ്പോൾ ഒഴിവാക്കേണ്ട സ്ഥലങ്ങളും സാഹചര്യങ്ങളും

ഒരു പ്രദേശത്തെ ഏറ്റവും ഉയരം കൂടിയ വസ്തുക്കളിലാണ് പ്രധാനമായും മിന്നൽ വന്നു പതിക്കുന്നത്.

പ്രത്യേകിച്ചും ലോഹനിർമ്മിതമായ വസ്തുക്കളിൽ, ലോഹവസ്തു വലുതാണെങ്കിൽ സാധ്യത വീണ്ടും കൂടുന്നതാണ്.

മിന്നൽ ഉണ്ടാകുമ്പോൾ തുറസ്സായ സ്ഥലത്തും കുന്നിൽ മുകളിലും നിൽക്കുന്ന ഒറ്റപ്പെട്ട മരങ്ങളുടെ അടിയിൽ നിൽക്കുന്നത് ഒഴിവാക്കേണ്ടതാണ്. മരത്തിന്റെ ഉയരം കൂടുന്തോറും അപകട സാധ്യത കൂടുന്നു. ഒറ്റപ്പെട്ട മരങ്ങളുടെ കൂട്ടവും ഒറ്റപ്പെട്ട മരത്തെപ്പോലെ അപകടകരം ആണ്.

**മിന്നൽ സമയത്ത് താഴെപ്പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.**

വൻമരങ്ങൾ ഉള്ള വനങ്ങളുടെ അരികിൽ നിൽക്കുന്നത് അപകടകരം ആണ്.

തുറസായ സ്ഥലത്തുള്ളതും, മതിയായ സുരക്ഷാ കവചമില്ലാത്തതുമായ കളപ്പുര, ചെറുകെട്ടിടങ്ങൾ, നിരീക്ഷണ ടവറുകൾ, കുടിലുകൾ എന്നിവയും അപകടകരം ആണ്.

സുരക്ഷാ കവചമില്ലാത്ത വൈദ്യുത ലൈനുകൾ, ലോഹഘടനകൾ എന്നിവയുടെ സമീപസ്ഥലങ്ങളിൽ നിൽക്കുന്നത് ഒഴിവാക്കുക.

കൊടിമരം, ടി.വി ആന്റിനയുടെ പൈപ്പ്, കുത്തനെയുള്ള ലോഹപൈപ്പുകൾ എന്നിവയുടെ സമീപ സ്ഥലം.

തടാകങ്ങളും നിന്തൽകുളങ്ങളും തുറസായ ജലസ്രോതസ്സുകളിൽ കാണപ്പെടുന്ന വള്ളങ്ങളും മിന്നൽ പതിക്കാൻ സാധ്യത ഏറെയുള്ള സ്ഥലങ്ങൾ ആണ്.

തുറസ്സായ മൈതാനത്ത് നിൽക്കുന്നതും അപകടം തന്നെ.

മിന്നൽ സമയത്ത് കുന്നിന്റെ മുകൾഭാഗം ഒട്ടും സുരക്ഷിതമല്ല. താഴ്വരയേക്കാൾ മിന്നൽ പതിക്കാൻ സാധ്യത കൂടുതൽ കുന്നിൻ മുകളിൽ ആണ്.

ലോഹങ്ങളോ ലോഹ വയർ കൊണ്ടോ നിർമ്മിച്ച വേലികൾ, കൈവരികൾ എന്നിവയുമായി ചേർന്നു നിൽക്കരുത്.

സൈക്കിൾ ചവിട്ടുന്നതും, കുതിരയെ തെളിക്കുന്നതും, മോട്ടോർ സൈക്കിൾ, ഓപ്പൺ ട്രാക്ടർ എന്നിവ ഓടിക്കുന്നതും ഒഴിവാക്കണം.

കോടാലി, പിക്ക് ആക്സ്, കുട, ലോഹകസേരകൾ തുടങ്ങിയവ ഉപയോഗിക്കാൻ പാടില്ല.

തുറസായ സ്ഥലത്തും സുരക്ഷാ കവചമില്ലാത്ത ചെറുമുറികളിലും കൂട്ടമായി നിൽക്കാൻ പാടില്ല.

മോട്ടോർ കാറിനോട് വളരെ അടുത്തു നിൽക്കുന്നതും, അതിന്മേൽ ചാരിനിൽക്കുന്നതും ഒഴിവാക്കുക.

റോഡ് റോളർ, റെയിൽവേ ട്രാക്ക്, ലോഹനിർമ്മിതമായ വാഹനങ്ങൾ എന്നിവയുടെ സമീപത്ത് നിൽക്കരുത്.

**ഇടിമിന്നൽ ഉണ്ടായാൽ എടുക്കേണ്ട മുൻകരുതൽ**

1. അരിവാൾ, കത്തി, കുട, ഗോൾഫ്സ്റ്റിക് തുടങ്ങിയ ലോഹ നിർമ്മിതമായ സാധനങ്ങളുമായുള്ള സാമീപ്യം ഒഴിവാക്കുക.

2. കാൽ പാദങ്ങളും കാൽമുട്ടും ചേർത്തു പിടിച്ച് കൈകൾ മുട്ടിൽ ചുറ്റിവരിഞ്ഞ് താടി മുട്ടിനു മുകളിൽ ഉറപ്പിച്ച് നിലത്ത് കുത്തിയിരിക്കുക.

3. മിന്നൽ സമയത്ത് പൊക്കം കൂടിയ മരത്തിന്റെ അരികിൽ പെട്ടാൽ അതിന്റെ ചില്ലകളുടെ അടുത്തുനിന്നും ദൂരെ മാറി കുത്തിയിരിക്കുക.

ഓർക്കുക, ടെറസിനു മുകളിൽ വിളക്കുകൾ ഘടിപ്പിക്കുന്നതിന് ലോഹകമ്പികൾ ഒഴിവാക്കുക.

ടെറസിൽ അയ കെട്ടുന്നതിന് ലോഹ ദണ്ഡുകളും, ലോഹവയറുകളും ഒഴിവാക്കുക.

## മിന്നൽ സംരക്ഷണ മാർഗ്ഗങ്ങൾ

**1. മിന്നൽ രക്ഷാചാലകം**

പെട്രോളിയം ശേഖരണ ടാങ്കുകൾ, പൊട്ടിത്തെറിക്കാൻ സാധ്യതയുള്ള വസ്തുക്കൾ സൂക്ഷിക്കുന്ന സ്ഥലം, മിന്നലിൽ നിന്നും രക്ഷ അനിവാര്യമായ കെട്ടിടങ്ങൾ എന്നിവയ്ക്ക് സുരക്ഷാ കവചം ഒരുക്കുന്ന സംവിധാനമാണ് മിന്നൽ രക്ഷാചാലകം. എന്നാൽ ഈ സംവിധാനത്തിന് മിന്നൽ ഉണ്ടാകുന്നത് തടയാൻ സാധ്യമല്ല.

**2. എർത്തിംങ്ങ്**

ഗാർഹിക വൈദ്യുത പ്രസരണത്തിനായി ചെയ്തിട്ടുള്ള എർത്തിംങ്ങ് ഒരിക്കലും മിന്നൽ രക്ഷാചാലകത്തിന്റെ എർത്തിംങ്ങിന് പര്യാപ്തമല്ല. ഗാർഹിക പ്രസരണത്തിൽ ഉണ്ടാകുന്നതിനേക്കാൾ കൂടുതൽ തോതിൽ വോൾട്ടേജ് മിന്നൽ പ്രവാഹം മൂലം ഉണ്ടാകുന്നതിനാലാണിത്. എന്നിരുന്നാലും, ഈ വലിയ വോൾട്ടേജ് സ്വയം ഭൂമിയിലേക്കു പ്രവഹിക്കുന്നതിനാൽ ആനുപാതികമായി ഒരു വലിയ എർത്തിംങ്ങ് പലപ്പോഴും ആവശ്യമായി വരുന്നില്ല.

**3. റിങ്ങ് കണ്ടക്ടർ**

വൃക്ഷസാന്ദ്രത കൂടിയ സംസ്ഥാനമായ കേരളത്തിൽ മിക്ക വീടുകളും അവയേക്കാൾ ഉയരമുള്ള വൃക്ഷങ്ങളാൽ ചുറ്റപ്പെട്ടിരിക്കുന്നു. ഇതു മൂലം മിന്നൽ രക്ഷാചാലകത്തിന് പലപ്പോഴും മരങ്ങളെ സംരക്ഷിക്കാൻ കഴിയാതെ വരുന്നു. ഈ മരത്തിൽ

മിന്നൽ പതിക്കുമ്പോൾ സമീപത്തുള്ള വീടിന്റെ വൈദ്യുത ശൃംഖല, എർത്തിംങ്ങ്, മറ്റു ലോഹ വസ്തുക്കൾ എന്നിവയിലൂടെ മിന്നലിന്റെ ഊർജ്ജം ഭൂമിയിലൂടെ വീടിനുള്ളിൽ പ്രവേശിക്കുന്നു. ഇത്തരം സാഹചര്യങ്ങളിൽ ചാലകവളയത്തിന് ഒരു പരിധി വരെ വീടിനെ സംരക്ഷിക്കാൻ കഴിയും.

**4. മിന്നൽ അറസ്റ്റർ**

വൈദ്യുത ഉപകരണങ്ങളെ മിന്നൽ ആഘാതത്തിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള സംവിധാനമാണ് മിന്നൽ അറസ്റ്റർ. മിന്നൽ പ്രവാഹം വൈദ്യുത ഉപകരണത്തിന്റെ സർക്യൂട്ടിലൂടെ കടക്കാതെ ഭൂമിയിലേക്ക് കടത്തിവിടുന്നതിനുള്ള മാർഗ്ഗമൊരുക്കി, ഈ ഉപകരണം സഹായിക്കുന്നു.

**പ്രഥമശുശ്രൂഷ**

മിന്നൽ ആഘാതത്താൽ ഉണ്ടാകുന്ന അപകടങ്ങളിൽ ശ്വാസതടസ്സം മൂലമാണ് കൂടുതൽ പേരും മരണത്തിനു കീഴടങ്ങുന്നത്. നേരിട്ടുള്ള ആഘാതം, പൊള്ളൽ എന്നിവയിലൂടെ മരണം ഉണ്ടാകുന്നത് നന്നേ കുറവാണ്. കൃത്രിമ ശ്വാസോച്ഛ്വാസം നല്കുന്നതിലൂടെ മിന്നൽ ആഘാതമേറ്റ നിരവധി ആൾക്കാരെ നമുക്ക് രക്ഷിക്കാൻ കഴിയും. വൈദ്യുതസഹായം ലഭ്യമാക്കുന്നതിന് മുമ്പായി ചെയ്യാൻ കഴിയുന്ന ഒരു പ്രഥമ ശുശ്രൂഷയാണിത്. ഹൃദയാഘാതം പോലെ, വൈദ്യസഹായം അത്യാവശ്യമായി വേണ്ടിവരുന്ന നിരവധി സാഹചര്യങ്ങളും ഉണ്ടാകാറുണ്ട് ●

*(കടപ്പാട് : സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്റർ)*

കവിത

# സ്ത്രീത്വത്തിന്റെ രോദനം

**രമ പി. നായർ**

**ഈ**റനണിയുന്നെൻ കൺപിലിയോമനേ
നിന്നെയോർത്തീടുമ്പൊഴോരോ നിമിഷവും
കാകനും കഴുകനും നായാട്ടു നായ്ക്കൾക്കും
കൊത്തി വലിക്കാനോ നിൻ ശരീരം ?
(പിച്ചിച്ചീന്തുവാനുള്ളതോ സ്ത്രീശരീരം)
ചാരുതയോലും നിൻമേനിയിലന്നൊരു
മുഗ്ധഹൃദയം തുടിച്ചിരുന്നു
എത്രയോ മോഹങ്ങളെത്രകിനാവുകൾ
പൂത്തിരി പോലതിൽ കത്തിനിന്നു.
മോഹനസ്വപ്നങ്ങൾ നെയ്തുകൂട്ടി-
ട്ടവൾ കാതരയായി മയങ്ങി നിന്നു
എങ്ങുനിന്നോ പൊട്ടി വീണ ചെകുത്താൻമാ
രാമുഗ്ധ സ്വപ്നം ചതച്ചരച്ചു
എല്ലുകഷണത്തിനായ് തമ്മിൽ കടിക്കുന്ന
ശ്വാനപ്പടപോൽ കടിച്ചുകീറി
ജന്മാന്തരങ്ങൾ കഴിഞ്ഞാലും മായാത്ത
വേദന നൽകീട്ടു യാത്രയാക്കി
ആരെയും കാക്കാതെ യാത്രയുമോതാതെ
യവളുടെ ജീവൻ പറന്നുപോയി
പൊട്ടിക്കരയുന്നിതെൻമനം നിന്നുടെ
മേനിയിലേറ്റ മുറിവുകളോർക്കവേ
വേദനപൂണ്ടു കിടന്നനേരത്താരും
കണ്ടതില്ലാശ്രയമേതുമുണ്ടായുമില്ല
സാന്ത്വനമേകുവാൻ ആയിരുന്നെങ്കിലോ
ഒന്നു തലോടാൻ കഴിഞ്ഞിരുന്നെങ്കിലോ
വ്യർത്ഥമെന്നാകിലും വെറുതെയെന്നോമലേ
ആശിക്കുന്നിന്നെന്നിലെ മാതൃഭാവം.

# വൈദ്യശാസ്ത്രത്തിലെ ശാസ്ത്രീയത



സി. രാമചന്ദ്രൻ

ആധുനിക ശാസ്ത്രവിപ്ലവത്തോടൊപ്പമുണ്ടായ അറിവിന്റെ പെരുമഴയിൽ, പഴയതു പലതും ഒഴുകിപ്പോയി, പുതിയതു പലതും വാർന്നു വന്നു. വിജ്ഞാനശാഖയുടെ നിലപാടു തറ തന്നെ പൊളിച്ചു പുതുക്കി. വസ്തു നിഷ്ഠമായ ഒരു അന്വേഷണ രീതിയും നിലവിൽ വന്നു, നിരീക്ഷണം പരീക്ഷണം വീണ്ടും നിരീക്ഷണം നിഗമനം എന്ന പുതിയ ശൈലി. എന്തുകൊണ്ട് എന്നും എങ്ങനെയെന്നുമുള്ള അന്വേഷണം അതിനു പശ്ചാത്തലമായിട്ടുണ്ടായിരുന്നു. ചോദിക്കുന്ന ചോദ്യങ്ങൾക്ക് ബോധ്യപ്പെടുംവിധം ഉത്തരം കിട്ടിയേ മതിയാകൂ എന്ന നിശ്ചയം. അങ്ങനെ പ്രകൃതിയെയും പ്രപഞ്ചത്തെയും കുറിച്ചും അതിന്റെ പ്രവർത്തന നിയമവ്യവസ്ഥയെക്കുറിച്ചും കൂടുതൽ കൂടുതൽ അറിവുകളുണ്ടായി. അറിവുകൾ എങ്ങിനെ പ്രയോജനപ്പെടുത്താമെന്ന ചിന്തയുണ്ടായി, അതിനനുസരിച്ച് സാങ്കേതിക വിദ്യ വികസിച്ചു. പുതിയ പുതിയ ഉല്പന്നങ്ങളുണ്ടായി. ഉപഭോഗവും ഉപഭോഗത്തിനനുസരിച്ച് വ്യവസായവും വിപുലമായി.

കൃഷിസമ്പ്രദായത്തിൽ വന്ന പരിഷ്കരണങ്ങളില്ലായിരുന്നെങ്കിൽ വർദ്ധിച്ച ജനസംഖ്യയെ തീറ്റിപ്പോറ്റുവാൻ പഴയ കൃഷിരീതികൾക്കാവുമായിരുന്നില്ല. ഗതാഗത സംവിധാനത്തിൽ യന്ത്രവത്കൃത പരിഷ്കാരങ്ങൾ ഇല്ലായിരുന്നുവെങ്കിൽ ഭൂഖണ്ഡാന്തര യാത്രകൾ ഇത്രവേഗത്തിൽ സാധ്യമാവുമായിരുന്നില്ല. കാളവണ്ടിയും കുതിരവണ്ടിയും തുടരുമായിരുന്നു. വാർത്താവിനിമയത്തിൽ കമ്പിയും കമ്പിയില്ലാ കമ്പിയും ചേർന്നു സൃഷ്ടിച്ച വിപ്ലവമില്ലായിരുന്നുവെങ്കിൽ ഇന്നും മനുഷ്യൻ പെരുമ്പറകൊട്ടിയും പ്രാവു പറത്തിയും എഴുത്തും കൊണ്ട് ഓടിയും മറ്റും വാർത്തകൾ എത്തിച്ചു കൊണ്ടിരുന്നേനെ.

വൈദ്യശാസ്ത്രത്തിനു മാത്രമായി പഴയ അറിവുകളിൽ അഭിരമിച്ചു കഴിയാനാവുകയില്ല. ഗ്രീസിൽ ഹിപ്പോക്രാറ്റിസും, റോമിൽ ഗാലനും ഭാരതത്തിൽ ചരകശുശ്രൂതൻമാരും ചൈനയിൽ യെതിയാൻഷിയും മറ്റും അന്നു സാധ്യമായ രീതിയിൽ സിദ്ധാന്തങ്ങൾ മെനയുകയും ചികിത്സാ പദ്ധതികൾ രൂപികരിക്കുകയും ചെയ്തിട്ടുണ്ട്. ഭാരതത്തിലെ ത്രിദോഷങ്ങളും ചൈനയിൽ ചതുർദോഷങ്ങളുമെല്ലാം അന്നത്തെ ചിന്തയുടെ ഫലമാണ്. അന്നത്തെ പരിമിതമായ പരിസ്ഥിതിയിലുണ്ടായ അത്തരം നേട്ടങ്ങൾ ഇന്നു കാലഹരണപ്പെട്ടുവെങ്കിലും അന്നു ശ്ലാഘനീയമായിരുന്നു.

ജ്യോതിശാസ്ത്രത്തിൽ ടെലസ്കോപ്പുകൾ വരുത്തിയതുപോലുള്ള ഒരു വിപ്ലവമാണ് മൈക്രോസ്കോപ്പുകൾ വൈദ്യശാസ്ത്ര രംഗത്തു വരുത്തിയത്. രോഗകാരണങ്ങളായ ബാക്ടീരിയകൾ, വൈറസ്സുകൾ, ഫംഗസ്സുകൾ എന്നിവയെ തിരിച്ചറിഞ്ഞു നേരിടാൻ കഴിഞ്ഞു. അതിലൂടെ അനേകം പകർച്ച വ്യാധികളെ നിയന്ത്രിക്കുവാനും ഉന്മൂലനം ചെയ്യുവാൻ പോലും കഴിഞ്ഞു. ലൂയിപാസ്ചർ, എഡ്വേഡ്ജന്നർ എന്നിവരുടെയും മറ്റും സംഭാവനകളിലൂടെ വസൂരിയും ക്ഷയവും പ്ലേഗുമടക്കം ഗൗരവമേറിയ പല രോഗങ്ങളും നിസ്സാരമായി മാറി.

കാറ്റിലൂടെയും വെള്ളത്തിലൂടെയും മാത്രമല്ല രോഗങ്ങൾ പകരുന്നത്. രോഗാണുവാഹികളായ കൊതുക്, ഈച്ച, ചെള്ള്, മൂട്ട, പേൻ തുടങ്ങിയ ജീവികളും രോഗം പരത്തും. ഇന്ന് കീടനാശിനികളെ പഴിക്കുന്നത് ഒരു ഫാഷനാണെങ്കിലും മനുഷ്യരാശിക്ക് അത് ഏറ്റവും പ്രയോജനം ചെയ്തിട്ടുള്ള രാസവസ്തുക്കളാണ്. അധികമായാൽ അമൃതും വിഷമാണെന്ന് ഓർമ്മിക്കുക. നെപ്പോളിയൻ യുദ്ധത്തിൽ തോറ്റത് അദ്ദേഹത്തിന്റെ പട്ടാളക്കാർക്ക് ക്യാമ്പിലുള്ള മൂട്ടയിലൂടെയും പേനിലൂടെയും പകർന്ന ടൈഫസ്രോഗംമൂലം കൂട്ടമരണം സംഭവിച്ചതുമൂലമാണ്. മരിക്കാതെ ശേഷിച്ചവർ അവശരുമായിരുന്നു. പനാമകനാലിന്റെ പണി ഇടയ്ക്കു നിറുത്തിവയ്ക്കേണ്ടി വന്നത് മലമ്പനിമൂലം നിർമ്മാണത്തൊഴിലാളികൾ കൂട്ടത്തോടെ മരിച്ചതുമൂലമാണ്. ജസ്റ്റിനിയൻ ചക്രവർത്തിയുടെ റോമൻ സാമ്രാജ്യ വികസന സ്വപ്നങ്ങൾ തകർന്നത് എലിച്ചെള്ളുകൾ പടർത്തിയ പ്ലേഗ് മനുഷ്യരെ കൊന്നൊടുക്കിയതു

മൂലമാണ്.

ലിയർനാഡോഡാവഞ്ചി, ആൻഡ്രൂവെസാലസ് മുതലായവരുടെ ശരീരപഠനം അനോട്ടമി എന്ന ശരീരശാസ്ത്രശാഖയെ പുഷ്കലമാക്കി. പഠിക്കാനുള്ള ശവശരീരങ്ങൾക്കു വേണ്ടി അവർ പലപ്പോഴും ശവക്കുഴികൾ മാന്തിയിട്ടുണ്ട്. വധശിക്ഷയ്ക്കു വിധേയരായ പ്രതികളുടെ ശരീരവും ചിലപ്പോൾ തുണയായിട്ടുണ്ട്. അമ്പ്രോസ്പരി എന്ന ഒരു ബാർബറാണ് ശസ്ത്രക്രിയയെ ഒരു കലയായി വികസിപ്പിച്ചത്. അനസ്തേഷ്യാ മരുന്നുകളുടെ കണ്ടുപിടിത്തം ശസ്ത്രക്രിയകളെ വേദനാ വിമുക്തമാക്കി. ഓപ്പറേഷൻ സക്സസ് ആയാലും രോഗി മരിക്കുന്നതെന്തെന്ന ജോസഫ് ലിസ്റ്ററുടെ ആലോചനയിൽ നിന്നാണ് അണുബാധയെക്കുറിച്ച് അറിവുണ്ടാകുന്നതും കാർബോളിക് ആസിഡ് എന്ന അണുനാശിനി കണ്ടെത്തുന്നതും. സ്റ്റെറിലൈസ് ചെയ്ത ഉപകരണങ്ങളും യൂണിഫോമും കയ്യുറകളും വാമൂടിയുമുപയോഗിക്കുവാൻ തുടങ്ങിയത് അടുത്ത പടിയാണ്. ഇൻഫെക്ഷൻ നിയന്ത്രിച്ചതിലൂടെയാണ് പേറ്റുസന്നി എന്ന രോഗം ഇല്ലാതാക്കിയതും പ്രസവമരണങ്ങൾ ഗണ്യമായി കുറവു ചെയ്തതും. മുറിവിൽ നിന്ന് അണുക്കളെ നീക്കം ചെയ്യുന്നതിനേക്കാൾ ഫലപ്രദം മുറിവിൽ അണുക്കൾ വരാതെ നോക്കലാണ്.

ഹൃദയം ഒരു പമ്പ് ആണെന്നു തിരിച്ചറിഞ്ഞ വില്യം ഹാർവി അതിന്റെ വാൽവ് സംവിധാനത്തെക്കുറിച്ചും ധമനികളിലൂടെയുള്ള രക്തചംക്രമണങ്ങളെക്കുറിച്ചും പഠനം നടത്തി വ്യക്തത വരുത്തി. അനോട്ടമിയുടെ വികാസത്തിലൂടെ മനുഷ്യശരീരത്തിലെ വിവിധ വ്യവസ്ഥകളെക്കുറിച്ച് വിശകലാനാത്മകമായ വിവരം ലഭിച്ചു. എല്ലുകൾ, പേശികൾ, ദഹനം, പ്രത്യുത്പാദനം, കിഡ്നി, ത്വക്ക് ,ശ്വസനം, നാഡി, തലച്ചോറ് എന്നിങ്ങനെ ശരീരാവയവങ്ങൾക്കനുസരിച്ച്പഠനവിഷയങ്ങളുംക്രമീകരിക്കപ്പെട്ടു.ഓരോ വിഷയത്തിനും സ്പെഷ്യലിസ്റ്റുകൾ എന്നുമായി. എല്ലാം കൂടി ഒരാൾക്ക് ഉൾക്കൊള്ളാനാവുന്നതിനുമപ്പുറമാണ് ഓരോ വിഷയത്തിന്റെയും ഉള്ളടക്കം. ഏതു സ്പെഷ്യലിസ്റ്റിനും പൊതു ധാരണയും സാമാന്യബുദ്ധിയും അവശ്യം ഉണ്ടായിരിക്കുകയും വേണം.ആധുനികവൈദ്യശാസ്ത്രത്തിന്സമഗ്രവീക്ഷണമില്ല എന്ന് തല്പരകക്ഷികളുടെ പ്രചരണമുണ്ട്. അതു ശരിയല്ല. ഒരു വിഷയം കൈകാര്യം ചെയ്യുന്ന വ്യക്തിക്ക് ചിലപ്പോൾ സമഗ്രവീക്ഷണമുണ്ടായികൂടണമെന്നില്ല. അത് ശാസ്ത്രത്തിന്റെ പരിമിതിയല്ല, വ്യക്തിയുടെ പരിമിതിയാണ്.

ആശുപത്രികൾ, നേഴ്സിങ്ങ് ഹോമുകൾ, മെഡിക്കൽ കോളേജുകൾ, നേഴ്സിംങ്ങ് കോളേജുകൾ മുതലായവയുടെ ആവിർഭാവം ആരോഗ്യരംഗത്തെ ജനകീയമാക്കി മാറ്റി. കുടുംബവൈദ്യത്തിലും ഒറ്റമൂലികളിലും കുടുങ്ങിക്കിടന്ന രോഗചികിത്സാ സമ്പ്രദായത്തിനു പകരം പുതിയൊരു ആരോഗ്യ സംസ്കാരം രൂപം കൊണ്ടു. ആന്റിബയോട്ടിക്കുകളുടെ കണ്ടു പിടുത്തത്തോടെ ഔഷധരംഗത്തും അലക്സാണ്ടർ ഫ്ളെമിംഗിന്റെ സംഭാവന പരിവർത്തനമുണ്ടാക്കി. അഞ്ചിയോഗ്രാം, അഞ്ചിയോപ്ലാസ്റ്റി, എന്റോസ്കോപ്പി, കീഹോൾസർജറി തുടങ്ങിയ പദ്ധതികൾക്ക് സമാന്തരമായി ഇ സി ജി, എക്സ്റേ, അൾട്രാസൗണ്ട് സ്കാൻ, സി.ടി.സ്കാൻ, എം. ആർ. ഐ. സ്കാൻ തുടങ്ങിയ ഉപകരണങ്ങളും രോഗനിർണ്ണയത്തിന് ഉപകരിച്ചു.

ജനിതകസാങ്കേതിക വിദ്യയുടെ വളർച്ചയും കാണ്ഡകോശ ഗവേഷണവും ഇന്ന് പുതിയ സാധ്യതകൾ തുറന്നിട്ടിരിക്കുന്നു. അവയവമാറ്റ ശസ്ത്രക്രിയകളും ഇന്ന് സർവ്വസാധാരണമായി മാറിയിരിക്കുന്നു.

ചികിത്സാരംഗത്ത് പുരോഗതിയുണ്ടാകുന്നതിനനുസരിച്ച് ചൂഷണവും പെരുകുന്നുണ്ട്. അത് ശാസ്ത്രത്തിന്റെ കുറ്റമല്ല. മറിച്ച് മനുഷ്യന്റെ ധനാർത്തിയുടെ പ്രശ്നമാണ്. എങ്ങിനെയും ജീവൻ നിലനിറുത്തണമെന്ന് രോഗി വ്യഗ്രതപ്പെടുമ്പോൾ ഇതു തന്നെ തക്കം എന്ന രീതിയിൽ ധനാർത്തിയോടെ ചികിത്സ നൽകുന്ന ചികിത്സകരാണ് രംഗം മലീമസമാക്കുന്നത്. ചൂഷണത്തിന്റെ മറ്റൊരു രംഗം കപടശാസ്ത്രങ്ങളുടെ രംഗപ്രവേശമാണ്. വെളിപാടുകളുടെ ചികിത്സകൾ വഞ്ചകരുടെ ഒളിത്താവളമാണ്.

'രോഗിയായി വരിക, ഡോക്ടറായി തിരിച്ചു പോകുക' എന്ന തരത്തിലുള്ള പ്രചരണവുമുണ്ടല്ലോ. കാളവണ്ടിയിൽ പോകുന്നയാൾക്ക് വണ്ടിക്കാരനായി തിരിച്ചു വരാം. എന്നാൽ വിമാനയാത്രക്കാരന് പൈലറ്റായി തിരിച്ചു വരാനാവില്ല. അതിന് വലിയ രിതിയിൽ പരിശീലനമാവശ്യമുണ്ട്.

ആധുനിക ഗതാഗതവും വാർത്താവിനിമയവും പോലെ വളരുന്ന ഒരു ശാസ്ത്രശാഖയാണ് ഇന്ന് ആതുരാരോഗ്യരംഗം. ശാസ്ത്രം പുരോഗമിക്കുന്നത് പഴയതിനെ നിഷേധിച്ചു കൊണ്ടല്ല അംഗീകരിച്ചു കൊണ്ടാണ്. അത് പഴയതിന്റെ തുടർച്ച തന്നെയാണ്, എന്നുവച്ച് പഴയതിനെ മഹത്വവല്ക്കരിക്കുന്നുമില്ല. ശരിയിൽ നിന്ന് കൂടുതൽ ശരിയിലേക്ക് എന്നാണ് ശാസ്ത്രത്തിന്റെ മുദ്രാവാക്യം●

## എറണാകുളം കരയോഗം
# എൽഡർ സിറ്റിസൺസ് ഫോറം
### 2016 സെപ്റ്റംബർ / ഒക്ടോബർ മാസത്തെ പരിപാടികൾ

| തീയതി | ഇന്നത്തെ ചിന്താവിഷയം | മുഖ്യപ്രഭാഷകൻ | വിഷയം | നമ്പർ |
|---|---|---|---|---|
| 22.9.16 | ഇ. വിജയലക്ഷ്മി | സി. മാധവൻ | Electricity Generation in Kerala Present& Future | 886 |
| 29.9.16 | | ജി. ആർ. സി. നായർ | സംഭവാമി യുഗേ യുഗേ | 887 |
| 6.10.16 | | സി. രാമചന്ദ്രൻ | വൈദ്യശാസ്ത്രത്തിന്റെ പരിണാമം | 888 |
| 13.10.16 | | ആർ. പി. നായർ | ദേശീയഗാനം അല്പം ചരിത്രം | 889 |

## 2-ാം വിവാഹവാർഷികം



**വിനോഷ് മോഹൻ**
S/o ഉഷാമേനോൻ &മോഹനൻ
രേവതി, അയ്യപ്പൻകാവ്, കൊച്ചി

**അഞ്ജലി വിനോഷ്** (യുവമോർച്ച ജില്ല സെക്രട്ടറി)
D/o അനിൽ കുമാർ &ഗീതാ അനിൽ
സീതത്തോട് പി.ഒ, പത്തനംതിട്ട

**ഏവം സൗന്ദര്യമാം നല്ലമൃതമഴപൊഴിക്കുന്നതായുല്ലസിക്കും**
**ഗോവിന്ദാ നിൻ സ്വരൂപം പരമരസമയം മോഹനം കേൾപ്പവർക്കായ്**
**കൈവന്നോരാന്മശുദ്ധ്യം മതിയതിനെ മദിപ്പിച്ചു രോമാഞ്ചമേകി-**
**ട്ടാനന്ദക്കണ്ണുനീർ കൊണ്ടുടനുടൻ വഴിപോൽ സേചനം ചെയ്തീടുന്നു.**

***ഭാഷാനാരായണീയം - കെ.സി. കേശവപിള്ള***



ആശംസകളോടെ കുടുംബാംഗങ്ങൾ

# യൂറിക് ആസിഡ് (URIC ACID)



ഡോ. ദേവിദാസ് വെള്ളോടി



സന്ധിഗതവാതം, സന്ധികളിൽ നീര് പ്രത്യേകിച്ച് കണങ്കാലിൽ നീര്, ശക്തമായ വേദന എന്നിവ കാണുകയാണെങ്കിൽ രണ്ട് സംശയങ്ങളാണ് ഉണ്ടാവുക. ഒന്നുകിൽ രക്തവാതം അല്ലെങ്കിൽ 'ഗൗട്ടി ആർത്രെറ്റിസ്'. രക്തപരിശോധനയിലൂടെ വേർതിരിച്ചറിഞ്ഞ് ചികിത്സിച്ചില്ലെങ്കിൽ പണിപാളി എന്ന് പറയേണ്ടി വരും. വളരെ ലഘുവായ രക്തപരിശോധനയിലൂടെ ഇത് തിരിച്ചറിഞ്ഞ് കൃത്യമായി ചികിത്സിക്കാൻ പറ്റും.

രക്തത്തിൽ കൂടുതലായി യൂറിക് ആസിഡ് കാണുന്ന ആളുകളുടെ എണ്ണം രണ്ട് വർഷമായി 25% കൂടുതലായിരിക്കുന്നു.

മനുഷ്യശരീരത്തിലെ ചയാപചയപ്രക്രിയയുടെ ഭാഗമായി ഉൽപ്പാദിപ്പിക്കുന്ന ഒരു കോംപൗണ്ട് ആണ് യൂറിക് ആസിഡ്.

**യൂറിക് ആസിഡിന്റെ സാധാരണ അളവ്**

സാധാരണയായി യൂറിക് ആസിഡ് വൃക്കകളിലൂടെ അരിക്കപ്പെട്ട് (Filtered) കൂടുതലായുള്ളത് മൂത്രത്തിലൂടെ പുറത്തു പോകുന്നു. എന്നാൽ ചിലപ്പോൾ ഇത് വേണ്ടത്ര പുറത്തു പോകാതെ രക്തത്തിൽ ഉണ്ടാകുന്ന അവസ്ഥയാണ് Hyperuricemia യൂറിക് ആസിഡ് സ്ത്രീകളിൽ 2.5 മുതൽ 6.5 മില്ലീഗ്രാമും പുരുഷൻമാരിൽ 4 മുതൽ 7.5 മില്ലിഗ്രാമും സാധാരണയാണെന്ന് പറയാം. എങ്കിലും കേരളത്തിലെ ജനങ്ങളിൽ 6 മില്ലിഗ്രാമിൽ കൂടുതൽ യൂറിക് ആസിഡ് കൂടുകയാണെങ്കിൽ ചികിത്സ വേണ്ടി വരും.

**എപ്പോഴാണ് യൂറിക് ആസിഡ് പരിശോധിക്കേണ്ടത്**

കാലുകളിൽ കണങ്കാലിലോ തള്ളവിരലിലോ ശക്തമായ വേദനയോടുകൂടി നീര് കാണുക, കീമോതെറാപ്പിയോ, റേഡിയേഷൻ ചികിത്സയോ നടത്തുന്നവർ, ഒരു അപകടത്തിനുശേഷം വൃക്കകളുടെ പ്രവർത്തനത്തെ വിലയിരുത്തുവാൻ, മൂത്രാശയ കല്ലുകളുടെ കാരണം കണ്ടു പിടിക്കാൻ, വൃക്കകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് ഇതിനൊക്കെ രക്തത്തിൽ യൂറിക് ആസിഡിന്റെ അളവ് പരിശോധിക്കുന്നു. നേരത്തെ ഗൗട്ടി ആർത്രെറ്റിസ് കണ്ടവരിലും, അടിക്കടി മൂത്രാശയക്കല്ലുകൾ കണ്ടവരിലും പ്രമേഹ രോഗികളിലും യൂറിക് ആസിഡ് ഇടക്കിടക്ക് പരിശോധിക്കേണ്ടി വരും.

**യൂറിക് ആസിഡ് രക്തത്തിൽ കൂടുവാനുള്ള കാരണങ്ങൾ**

1. അനിയന്ത്രിത ഭക്ഷണക്രമം. കൂടുതൽ കൊഴുപ്പും, പ്രോട്ടീനും ചേർന്ന മാംസാഹാരങ്ങൾ, പനീർ തുടങ്ങിയ പാൽ വർഗങ്ങൾ, ജങ്ക്ഫുഡുകൾ തുടങ്ങിയവ അനിയന്ത്രിതമായി കഴിക്കുന്നവരിൽ യൂറിക് ആസിഡ് കൂടുവാൻ സാധ്യതയുണ്ട്.

2. വൃക്കകളുടെ പ്രവർത്തന വൈകല്യം മൂലം സംഭവിക്കാം.

3. അധികമായി പട്ടിണി (Fasting) കിടക്കുന്നതോ, പെട്ടെന്ന് ശരീരഭാരം കുറയ്ക്കുന്നതോ യൂറിക് ആസിഡ് കൂട്ടും.

4. മൂത്രളമായ ചില മരുന്നുകളുടെ ഉപയോഗം യൂറിക് ആസിഡ് കൂടാൻ സഹായിക്കും.

5. കൂടുതലായുള്ള മദ്യപാനം

6. ഹൈപോ തൈറോയ്ഡ് (Hypothyroidsm) രോഗമുള്ളവർ

7. രോഗപ്രതിരോധ ശേഷി കുറയ്ക്കുന്ന (immune Suppressing Drugs) മരുന്നുകളുടെ ഉപയോഗം

8. അമിതവണ്ണം

9. സോറിയാസിസ് എന്ന ത്വക്‌രോഗം

10. പാരമ്പര്യം

### ഗൗട്ട് (Gout)

യൂറിക് ആസിഡിന്റെ മുള്ളുപോലെയുള്ള ക്രിസ്റ്റലുകൾ സന്ധികളിൽ അടിഞ്ഞുകൂടി, സന്ധികളിൽ അതി കലശലായ നീർക്കെട്ടും വേദനയും ഉണ്ടാക്കുന്ന അവസ്ഥയാണിത്.

യൂറിക് ആസിഡിന്റെ അളവ് രക്തത്തിൽ 6 മില്ലിഗ്രാമിൽ കൂടുതലായി കണ്ടാൽ തന്നെ ഗൗട്ടിന്റെ ലക്ഷണങ്ങൾ കണ്ടു തുടങ്ങും. 9 മില്ലിഗ്രാമിൽ കൂടുതലായാൽ വ്യക്തമായ ലക്ഷണങ്ങൾ വരും. ചിലപ്പോൾ രാത്രി ഉറങ്ങാൻ കിടന്ന് രാവിലെ എഴുന്നേൽക്കുമ്പോഴായിരിക്കും കാൽ നിലത്തു വെയ്ക്കാൻ പറ്റാത്ത വേദനയും നീർക്കെട്ടും കാണുക. കൂടുതലായുള്ള യൂറിക് ആസിഡ് വൃക്കകളുടെ പ്രവർത്തനത്തേയും ബാധിക്കുമെന്നതിനാൽ രക്ത പരിശോധനയിൽ ക്രിയാറ്റിനിൻ (Creatinine) അളവ് കൂടുതലായി കണ്ടു വരാറുണ്ട്. അപ്പോൾ ഇതിന്റെ ഗൗരവമേറുന്നു.

### ഹൃദ്രോഗം (Cardio Vascular disease)

രക്തത്തിൽ അമിതമായി യൂറിക് ആസിഡ് കൂടുന്നത് ഹൃദയധമനികളുടെ പ്രവർത്തനത്തെ ബാധിക്കും.

### പ്രമേഹം (Type II Diabetes)

പ്രമേഹരോഗമുള്ളവരിൽ യൂറിക്ആസിഡിന്റെ അളവ് കൂടുന്നത് പ്രമേഹരോഗത്തിനെ ദുഷ്കരമാക്കി തീർക്കും. വൃക്കകളുടെ പ്രവർത്തനത്തെ ബാധിക്കും. അമിതവണ്ണത്തിന് കാരണമാകും (Insulin Resistance).

### മൂത്രാശയ കല്ലുകൾ (Kidney Stones)

മൂത്രാശയ കല്ലുകൾ പലവിധത്തിലുണ്ട്. യൂറിക് ആസിഡ് അടിഞ്ഞുകൂടി പ്രത്യേകതരം കല്ലുകളായി വൃക്കയിൽ രൂപാന്തരപ്പെട്ടു വരും. ഇത് അൾട്രാസൗണ്ട് പരിശോധനയിലൂടെ മനസ്സിലാക്കാം. അല്ലെങ്കിൽ എക്സ്റേ പരിശോധനയിലൂടെയും കണ്ടു പിടിക്കാം.

## യൂറിക് ആസിഡിന്റെ അളവു കുറഞ്ഞാൽ

രക്തത്തിൽ യൂറിക് ആസിഡിന്റെ അളവു കുറയുന്ന അവസ്ഥയും കാണാറുണ്ട്. സിങ്ക് എന്ന ധാതുവിന്റെ കുറവിനാൽ യൂറിക് ആസിഡിന്റെ അളവ് കുറയുന്നു. മൾട്ടിപ്പിൾ സ്ലിറോസിസ് (Multiple Sclerosis) എന്ന രോഗത്തിലും യൂറിക് ആസിഡ് കുറയാറുണ്ട്.

### ചികിത്സ




ഏറ്റവും പ്രധാനം രോഗനിർണ്ണയം തന്നെയാണ്. സന്ധികളിൽ ശക്തമായ വേദനയും നീർക്കെട്ടും കാണുകയാണെങ്കിൽ നിങ്ങളുടെ ഫിസിഷ്യൻ തീർച്ചയായും രക്തത്തിലെ യൂറിക് ആസിഡിന്റെ അളവ് പരിശോധിക്കും. യൂറിക് ആസിഡ് പാരമ്പര്യമായി കൂടുതലായി കണ്ടു വരുന്നവരിൽ കൃത്യമായ ഭക്ഷണക്രമം, ഔഷധസേവ, സമയാസമയങ്ങളിൽ രക്തപരിശോധന എന്നിവ ശീലിക്കണം.

### ഗൗട്ട് (Gout Arthritis)

നിങ്ങളുടെ പ്രയാസം ഗൗട്ട് ആണെന്ന് സ്ഥിരീകരിച്ചാൽ കൃത്യമായ ഭക്ഷണനിയന്ത്രണം, മരുന്ന് സേവ, വേദനയും നിരും കുറയുവാനുള്ള ലേപനങ്ങൾ എന്നിവ ആവശ്യമാണ്. ആധുനിക ശാസ്ത്രത്തിലും ആയുർവ്വേദത്തിലും ഗൗട്ടിനുള്ള മരുന്നുകൾ ലഭ്യമാണ്. ആയുർവ്വേദത്തിൽ നീര് കുറയുവാനുള്ള ലേപനങ്ങൾ ഉണ്ട്. അതുപോലെ തന്നെ പാർശ്വഫലങ്ങളില്ലാത്ത ഔഷധങ്ങളും ധാരാളമുണ്ട്.

## ഭക്ഷണത്തിലെ നിയന്ത്രണം

മാംസാഹാരം, മുട്ട, ഈസ്റ്റ്, ഈസ്റ്റ് ചേർത്തുണ്ടാക്കുന്ന ബീർ, ലഹരി പാനീയങ്ങൾ എന്നിവ ഒഴിവാക്കുക തന്നെ വേണം. പ്രോട്ടീൻ കൂടുതലുള്ള ഭക്ഷണങ്ങൾ കുറയ്ക്കണം. കടല വർഗ്ഗങ്ങൾ, ചീര, കാളിഫ്ളവർ, കൂൺ എന്നിവയും യൂറിക് ആസിഡിന്റെ അളവ് കൂടും. പാൽ, മോര് എന്നിവ കുഴപ്പമില്ലെന്ന് പറയുന്നുണ്ടെങ്കിലും അധികം കഴിക്കാതിരിക്കുന്നതാണ് നല്ലത്. പാൽക്കട്ടി (പനീർ) ഒഴിവാക്കണം. ധാരാളം വെള്ളം കുടിക്കണം ( മൂന്നു ലിറ്റർ). പഴവർഗങ്ങൾ കഴിക്കണം. മദ്യപാനം നിർത്തണം, പ്രത്യേകിച്ച് ബീറ്.

## പ്രത്യേകം ശ്രദ്ധിക്കേണ്ടത്

ഹൈപ്പോതൈറോയ്ഡ് രോഗത്തിനോ, പ്രമേഹത്തിനോ, മറ്റസുഖങ്ങൾക്കോ മരുന്നുകൾ

കഴിക്കുന്നവരാണെങ്കിൽ യൂറിക് ആസിഡിന്റെ അളവ് കൃത്യമായി ഇടവേളകളിൽ നോക്കി കൂടുന്നില്ലെന്ന് ഉറപ്പു വരുത്തണം. ഒരിക്കൽ കൂടുതലായി കണ്ടാൽ വീണ്ടും കൂടുതലാകാനുള്ള സാധ്യതയുണ്ട്. നിങ്ങളുടെ ഡോക്ടറുടെ നിർദ്ദേശപ്രകാരം മരുന്നുകളിൽ ക്രമീകരണം വരുത്തുക. ഗൗട്ട് തുടങ്ങിയ അവസ്ഥകളിൽ ഉടനടി വൈദ്യസഹായം വേണ്ടി വരും. ഗൗട്ട് കാരണം 4, 5 ദിവസം ആശുപത്രിയിൽ കിടന്ന് യൂറിക് ആസിഡ് നിയന്ത്രണത്തിൽ കൊണ്ട് വന്നശേഷം ആയുർവ്വേദ ചികിത്സയ്ക്ക് വന്ന രോഗികൾ എനിക്ക് ധാരാളമുണ്ട്.

**യൂറിക് ആസിഡിന്റെ അളവ് നിയന്ത്രിക്കുന്നതിനുള്ള ചില ആയുർവ്വേദ ചര്യകൾ**

കൂടുതലുള്ള യൂറിക് ആസിഡ് വൈദ്യസഹായത്താൽ നിയന്ത്രണത്തിൽ കൊണ്ട് വന്നശേഷം തുടർന്നുള്ള പരിപാലനത്തിനായി ചില പ്രയോഗങ്ങൾ ശീലിക്കുന്നത് നല്ലതാണ്.

1. ബേക്കിങ് സോഡ : കാൽ ടീസ്പൂൺ ബേക്കിങ് സോഡ ഒരു ഗ്ലാസ്സ് വെള്ളത്തിൽ കലക്കി ദിവസേന 3, 4 ഗ്ലാസ്സ് വരെ കുടിക്കാം.
2. നാരങ്ങ വെള്ളം : ദിവസേന 2, 3 ഗ്ലാസ്സ് കുടിക്കുന്നത് നല്ലതാണ്. വൈറ്റമിൻ സി നല്ലതാണ്.
3. ഞെരിഞ്ഞിൽ : ഇട്ട് തിളപ്പിച്ച വെള്ളം കരിങ്ങാലി വെള്ളത്തിന് പകരമായി ഉപയോഗിക്കാം.
4. ഒലിവ് ഓയിൽ : ഉപയോഗിക്കുമ്പോൾ യൂറിക് ആസിഡ് കുറയുന്നത് കാണാറുണ്ട്.
5. സ്ഥിരമായി യോഗാഭ്യാസം ചെയ്യുക. വ്യായാമം ചെയ്ത് വിയർക്കണം.
6. കൂടുതൽ നാരുകളടങ്ങിയ ഭക്ഷണം ശീലിക്കുക
7. ബേക്കറി പലഹാരങ്ങൾ കഴിക്കരുത്.
8. ഭക്ഷണത്തിൽ കൂടുതൽ പ്രോട്ടീനുള്ള ഞണ്ട്, ചെമ്മീൻ, മുട്ട, ബീഫ് എന്നിവ കഴിയ്ക്കരുത്
9. കാർബണേറ്റഡ് പാനീയങ്ങൾ ഒഴിവാക്കുക.

**ശ്രദ്ധിക്കുക**

രക്തത്തിൽ കൂടുതലായുള്ള യൂറിക് ആസിഡ് ഒരു രോഗാവസ്ഥയാണ്. നിസ്സാരമായി കാണാതെ ആരോഗ്യപരമായ ജീവിത രീതിയിലും ഭക്ഷണക്രമത്താലും ഔഷധസേവയാലും നിയന്ത്രണത്തിൽ വരുത്തുക. നാട്ടിൽ ബീറും വൈനും സുലഭമായതിനാൽ ബീറു കുടിയൻമാർ പ്രത്യേകം ശ്രദ്ധിക്കുക ●

## 3-ാം ചരമവാർഷികം
**11.09.2016**



**ആർ. ഗോപിനാഥൻ**
ശ്രേയസ്സ്, കെ.വി. 59
പനമ്പിള്ളി നഗർ, കൊച്ചി 682036

## 22-ാം ചരമവാർഷികം
**28.09.2016**



**കെ. നന്ദകുമാർ**
ലക്ഷ്മി ഭവൻ
മുട്ടത്തിൽ ലെയ്ൻ, കടവന്ത്ര, കൊച്ചി 682 020



# ഉത്തമവിദ്യാഭ്യാസം

ഡോ.ഹരിഹരൻ.കെ

വിദ്യാഭ്യാസം ഇന്ന് ഒരു കലാമിറ്റിയാണ്. പക്ഷെ നമ്മളുടെ ഭരണകർത്താക്കൾ അതിനോട് ഒരിക്കലും യോജിക്കുകയില്ല. രാഷ്ട്രീയ നേതൃത്വത്തെ സംബന്ധിച്ചിടത്തോളം നാം എന്ന പൊതുജനം വെറും കഴുതകളാണ്. ചിന്തിക്കാനും പ്രതികരിക്കുവാനും കഴിവില്ലാത്ത ജീവികൾ. ജീവിതഭാരവും പേറി, ഭരണകർത്താക്കൾ പറയുന്നതെല്ലാം കണ്ണടച്ച് വിശ്വസിച്ച് പ്രാവർത്തികമാക്കാൻ വിധിക്കപ്പെട്ട ഇരുകാലി മൃഗങ്ങൾ മാത്രമാണ് നാം. അവർ പറയുന്നതുമാത്രം പഠിക്കുകയും അതനുസരിച്ചു മാത്രം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന മടിയൻമാരായ കുറെ യന്ത്ര മനുഷ്യരെ വാർത്തെടുക്കുകയാണ് ഇന്നത്തെ വിദ്യാഭ്യാസമെന്ന വിദ്യാ ആഭാസത്തിലൂടെ നടക്കുന്നത്. നാമും നമ്മളുടെ കുട്ടികളും മാനസ്സികമായി സ്വയം ചിന്തിക്കാനും പ്രവർത്തിക്കാനുമൊക്കെ കഴിവുള്ളവരായാൽ ഒരു പക്ഷെ ഭരണകർത്താക്കൾക്ക് ഒരു ഭീഷണി ആയി തീരാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ട് ഒരു നല്ല വിദ്യാഭ്യാസ സമ്പ്രദായം നാട്ടിൽ വളർന്നു വരുവാൻ അവർ ആഗ്രഹിക്കുകയോ, നടപ്പിലാക്കുകയോ ചെയ്യില്ല.

വിദ്യാഭ്യാസമെന്നത് ഇന്ന് കുറെ ആളുകൾക്ക് ഇവിടെ ഒരു വില്പന ചരക്കാണ്. വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ മൂല്യങ്ങളും ആശയങ്ങളുമൊന്നും ഉൾക്കൊള്ളാത്ത ഒരു കച്ചവടതന്ത്രം മാത്രമായി ഇന്ന് ഈ രംഗം. വിദ്യാർത്ഥികളേയും അവരുടെ രക്ഷകർത്താക്കളേയും സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസത്തിലൂടെ ഒരു ഉപജീവനമാർഗ്ഗം ഉണ്ടാക്കിയെടുക്കുക അല്ലെങ്കിൽ എങ്ങനെയും ഒരു ജോലി സമ്പാദിച്ചെടുക്കുക എന്നതിലുപരി മറ്റു ലക്ഷ്യങ്ങളൊന്നുമില്ല. അവർക്ക് വിദ്യാഭ്യാസ മെന്നാൽ ഒരു ജീവിതമാർഗ്ഗ ദർശനമാണ്. അതിനപ്പുറം ചിന്തിക്കുവാനോ മനസ്സിലാക്കുവാനോ പൊതുജനമെന്ന സാധാരണക്കാർക്ക് സാധിക്കുന്നില്ല. മറിച്ചു ചിന്തിച്ചാലും പ്രതികരിക്കുവാനുള്ള ധൈര്യവും ചങ്കൂറ്റവും അവർക്കില്ല എന്നതും ഒരു പരമാർത്ഥമാണ്. അതുകൊണ്ട് മാറി മാറി വരുന്ന ഗവൺമെന്റുകൾ നമ്മുടെ ഈ നിഷ്ക്രിയത്വത്തെ, അറിവില്ലായ്മയെ ഒരു പരിധിവരെ ചൂഷണം ചെയ്ത് നമ്മളുടെ കുട്ടികളെ മടിയൻമാരും, നിർവീര്യരും ബുദ്ധിശൂന്യരും ഒക്കെ ആക്കി എടുക്കാൻ ശ്രമിക്കുകയാണ്.ആപൽക്കരമായ ഈ അവസ്ഥ തുടർന്ന് പോകുന്നതിനെതിരെ പ്രതികരിക്കാൻ നമുക്ക് കഴിയണം. അതിന് ചെയ്യേണ്ടത് നമ്മുടെ സാധാരണ ജനങ്ങളെ ബോധവാൻമാരായി മാറ്റി എടുക്കുകയാണ്. വിദ്യാസമ്പന്നരായ വ്യക്തികൾ അതിനു തുനിഞ്ഞിറങ്ങണം. എന്താണ് ഉത്തമവിദ്യാഭ്യാസമെന്നും അതിന്റെ ആവശ്യകത എന്തെന്നും അതിലൂടെ ഓരോ വ്യക്തിക്കും ഉണ്ടാകാൻ പോകുന്ന ജീവിത മാർഗ്ഗങ്ങളെന്തൊക്കെയാണെന്നും അവരെ പറഞ്ഞു മനസ്സിലാക്കണം. അങ്ങനെ ഒരു ഉത്തമവിദ്യാഭ്യാസം ഇവിടെ നടപ്പിലാക്കാൻ ഒരു സാമൂഹികവിപ്ലവം തന്നെ നാം ഏറ്റെടുക്കേണ്ടി വന്നേക്കാം.

വിദ്യാഭ്യാസം വളരെ ഉദ്ദേശ ശുദ്ധിയുള്ള ഒരു കർമ്മമാണ്. ഒരു കുട്ടിയുടെ മാനസീകവും ശാരീരികവും ബുദ്ധിപരവുമായ വളർച്ചയും ഉയർച്ചയുമാണ് നാം വിദ്യാഭ്യാസത്തിലൂടെ ലക്ഷ്യമിടേണ്ടത്. അത് വളരെ സുബോധത്തോടെ വിഭാവനം ചെയ്യപ്പെടേണ്ട ഒരു കർമ്മമാണ്. ലക്ഷ്യമില്ലാത്ത വിദ്യാഭ്യാസം തുഴയില്ലാത്ത, തുഴക്കാരനില്ലാത്ത ഒരു വഞ്ചിപേലെയാണ്. അതുകൊണ്ട് നല്ല ലക്ഷ്യ ബോധമുള്ള ഒരു ജീവിതം ഒരു വ്യക്തിക്ക് ഉണ്ടാകുവാൻ ലക്ഷ്യത്തോടെയുള്ള ഉദ്ദേശശുദ്ധിയോടെയുള്ള ഉത്തമവിദ്യാഭ്യാസം ആ വ്യക്തിക്ക് ഉറപ്പു വരുത്തണം. ആ ലക്ഷ്യം ഒരിക്കലും സ്ഥായി ആയി നിലക്കൊള്ളുന്നതാവാൻ പാടില്ല. കാലോചിതമായ മാറ്റങ്ങൾ വിദ്യാഭ്യാസരീതിയിലുടനീളം നടപ്പിലാക്കുകയും വേണം.

ഇൻഡ്യൻ സംസ്കാരം ലോകത്തിലെ തന്നെ വളരെ പുരാതനമാണ്. അതുപോലെ നമ്മളുടെ വിദ്യാഭ്യാസ സംസ്കാരവും ഇൻഡ്യയിലെ പുരാതന വിദ്യാഭ്യാസ സംസ്കാരം ഇൻഡ്യൻ തിയറി ഓഫ് നോളജിൽ അധിഷ്ഠിതമായിരുന്നു. ജ്ഞാന സമ്പാദനമായിരുന്നു വിദ്യാഭ്യാസത്തിന്റെ അന്തസ

ത്ത. അതോടൊപ്പം സാമൂഹികവും സാംസ്കാരിക വുമായ പരിവർത്തനങ്ങൾക്കും വേണ്ട ഊന്നൽ കൊടുത്തിരുന്നു. വിദ്യാഭ്യാസത്തിലൂടെ ഒരു ജീവിത മാർഗ്ഗം കണ്ടെത്തുക എന്നതും വ്യക്തിസ്വഭാവ രൂപികരണവും ധർമ്മനിഷ്ഠയും എല്ലാം അതിന്റെ ഭാഗങ്ങളായിരുന്നു.

മദ്ധ്യകാലഘട്ടത്തിൽ മതപരമായ ആദർശങ്ങ ൾക്കും സിദ്ധാന്തങ്ങൾക്കുമാ യിരുന്നു വിദ്യാഭ്യാസ ത്തിൽ കൂടുതൽ പ്രാധാന്യം. മതാധിഷ്ഠിത പ്രമാണങ്ങ ളും വേദാന്ത പഠനങ്ങളുമായിരുന്നു അന്ന് വിദ്യാഭ്യാസ വിഷയങ്ങൾ. വ്യക്തികളിൽ ആദ്ധ്യാത്മികവും സാൻമാർഗ്ഗികവുമായ ജ്ഞാനം വളർത്തി എടുക്കുക ആയിരുന്നു വിദ്യാഭ്യാസത്തിന്റെ പ്രഥമ ലക്ഷ്യം.

ബ്രിട്ടീഷ് ഭരണകാലത്ത് നമ്മളുടെ പ്രാചീന ചിന്താഗതികളെല്ലാം പിഴുത് എറിയപ്പെട്ടു. നാട്ടിൽ മുഴുവൻ അവരുടെ കൊളോണിയൽ താല്പര്യങ്ങൾ പരിരക്ഷിക്കപ്പെടുന്ന രീതിയിലുള്ള ഒരു വിദ്യാഭ്യാസ സമ്പ്രദായം നടപ്പിലാക്കി. ബ്രിട്ടീഷുകാരെ സംബന്ധി ച്ചിടത്തോളം അപ്രധാനങ്ങളായ താഴ്ന്ന സ്ഥാന മാനങ്ങൾ മാത്രം ഇൻഡ്യക്കാരായ വ്യക്തികൾ വഹിച്ചാൽ മതിയെന്ന ഉത്തമവിശ്വാസത്തോടെ ഉള്ള ഒരു നയം അവർ ഇവിടെ നടപ്പിലാക്കി. ഒരു പരിധിവരെ ഇന്നും ഇൻഡ്യയിൽ പലയിടങ്ങളിലും നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായം വലിയ മാറ്റങ്ങളൊന്നും ഇല്ലാതെ അതേപടി നിലക്കൊള്ളുന്നു എന്നതാണ് വാസ്തവം. ഒരു വ്യത്യാസം മാത്രം. വെള്ളക്കാരായ സായിപ്പൻമാർക്കു പകരം കൊള്ളക്കാരായ കുറെ നാട്ടുരാജാക്കൻമാരാണ് അങ്ങനെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നതെന്നുമാത്രം.

സ്വാതന്ത്ര്യ ലബ്ധിക്കുശേഷം വിശാലവീവക്ഷ ണമുള്ള നമ്മളുടെ നേതാക്കൾ ബ്രിട്ടീഷ് വിദ്യാഭ്യാസ സമ്പ്രദായത്തിലെ തെറ്റുകളും പോരായ്മകളും മനസ്സിലാക്കുകയും സാർവ്വർത്തികമായ പല മാറ്റ ങ്ങളും പുനരാവിഷ്കരിക്കുകയും ചെയ്തു. പിൻകാല ങ്ങളിൽ പല വിദ്യാഭ്യാസ വിദഗ്ദ്ധരടങ്ങിയ കമ്മിറ്റികളും കമ്മീഷനുകളും വിദ്യാഭ്യാസനയങ്ങളെ ക്കുറിച്ചും അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ഒരു പാട് പഠനങ്ങളും സെമിനാറുകളും മറ്റും ന ടത്തുകയും അഭിപ്രായസമന്വയങ്ങൾ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. പക്ഷെ പറയത്തക്ക മാറ്റങ്ങളൊന്നും പ്രാവർത്തിക മാക്കാൻ മാറി മാറി വന്ന ഗവൺ മെന്റുകൾക്ക് കഴിഞ്ഞിട്ടില്ല എന്നത് ഒരു വസ്തുത യാണ്.

മുകളിൽ പ്രസ്താവിച്ച പഠനങ്ങളിൽ നിന്നും വിദഗ്ധകമ്മീഷൻ റിപ്പോർട്ടുകളിൽ നിന്നും ഒക്കെ അടർത്തിയെടുത്ത ചില മൂല്യങ്ങളുമാണ് നാം ഇവിടെ ഉത്തമ വിദ്യാഭ്യാസത്തിന്റെ പ്രധാന ഘടക ങ്ങളായി ഉദ്ധരിക്കുന്നത്.

### വിദ്യാഭ്യാസം ഒരു ആജീവനാന്ത പ്രക്രീയ ആക്കണം.

വിദ്യാഭ്യാസത്തെ നമുക്ക് മൂന്ന് തരത്തിൽ ചിന്തിക്കാം. ജ്ഞാനം, വിഷയം, തുടർ പ്രക്രിയ. ഒരു വ്യക്തി ഒരു ഡിഗ്രിയും അതിനോടൊത്ത ജ്ഞാനവും കരസ്ഥമാക്കിയാൽ അയാൾ വിദ്യാസമ്പന്നനെന്നും അറിവുള്ള വ്യക്തിയെന്നും സമൂഹം കണക്കാക്കും. അതേപോലെ ഒരു വ്യക്തി ഒരു വിഷയത്തിൽ പ്രാഗത്ഭ്യം നേടുകയും ഉന്നതിയിൽ എത്തുകയും ചെയ്താൽ അത് വിദ്യാഭ്യാസത്തിന്റെ മറ്റൊരു രൂപ മായി മാറും. എന്നാൽ വിദ്യാഭ്യാസം അഥവാ പ ഠനം ഒരു ഡിഗ്രിയിലോ, വിഷയത്തിലോ അവസാനി ക്കുന്നതല്ല മറിച്ച് അത് ഒരു ആജീവനാന്ത പ്ര ക്രിയയാണ്. ജനിച്ച നാൾ മുതൽ മരിക്കുന്നതു വരെ ഓരോ വ്യക്തിയും അയാളുടെ മാതാപിതാക്കളിൽ നിന്നും, സാഹചര്യങ്ങളിൽ നിന്നും, സമൂഹത്തിൽ നിന്നും, വിദ്യാലയങ്ങളിൽ നിന്നും, അദ്ധ്യാപകരിൽ നിന്നും കർമ്മ മണ്ഡലങ്ങളിൽ നിന്നും ഒക്കെ പ ലതും പഠിച്ചു കൊണ്ടിരിക്കും. പ്രധാനമായും ഒരു വ്യക്തിയുടെ അനുഭവങ്ങളിലൂടെയാണ് കൂടുതൽ അറിവ് അഥവ ജ്ഞാനം ഉൾക്കൊള്ളുന്നത്. അത് നിലയ്ക്കാത്ത ഒരു പ്രഭാവമായി അയാളിലേക്ക് എത്തികൊണ്ടിരിക്കും, അറിഞ്ഞോ അറിയാതെയോ.

### വിദ്യാഭ്യാസ ലക്ഷ്യം ജ്ഞാനസമ്പാദനമാകണം.

വിദ്യാധനം സർവ്വധനാൽ പ്രധാനം എന്ന ആപ്ത വാക്യം വളരെ അർത്ഥവത്താണ്. ജീവിതത്തിൽ എത്രമാത്രം സമ്പാദിച്ചാലും അതൊന്നും നമ്മളു ടെ അറിവിനോളം വിലമതിക്കപ്പെടില്ല. സമൂഹത്തി ൽ ജ്ഞാനികളായ വ്യക്തികൾക്ക് കിട്ടുന്ന സ്ഥാനമാനങ്ങളും ബഹുമാനവും പണം കൊണ്ട് ധനവാനായ ഒരു വ്യക്തിക്ക് കിട്ടുകയില്ല. വിദ്യാഭ്യാ സത്തിലൂടെ നാം പരമാവധി അറിവ് കരസ്ഥമാ ക്കണം, അങ്ങനെ നാം അറിവിന്റെ ഒരു കലവറ ആയി തീരണം. അതായിരിക്കണം നമ്മുടെ വിദ്യാഭ്യാസ ലക്ഷ്യം. അറിവിന്റെ ഉറവിടം അദ്ധ്യാപകരും പാഠപുസ്തകങ്ങളുംഅനുഭവസമ്പത്തുംആയിരിക്കും. ഒരു പൈപ്പിലൂടെ ജലം ഒഴുകി എത്തുന്നതുപോലെ ജ്ഞാനം വ്യക്തി യിലേക്ക് ഒഴുകി എത്തണം. ഈ ചിന്താഗതിയെ 'Gold Sack Theory' എന്നാണ് വിശേഷിപ്പിക്കാറ്.

**വിദ്യാഭ്യാസം ഒരു വ്യക്തിയെ രൂപകല്പന ചെയ്ത് എടുക്കുന്നതാവണം.**

വ്യക്തിത്വ വികസനമാകണം വിദ്യാഭ്യാസത്തിന്റെ ഒരു പ്രധാന ലക്ഷ്യം. ഒരു വ്യക്തിയുടെ ശാരീരികവും മാനസ്സീകവും ബുദ്ധിപരവുമായ കഴിവുകളെ എല്ലാം ഉണർത്തിയെടുത്ത് വേണ്ട രിതിയിൽ പരിപോഷിപ്പിച്ച് വളർത്തി എടുക്കേണ്ട ധർമ്മം വിദ്യാഭ്യാസത്തിനുണ്ട്. ഒരു വ്യക്തിയുടെ ശരീര വളർച്ചയ്ക്ക് അനുസരിച്ചാണ് അവന്റെ മാനസ്സിക വളർച്ചയും ബുദ്ധിവികസനവും. നല്ല ആരോഗ്യമുള്ള ശരീര വളർച്ചയ്ക്ക് നല്ല ഭക്ഷണവും വ്യായാമവും വേണം. അതുപോലെ മനസ്സിനെ വിദ്യാഭ്യാസത്തിലൂടെ നല്ല ശീലത്തിലൂടെ ചെറുപ്പം മുതൽ വളർത്തിക്കൊണ്ടുവരണം. മറ്റുള്ളവരെ സ്നേഹിക്കാനും, ബഹുമാനിക്കാനും, ഇടപഴകാനും നല്ല രീതിയിൽ പെരുമാറാനും ഒക്കെ മനസ്സിനെ പഠിപ്പിക്കണം. മനസ്സും, ശരിരവും നന്നായാൽ ബുദ്ധിയും വികസിക്കും. ബുദ്ധി വികസിച്ചാൽ മാത്രമേ അതു വേണ്ട രീതിയിൽ മുനഷ്യന് ഉപകാരപ്രദമാകൂ. ഇവയെല്ലാം നാം വിദ്യാഭ്യാസത്തിലൂടെ നമ്മുടെ അനുഭവ ജ്ഞാനത്തിലൂടെ നേടി എടുക്കണം.

**വിദ്യാഭ്യാസം വ്യക്തികളെ നിലവാരമുള്ള ഒരു നല്ല ജീവിതത്തിലേയ്ക്ക് നയിക്കുന്ന താവണം**

ഒരു വ്യക്തിയെ ജീവിതത്തിലേയ്ക്ക് നയിക്കുന്ന ഒരു പ്രധാന ഘടകമാണ് വിദ്യാഭ്യാസം. ഒരു കുട്ടിക്ക് അവന്റെ താൽപര്യങ്ങളും, ബുദ്ധിയും, കഴിവുകളും, പെരുമാറ്റവും, സ്വാഭാവവും, മനോഭാവവും ഒക്കെ ഉപയോഗപ്രദമായ രീതിയിൽ സാമൂഹ്യതലത്തിന് സ്വീകാര്യമായ രീതിയിൽ വിദ്യാഭ്യാസത്തിലൂടെ ഡയറക്ട് ചെയ്യപ്പെടണം. അതിലൂടെ ആ വ്യക്തിക്ക് അയാളുടെ കഴിവുകൾക്ക് അനുസൃതമായ ഒരു ജീവിതമാർഗ്ഗം കണ്ടെത്താൻ കഴിയണം. അതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ അദ്ധ്യാപ കരിൽ നിന്നും രക്ഷകർത്താക്കളിൽ നിന്നും, സമൂഹത്തിൽ നിന്നും ആ വ്യക്തിക്ക് കിട്ടണം.

**വിദ്യാഭ്യാസം ഒരു വ്യക്തിയുടെ ഭാവി ജീവിതം സുഗമമാക്കാൻ സഹായിക്കുന്ന താവണം**

ഒരു വ്യക്തിയുടെ കർത്തവ്യങ്ങളും ഉത്തരവാദിത്വങ്ങളും അവകാശങ്ങളുമൊക്കെ മനസ്സിലാക്കി കൊടുത്ത് ഒരു ഉത്തമ ജീവിതം ഉണ്ടാക്കി കൊടുക്കുകയാണ് വിദ്യാഭ്യാസ ധർമ്മം. നല്ല വിദ്യാഭ്യാസം വ്യക്തിയിൽ മാനസ്സീകവും ശാരീരികവും ശാസ്ത്രീയവും ബുദ്ധിപരവുമായ പരിവർത്തനങ്ങൾ വരുത്തിയിരിക്കും. അതിലൂടെ അയാളുടെ കഴിവുകളും പെരുമാറ്റവുമൊക്കെ വേണ്ട രിതിയിൽ പ്രായോഗികമാക്കാനും എല്ലാ പ്രവർത്തിയിലും വിജയിക്കാനും ഭാവിജീവിതം സുഗമമാക്കാനും സാധിക്കും.

**വിദ്യാഭ്യാസം മനസ്സിന്റെ കഴിവുകളെ പ്രായോഗികമായി വിനിയോഗിക്കാൻ പഠിപ്പിക്കണം**

മനശ്ശാസ്ത്രത്തിലെ Faculty Theory അനുസരിച്ച് മനസ്സിന് പല തരത്തിലുള്ള കഴിവുകൾ ഉണ്ട്. മെമ്മറി, അറ്റൻഷൻ, റീസണിംഗ്, ഇമാജിനേഷൻ, പെർസപ്ഷൻ തിങ്കിംഗ്, ജഡ്ജ്മെന്റ് മുതലായവയാണ് അവ. ഈ കഴിവുകളെയെല്ലാം ഉദ്ധരിച്ചെടുത്ത് പരിപോഷിപ്പിച്ച് പ്രായോഗിക തലത്തിൽ എത്തിക്കേണ്ടത് വിദ്യാഭ്യാസത്തിലൂടെയാണ്. ഇത്തരം കഴിവുകളാണ് മനസ്സിന്റെ കരുത്ത്. ഈ കഴിവുകളിലൂടെയാണ് നാം ജ്ഞാന സമ്പാദനം പൂർത്തികരിക്കുന്നത്. പുറമെ നിന്നും മനസ്സിലെത്തുന്ന ഇൻഫർമേഷൻസിനെ മുകളിൽ പ്രസ്താവിച്ച കഴിവുകൾ ഉപയോഗിച്ച് വിശകലനം ചെയ്യപ്പെടുകയും അവയുടെ അന്തസത്ത മനസ്സ് ഉൾക്കൊള്ളു കയും ചെയ്യുമ്പോഴാണ് ജ്ഞാനസമ്പാദനം പൂർത്തികരിക്കപ്പെടുന്നത്. അങ്ങനെ നമ്മുടെ മനസ്സിനെ ചിട്ടപ്പെടുത്തി മാനസ്സികമായ എല്ലാ കഴിവുകളും ഉപയോഗപ്പെടുത്തി എടുക്കുന്ന മഹാകർമ്മമാണ് വിദ്യാഭ്യാസത്തിലൂടെ നാം നേടി എടുക്കേണ്ടത്.

**വിദ്യാഭ്യാസം കാലോചിത മാറ്റങ്ങൾ ഉൾക്കൊണ്ടതാവണം.**

മാറ്റം പ്രകൃതിയുടെ നിയമമാണ്. മാറ്റത്തിനനുസരിച്ചുള്ള വളർച്ചയും അഭിവൃദ്ധിയും ഒരു വ്യക്തിക്ക് അനിവാര്യമാണ്. മാറ്റത്തിനനുസരിച്ച് വ്യക്തിത്വം മാറണം, അഥവാ മാറ്റങ്ങൾ ഉൾക്കൊള്ളുവാൻ വ്യക്തികൾക്ക് സാധിക്കണം. എങ്കിൽ മാത്രമെ അയാൾക്ക് ജീവിതത്തിൽ അഭിവൃദ്ധി ഉണ്ടാവുകയുള്ളു. അതുകൊണ്ട് വിദ്യാഭ്യാസം മാറ്റത്തിനനുസരിച്ചുള്ള വ്യക്തി വികസനം സാദ്ധ്യമാക്കണം.

വിവിധ ജീവിത സാഹചര്യങ്ങളുമായി അഡ്ജസ്റ്റ് ചെയ്ത് ജീവിക്കാനുള്ള കഴിവുകൾ വിദ്യാഭ്യാസം ഒരു വ്യക്തിക്ക് നേടി ക്കൊടുക്കണം

ഒരാളുടെ വ്യക്തി വികസനത്തിന് അഡ്ജസ്റ്റ്മെന്റ് വളരെ അത്യന്താ പേക്ഷിതമാണ്. മറ്റുള്ളവരുമായി സഹകരിച്ച് പ്രവർത്തി എടുക്കാനും സാഹചര്യങ്ങൾക്കനുസൃതമായി പ്രവർത്തിക്കുവാനും

സാധിക്കാത്ത വ്യക്തിത്വം തികച്ചും പരാജയ മായിരിക്കും. വിദ്യാഭ്യാസം ഒരാൾക്ക് നേടി കൊടു ക്കേണ്ട പരമപ്രധാന സംഭാവനകളി ലൊന്നാണ്, അഡ്ജസ്റ്റ്മെന്റ് അത് നല്ല മനസ്സോടെ സ്വമേധയ പാലിക്കപ്പെടേണ്ട ഒരു കാര്യമാണ്.

വിദ്യാഭ്യാസം തികച്ചും ഒരു സാമൂഹിക പ്രക്രിയ ആകണം

